
www.facebook.com/samakalikajanapadham/
സമകാലിക
ജനപഥം
ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ
പുസ്തകം 9 ലക്കം 1
2022 ആഗസ്റ്റ് ₹ 12
ഹരിതകേരളത്തിലെ സുവർണപാത
ദേശീയപാത വികസനം
അഭിമാനകരം ഈ മുന്നേറ്റം
തീരദേശ ഹൈവേ
കേരളത്തിന്റെ സൗന്ദര്യമറിയാൻ
സവിശേഷപാത
സ്വാതന്ത്ര്യസമരം കേരളത്തിൽ
വിജ്ഞാനമേഖലയിലെ കേരള മോഡൽ



GST ബില്ലുകൾ
അപ്‌ലോഡ് ചെയ്യു
സമ്മാനങ്ങൾ നേടൂ...
നികുതി
നമുക്കും
നാടിനും
DOWNLOAD
LUCKY BILL
മൊബൈൽ
ആപ്പ്
5 ₹ കോടി
രൂപയുടെ സമ്മാനങ്ങൾ
പ്രതിദിന നറുക്കെടുപ്പ്
കുടുംബശ്രീ, വനശ്രീ
ഗിഫ്റ്റ് പാക്കേജ്
പ്രതിവാര നറുക്കെടുപ്പ്
KTDC ഫാമിലി പാക്കേജ്
പ്രതിമാസ നറുക്കെടുപ്പ്
ക്യാഷ് പ്രൈസുകൾ
ഒന്നാം സമ്മാനം ₹ 10,000,00
രണ്ടാം സമ്മാനം ₹ 2,000,00 X 5
മൂന്നാം സമ്മാനം ₹ 1,000,00 X 5
ബംബർ നറുക്കെടുപ്പ്
₹25
ലക്ഷം
കേരള സർക്കാർ
KERALA
GST
State Goods & Services Tax

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
**ജാഫർ മാലിക് ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൽ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ-ഇൻ-ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**സതികുമാർ റ്റി. എസ്**
സർക്കുലേഷൻ ഓഫീസർ
**കെ. ബി. ശ്രീകല**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി. എസ്**

August 1, 2022, Volume 9, Issue 1
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
prdmalayalam@gmail.com
0471-2518171

വാർഷിക വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ലിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ
വിഭാഗം, 1-ാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
എന്ന വിലാസത്തിൽ അയയ്ക്കുക.

0471-2517036

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.

സമകാലിക
ജനപഥം
2022 ആഗസ്റ്റ് 1
പുസ്തകം 9 ലക്കം 1

# കേരളത്തിന്റെ സുവർണപാതകൾ



കേരളത്തിന്റെ സർവതലസ്പർശിയായ വികസനത്തിൽ അടിസ്ഥാനസൗകര്യ മേഖലയ്ക്ക് നിർണ്ണായകപങ്കുണ്ട് എന്ന കാഴ്ചപ്പാടെയാണ് സംസ്ഥാന സർക്കാർ മുന്നോട്ടുനീങ്ങുന്നത്. സംസ്ഥാനത്തിന്റെ പശ്ചാത്തലവികസനത്തിൽ ഈടുറ്റ മുന്നേറ്റം സൃഷ്ടിക്കാനുതകുന്ന നിരവധി അഭിമാനപദ്ധതികളുടെ പൂർത്തീകരണം സുപ്രധാനദൗത്യമായി രണ്ടാം പിണറായി വിജയൻ സർക്കാർ ഏറ്റെടുത്തിരിക്കുന്നതും ഈ പരിപ്രേക്ഷ്യത്തിലാണ്. വ്യവസായ മുന്നേറ്റത്തിനും വിനോദസഞ്ചാരമേഖലയുടെ വളർച്ചയ്ക്കും മറ്റും ഗതാഗതക്കുരുക്കും സമയനഷ്ടവും ഉണ്ടാക്കാത്ത സുഗമയാത്ര അനിവാര്യമാണെന്നോർക്കാം. ദേശീയപാത വികസനം, തീരദേശ, മലയോരപാതകളുടെ നിർമ്മാണം ഉൾപ്പെടെ നമ്മുടെ പാതകളുടെ വികസനം ഇതിന്റെ ഭാഗമാണ്. ദേശീയപാത, മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവയുൾപ്പെടെ റോഡ് വികസനത്തിൽ സംസ്ഥാന സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള നടപടികളുടെ ഭാഗമായി ഗണ്യമായ പുരോഗതിയുണ്ടായിട്ടുണ്ട്. അതിൽതന്നെ സർക്കാർ നടത്തിയ നിരന്തരമായ ഇടപെടലാണ് ദേശീയപാത വികസനത്തിൽ വലിയതോതിൽ മുന്നേറ്റമുണ്ടാക്കിയത്. ദേശീയപാത ഉൾപ്പെടെ സംസ്ഥാനത്തിന്റെ ജീവനാഡികളായ പാതകളുടെ വികസനമാണ് ഈ ലക്കം സമകാലിക ജനപഥം ചർച്ച ചെയ്യുന്നത്.

ഒപ്പം രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആദ്യ പത്തിലൊന്നായും നാക് ഗ്രേഡിങ്ങിൽ ഏറ്റവും ഉയർന്ന സ്കോർ നേടിയ സംസ്ഥാന സർവകലാശാലയായും കേരള സർവകലാശാല മാറിയതിന്റെ പശ്ചാത്തലത്തിൽ ഉന്നത വിദ്യാഭ്യാസമേഖലയിലെ കേരള മോഡൽ എങ്ങനെ സവിശേഷമാകുന്നുവെന്ന് അറിയാം. 'ആസാദി കാ അമൃത് മഹോത്സവ്' രാജ്യം ഉത്സവാന്തരീക്ഷത്തിൽ ആഘോഷിക്കുന്ന ഈ വേളയിൽ നാടിന്റെ സ്വാതന്ത്ര്യപ്പോരാട്ടത്തിൽ കേരളത്തിന്റെ പങ്കിനെക്കുറിച്ചുള്ള അന്വേഷണവും വായനക്കാർക്ക് പ്രയോജനപ്രദമാവുമെന്ന് പ്രത്യാശിക്കുന്നു.

**ജാഫർ മാലിക് ഐ.എ.എസ്**
എഡിറ്റർ





32-42 കേരളത്തിലെ പ്രധാന സർവകലാശാലകൾ കോഴ്സുകൾ

6 ദേശീയപാത വികസനം അഭിമാനകരം ഈ മുന്നേറ്റം
പിണറായി വിജയൻ
മുഖ്യമന്ത്രി

10 കേരളം കുതിക്കുകയാണ്
പി എ മുഹമ്മദ് റിയാസ്

14 കേരളത്തിന്റെ സൗന്ദര്യമറിയാൻ സവിശേഷപാത
പി. ശ്രീരാജ് / രാഹുൽ വി. ടി

18 സംരക്ഷിക്കണം ഫെഡറലിസത്തെ

22 സ്വാതന്ത്ര്യസമരം കേരളത്തിൽ
പ്രൊഫ. വി. കാർത്തികേയൻ നായർ




26 വിജ്ഞാനമേഖലയിലെ കേരള മോഡൽ
ഡോ. ആർ ബിന്ദു

30 അഭിമാന സർവകലാശാല
ഡോ. എസ്.നസീബ്

43 ഓണക്കാലം ആമോദത്തോടെ
അഡ്വ. ജി. ആർ. അനിൽ

46 കാഴ്ചയുടെ ആവാസവ്യവസ്ഥ
കെ പി ജയകുമാർ


50 ഇലവീഴാ പൂഞ്ചിറ, കോട്ടയത്തിന്റെ മിടുമിടുക്കി
ദിപു വിജയ്



പിണറായി വിജയൻ
മുഖ്യമന്ത്രി

# ദേശീയപാത വികസനം
# അഭിമാനകരം ഈ മുന്നേറ്റം

**നമ്മുടെ നാടിന്റെ വികസനത്തിന് ഈടുറ്റതും മെച്ചപ്പെട്ടതുമായ ഗതാഗത സംവിധാനം വേണമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് പലതരം പ്രതിസന്ധികൾക്കിടയിലും റോഡുകളും പാലങ്ങളും ഉൾപ്പെടെ അടിസ്ഥാന സൗകര്യ വികസനം സർക്കാർ തടസ്സം കൂടാതെ സാധ്യമാക്കി വരുന്നത്. അതിലൂടെ പശ്ചാത്തല സൗകര്യ വികസനത്തിൽ പ്രകടമായ മാറ്റമാണ് അനുഭവവേദ്യമാക്കുന്നത്. ദേശീയ പാത, മലയോര ഹൈവേ, തീരദേശ ഹൈവേ തുടങ്ങി റോഡ് വികസനത്തിൽ ഇതിനകം കേരളത്തിന് ഏറെ മുന്നേറാൻ സാധിച്ചിട്ടുണ്ട്**



ദേശീയപാത വികസനത്തിൽ കേരളത്തിൽ കഴിഞ്ഞ ആറ് വർഷം കൊണ്ട് ഗണ്യമായ മുന്നേറ്റമാണ് ഉണ്ടായത്. പാലക്കാട്, മലപ്പുറം, കോഴിക്കോട് (എൻഎച്ച് 966), കൊച്ചി, മൂന്നാർ, തേനി (എൻഎച്ച് 85), കൊല്ലം, ചെങ്കോട്ട (എൻഎച്ച് 744) എന്നീ ദേശീയപാതകളുടെ വികസനം നാഷണൽ ഹൈവേ അതോറിറ്റിയുടെ പരിഗണനയിൽ വന്നതുതന്നെ സർക്കാരിന്റെ നിരന്തരമായ ഇടപെടലിന്റെ ഫലമായാണ്. തലസ്ഥാന നഗരത്തിന്റെ വികസനത്തിന് വലിയ തോതിൽ ഉതകുന്ന തിരുവനന്തപുരം ഔട്ടർ റിങ് റോഡ് പദ്ധതി സംസ്ഥാനത്തിന് അനുവദിച്ചുകിട്ടിയതും ദേശീയപാത വികസനത്തിലെ നിർണ്ണായക നേട്ടമാണ്.

ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ കേന്ദ്രസർക്കാരാണ് മറ്റു സംസ്ഥാനങ്ങളിൽ നഷ്ടപരിഹാരത്തുക നൽകുന്നത്. കേരളത്തിലെ ഉയർന്ന ഭൂമിവില ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ അതിൽ നിന്ന് പിന്മാറി. അതോടെ ഭൂമിവിലയുടെ 25 ശതമാനം സംസ്ഥാനം വഹിക്കുകയും ആ തുക മുൻകൂറായി ദേശീയപാത അതോറിറ്റിക്ക് കൈമാറുകയും ചെയ്താണ് ഈ സർക്കാർ ദേശീയപാത വികസനം സാധ്യമാക്കിയത്.

ദേശീയപാത 66ന്റെ വികസനത്തിനായി 1081 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിയിരുന്നത്. ഇതിൽ 1065 ഹെക്ടർ ഏറ്റെടുത്തുകഴിഞ്ഞു. 98.51 ശതമാനം ഭൂമി ഏറ്റെടുക്കലാണ് പൂർത്തിയാക്കിയത്. 2020 ഒക്ടോബർ 13 ന് ദേശീയപാത 66 ന്റെ ഭാഗമായുള്ള 11,571 കോടിയുടെ ആറ് പദ്ധതികളാണ് കേന്ദ്രമന്ത്രി നിധിൻ ഗഡ്കരി ഉദ്ഘാടനം ചെയ്തത്. സംസ്ഥാനത്ത് ദേശീയപാത വികസനത്തിന്റെ ഭാഗമായി ആകെ 21,940 കോടിയുടെ നഷ്ടപരിഹാര പാക്കേജാണ് തയ്യാറാക്കിയത്. 2022 ജൂലൈ 16 ന്റെ കണക്കനുസരിച്ച് 19,878 കോടി രൂപ വിതരണം ചെയ്തു.

ദേശീയപാത 66ലെ 21 റീച്ചിലെ പ്രവൃത്തിയാണ് നടത്തേണ്ടത്. ഇതിൽ 15 റീച്ചിൽ പ്രവൃത്തി പുരോഗമിക്കുകയാണ്. ആറ് റീച്ചിൽ അവാർഡ് ചെയ്ത് പ്രാഥമിക പ്രവർത്തനങ്ങൾ നടക്കുന്നു. അരൂർ - തുറവൂർ സ്ട്രെച്ചിൽ എലവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിനുള്ള ഡിപിആറും തയ്യാറാക്കുന്നുണ്ട്.

2011-16 ലെ സർക്കാർ ദേശീയപാത വികസനത്തിൽ കടുത്ത അലംഭാവം കാട്ടി. സംസ്ഥാനം വേണ്ട രീതിയിൽ ഇടപെടൽ നടത്താഞ്ഞതിനാൽ ഈ കാലയളവിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ പരിപൂർണ്ണ

ശ്രദ്ധയും വിഭവങ്ങളും നമുക്ക് നഷ്ടപ്പെട്ടു. അയൽ സംസ്ഥാനങ്ങളിൽ കേന്ദ്രീകരിക്കുന്ന അവസ്ഥവന്നു. സമയബന്ധിതമായി സ്ഥലം ഏറ്റെടുത്ത് നൽകിയില്ലെങ്കിൽ കേരളത്തിൽ ദേശീയപാത വികസനം അവസാനിപ്പിക്കുമെന്ന് ദേശീയപാത അതോറിറ്റി വ്യക്തമാക്കി. എന്നിട്ടും ഒന്നും നടക്കാതെ വന്നപ്പോഴാണ് ദേശീയപാത അതോറിറ്റി അവരുടെ ഓഫീസ് അടച്ച് കേരളം വിട്ടത്.

2014 ജൂലൈ നാലിന് കേന്ദ്ര റോഡ് ട്രാൻസ്പോർട് & ഹൈവേ മന്ത്രി അന്നത്തെ മുഖ്യമന്ത്രിക്കെഴുതിയ കത്തിൽ ദേശീയപാത വികസനത്തിനായുള്ള 80% ഭൂമിയെങ്കിലും ഏറ്റെടുത്ത് കേന്ദ്ര സർക്കാരിന് നൽകിയാൽ മാത്രമേ നാഷണൽ ഹൈവേ അതോറിറ്റിക്ക് വീണ്ടും പദ്ധതി ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂവെന്നാണ് വ്യക്തമാക്കിയിരുന്നത്. എന്നാൽ ഭൂമി ഏറ്റെടുക്കൽ പ്രക്രിയയിൽ പിന്നീടും ഒരു പുരോഗതിയും ഉണ്ടായില്ല.

2016 വരെയുള്ള കാലയളവിൽ 27 കിലോമീറ്റർ നീളമുള്ളതും പുതിയതായി ഭൂമി ഏറ്റെടുക്കേണ്ടതില്ലാത്തതുമായ തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം മാത്രമാണ് ആരംഭിച്ചത്. 2015 ലാണ് അത് ആരംഭിച്ചത്. ആകെയുള്ള 645 കിലോമീറ്ററിൽ വെറും 27 കിലോമീറ്ററാണ് തിരുവനന്തപുരം ബൈപ്പാസ്. മുക്കോല മുതൽ കാരോട് വരെയുള്ള 16 കിലോമീറ്റർ പാതയ്ക്ക് അക്കാലത്ത് ഭൂമി ഏറ്റെടുത്തു എന്നത് മാത്രമാണ് അക്കാലത്തെ സംഭാവന.

2016 ൽ അധികാരത്തിൽ വന്നപ്പോൾ ജനങ്ങളെ വിശ്വാസത്തിലെടുത്ത് ദേശീയ പാത വികസനം സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന ഉറപ്പാണ് എൽ ഡി എഫ് സർക്കാർ നൽകിയത്. സംസ്ഥാനത്തിന്റെ വികസന പദ്ധതികൾക്ക് സ്ഥലം വിട്ടുനൽകേണ്ടിവരുന്നവർ ഒരുതരത്തിലും ദുഃഖിക്കേണ്ടിവരില്ല എന്നു അന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. ഭൂമി നഷ്ടപ്പെടുന്നവരുടെ കൂടെ സർക്കാരുണ്ടാകുമെന്നും നഷ്ടപരിഹാരവും പുനഃരധിവാസവും ഉറപ്പാക്കുമെന്നും ജനങ്ങളെ ബോധ്യപ്പെടുത്താനും സാധിച്ചു.

പിന്നീട് സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച പ്രോഗ്രസ് റിപ്പോർട്ട് എല്ലാ മാസവും സമർപ്പിക്കാൻ മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെ സർക്കാർ നിയമിച്ചു. ജില്ലാ കളക്ടർമാർ നോഡൽ ഓഫീസർ മുഖാന്തിരം റവന്യു വകുപ്പ്

**ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 50 ശതമാനം കേരളം ഏറ്റെടുക്കണമെന്നായിരുന്നു കേന്ദ്ര സർക്കാരിന്റെയും നാഷണൽ ഹൈവേ അതോറിറ്റിയുടെയും നിലപാട്. തുടർചർച്ചകൾക്ക് ശേഷമാണ് 25 ശതമാനം എന്ന നിലയിലേക്ക് കേന്ദ്രസർക്കാർ വഴങ്ങിയത്. 5580 കോടി രൂപയാണ് കേരളം സ്ഥലം ഏറ്റെടുക്കലിനായി ഇതുവരെ ചെലവഴിച്ചത്**



അഡീഷണൽ ചീഫ് സെക്രട്ടറിക്കും മുഖ്യമന്ത്രിക്കും എല്ലാ മാസവും പ്രവൃത്തി പുരോഗതി റിപ്പോർട്ട് സമർപ്പിക്കണമെന്ന് തീരുമാനിച്ചു. അലൈൻമെന്റിന് ഭേദഗതി നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ സർവേ നടത്തി ഏതാണ് അനുയോജ്യമെന്ന് സംയുക്തപരിശോധന നടത്തി തീരുമാനിക്കാൻ ധാരണയാക്കി. സർവേ നടക്കുന്ന സ്ഥലത്ത് എന്ത് നഷ്ടപരിഹാരം കിട്ടുമെന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തി. ഖജനാവിന് അധിക ബാധ്യത ഉണ്ടാക്കാതെ, പരമാവധി നഷ്ടങ്ങൾ കുറച്ച്, അലൈൻമെന്റ് തീരുമാനിക്കണം എന്നാണ് നിശ്ചയിച്ചത്.

ഭൂമി ഏറ്റെടുക്കൽ മുടക്കാൻ അനേകം തടസ്സങ്ങൾ പലകോണുകളിൽ നിന്നും വന്നു. അതിനെയെല്ലാം തരണം ചെയ്തു. ആദ്യ ഘട്ടത്തിൽ, ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 50 ശതമാനം കേരളം ഏറ്റെടുക്കണമെന്നായിരുന്നു കേന്ദ്ര സർക്കാരിന്റെയും നാഷണൽ ഹൈവേ അതോറിറ്റിയുടെയും നിലപാട്. പിന്നീട് തുടർചർച്ചകൾക്ക് ശേഷമാണ് 25 ശതമാനം എന്ന നിലയിലേക്ക് കേന്ദ്രസർക്കാർ വഴങ്ങിയത്. 5580 കോടി രൂപയാണ് സംസ്ഥാന സർക്കാർ സ്ഥലം ഏറ്റെടുക്കലിനായി ഇതുവരെ ചെലവഴിച്ചത്. ഇത്രയും തുക സംസ്ഥാന സർക്കാർ ചെലവഴിച്ചില്ലായിരുന്നുവെങ്കിൽ കേരളത്തിന്റെ ദേശീയപാതാ വികസനം അനന്തമായി നീണ്ടുപോകുമായിരുന്നു.

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ജനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കാൻ കഴിഞ്ഞ സർക്കാറിന് സാധിച്ചു. മികച്ച പുനഃരധിവാസ പാക്കേജ് നടപ്പാക്കാനുള്ള തീരുമാനമാണ് കൈക്കൊണ്ടത്. പരമാവധി നഷ്ടപരിഹാരം നൽകിയാണ് ഭൂമി ഏറ്റെടുത്തത്. ദേശീയപാതയിൽ 125 കിലോമീറ്റർ ഒരു വർഷത്തിനകം വികസനം പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കും എന്നാണ് ദേശീയപാത അതോറിറ്റി വ്യക്തമാക്കിയിട്ടുള്ളത്. കഴക്കൂട്ടം ഫ്ളൈ ഓവർ ഒക്ടോബറിൽ തുറക്കാൻ കഴിയുമെന്നാണ് അറിയിച്ചിട്ടുള്ളത്. മാഹി-തലശ്ശേരി ബൈപാസ്, മൂരാട് പാലം എന്നിവ അടുത്ത മാർച്ചിൽ പൂർത്തിയാകും. നീലേശ്വരം റെയിൽവേ ഓവർബ്രിഡ്ജ് തുറക്കുന്ന സമയം പെട്ടെന്നുതന്നെ അറിയിക്കാനാകുമെന്നും അതോറിറ്റി പ്രതീക്ഷ പ്രകടിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ഗതാഗത പ്രശ്നപരിഹാരത്തിന് വലിയ മുതൽക്കൂട്ടാകുന്ന നേട്ടങ്ങളാണ് ഈ രംഗത്ത് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നത്. ഇതിന് സഹകരണം നൽകിയ ജനങ്ങളുടെ വിജയമാണിതെന്ന കാര്യത്തിൽ സംശയമില്ല.

**സംസ്ഥാനത്തിന്റെ ഗതാഗത പ്രശ്നപരിഹാരത്തിന് വലിയ മുതൽക്കൂട്ടാകുന്ന നേട്ടങ്ങളാണ് ഈ രംഗത്ത് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നത്. ഇതിന് സഹകരണം നൽകിയ ജനങ്ങളുടെ വിജയമാണിതെന്ന കാര്യത്തിൽ സംശയമില്ല**




പി എ മുഹമ്മദ് റിയാസ്
പൊതുമരാമത്ത് മന്ത്രി

# കേരളം കുതിക്കുകയാണ്

**ദേശീയപാത 66 ന്റെ വികസനത്തിനായി 1079.06 ഹെക്ടർ ഭൂമിയായിരുന്നു ഏറ്റെടുക്കേണ്ടിയിരുന്നത്. ഇതിൽ 1062.96 ഹെക്ടർ ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു. 98.51 ശതമാനം ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കി. സ്ഥലം ഏറ്റെടുക്കലിന്റെ ചെലവിന്റെ 25 ശതമാനം വഹിക്കാമെന്ന ഉറപ്പും കേരളം പ്രാവർത്തികമാക്കി. 5580 കോടി രൂപയാണ് സംസ്ഥാനം സ്ഥലം ഏറ്റെടുക്കലിനായി ഇതുവരെ നൽകിയത്**




വീതിയേറിയ റോഡുകളുടെ അഭാവം കേരളം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ്. ഗതാഗതക്കുരുക്കും സമയനഷ്ടവും നമ്മുടെ പല പാതകളിലും പതിവുമാണ്. ദേശീയപാത വികസിപ്പിക്കാതെ നമ്മുടെ സംസ്ഥാനത്തിന് ഒരിഞ്ച് പോലും മുന്നോട്ടുപോകാനാകില്ല എന്നതാണ് സ്ഥിതി. കൂടുതൽ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും ടൂറിസം രംഗത്തെ വികസനത്തിനും മികച്ച റോഡുകൾ കൂടിയേതീരൂ. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിന്റെ ഭാവി വികസനം മുന്നിൽ കണ്ട് നിലവിലെ റോഡുകളുടെ അറ്റകുറ്റപ്പണിയും പുതിയ റോഡുകളുടെ നിർമ്മാണവും ദേശീയപാത വികസനവുമായി സർക്കാർ മുന്നോട്ടുപോകുന്നത്.

2,38,773 കിലോമീറ്റർ റോഡാണ് കേരളത്തിൽ ആകെയുള്ളത്. ഇതിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും ദേശീയപാതയും ചേർന്നാൽ ആകെ 31,303 കിലോമീറ്റർ വരും. കേരളത്തിന്റെ റോഡ് ഗതാഗതത്തിന്റെ ഭൂരിഭാഗവും ഉൾപ്പെടുന്നത് ദേശീയപാത അതോറിറ്റിയുടെ കീഴിലുള്ളതും പൊതുമരാമത്ത് വകുപ്പിന്റെയും റോഡുകളാണ്. അതുകൊണ്ടുതന്നെ കേരളത്തിന്റെ പശ്ചാത്തലവികസന രംഗത്ത് ഏറ്റവും പ്രധാനം പൊതുമരാമത്ത് റോഡുകളുടെ വികസന മാണന്നാണ് സർക്കാർ വിലയിരുത്തുന്നത്. കേരളത്തിലെ ജനസാന്ദ്രത 2011-ലെ സെൻസസ് പ്രകാരം ചതുരശ്ര കിലോമീറ്ററിൽ 860 എന്നതാണ്. ദേശീയ ജനസാന്ദ്രത 382മായി താരതമ്യം ചെയ്യുമ്പോൾ ഇരട്ടിയിലധികം. ഈ സാഹചര്യത്തിൽ റോഡുകളുടെ വീതികൂട്ടിയുള്ള വിപുലീകരണത്തിന് പരിമിതികൾ ഉണ്ട്. അതിനിടയിലും റോഡുകളുടെ കാലോചിതമായ നവീകരണവും വികസനവും സാധ്യമാക്കാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്.

## ദേശീയപാത വികസനം

സംസ്ഥാനത്ത് ആകെ 1781.5 കിലോമീറ്ററിൽ 11 ദേശീയപാതകളുണ്ട്. ഇതിൽ 1233.5 കിലോമീറ്റർ റോഡും പരിപാലിക്കുന്നത് ദേശീയപാത അതോറിറ്റിയാണ്. 548 കിലോമീറ്റർ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗമാണ് കൈകാര്യം ചെയ്യുന്നത്. ദേശീയപാതകളിൽ ഏറ്റവും പ്രധാനപ്പെട്ടത് കാസർകോട് തലപ്പാടി മുതൽ തിരുവനന്തപുരം ജില്ലാ അതിർത്തിവരെയുള്ള എൻഎച്ച് 66 ആണ്. കാസർകോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ഒമ്പത് ജില്ലയിലൂടെ കടന്നുപോകുന്നതാണ് എൻഎച്ച് 66. കേരളത്തിന്റെ ഒരറ്റംമുതൽ മറ്റേ അറ്റംവരെ നീളുന്ന പാതയാണ് എൻഎച്ച് -66. എൻഎച്ച് - 66ന്റെ വികസനം പ്രധാനമാകുന്നത് ഈ ഘട്ടത്തിലാണ്.

കേരളത്തിന്റെ സമഗ്ര വികസനത്തിന് സഹായകരമാകുന്ന ദേശീയപാത വികസനം നടപ്പാക്കാൻ ഒന്നാം പിണറായി വിജയൻ സർക്കാരാണ് തീരുമാനിച്ചത്. മുഖ്യമന്ത്രി പ്രധാനമന്ത്രിയെയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രിയെയും നിരവധി തവണ സന്ദർശിച്ച് ദേശീയപാത വികസനം സാധ്യമാക്കണമെന്ന് സമ്മർദം ചെലുത്തി. ഭൂമി ഏറ്റെടുക്കലിനുള്ള തുകയിൽ നിശ്ചിത ശതമാനം സംസ്ഥാനം വഹിച്ചാൽ ദേശീയപാത വികസനം സാധ്യമാക്കാമെന്നായിരുന്നു കേന്ദ്രത്തിന്റെ നിലപാട്. ഇതേത്തുടർന്ന് രാജ്യത്ത് മറ്റെങ്ങുമില്ലാത്തവിധം ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം നൽകാൻ തീരുമാനിച്ചു. കിഫ്ബി വഴി പണം ചെലവഴിക്കാൻ തീരുമാനിക്കുകയും കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. പാത വികസനത്തിനായി ഭൂമി വിട്ടുനൽകിയ എല്ലാവരെയും സർക്കാർ ചേർത്തുനിർത്തി. പരമാവധി നഷ്ടപരിഹാരം നൽകിയാണ് ഭൂമി ഏറ്റെടുത്തത്. ദേശീയപാത 66 ന്റെ വികസനത്തിനായി 1079.06 ഹെക്ടർ ഭൂമിയായിരുന്നു ഏറ്റെടുക്കേണ്ടിയിരുന്നത്. ഇതിൽ 1062.96 ഹെക്ടർ ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു. 98.51 ശതമാനം ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കി. സ്ഥലം ഏറ്റെടുക്കലിന്റെ ചെലവിന്റെ 25 ശതമാനം വഹിക്കാമെന്ന ഉറപ്പും കേരളം പ്രാവർത്തികമാക്കി. 5580 കോടി രൂപയാണ് സംസ്ഥാനം സ്ഥലം ഏറ്റെടുക്കലിനായി ഇതുവരെ നൽകിയത്.





## പ്രകടമാകുന്ന മാറ്റം

ദേശീയപാത 66 ന്റെ വികസനം പൂർണാർഥത്തിൽ സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവൃത്തി ഈ സർക്കാരിന്റെ കാലത്ത് പൂർണമായും ട്രാക്കിൽ കയറി. ദേശീയപാത 66-ലെ 21 റീച്ചിലെ പ്രവൃത്തിയാണ് നടത്തേണ്ടത്. ഇതിൽ 15 റീച്ചിൽ പ്രവൃത്തി പുരോഗമിക്കുകയാണ്.

തലപ്പാടി - ചെങ്കള, ചെങ്കള-നീലേശ്വരം - 37.26 കിലോമീറ്റർ, നീലേശ്വരം ആർ ഒ ബി, നീലേശ്വരം-തളിപ്പറമ്പ്, തളിപ്പറമ്പ് -മുഴപ്പിലങ്ങാട്, തലശേരി -മാഹി ബൈപാസ് , അഴിയൂർ-വെങ്ങളം, പാലോളി- മൂരാട് പാലം, കോഴിക്കോട് ബൈപാസ്, രാമനാട്ടുകര-വളാഞ്ചേരി, വളാഞ്ചേരി-കാപ്പിരിക്കാട് , തുറവൂർ-പറവൂർ , കൊറ്റൻകുളങ്ങര - കൊല്ലം, കഴക്കൂട്ടം ഫ്ളൈഓവർ, തിരുവനന്തപുരം മുക്കോല മുതൽ തമിഴ്നാട് അതിർത്തിവരെ എന്നീ റീച്ചുകളിലാണ് പ്രവൃത്തി വേഗത്തിൽ പുരോഗമിക്കുന്നത്.

ആറ് റീച്ചിൽ പ്രാഥമിക പ്രവർത്തനങ്ങളും നടക്കുകയാണ്. കാപ്പിരിക്കാട് - തളിക്കുളം, തളിക്കുളം -കൊടുങ്ങല്ലൂർ, കൊടുങ്ങല്ലൂർ -ഇടപ്പള്ളി, പറവൂർ -കൊറ്റൻകുളങ്ങര, കൊല്ലം ബൈപാസ് -കടമ്പാട്ടുകോണം, കടമ്പാട്ടുകോണം - കഴക്കൂട്ടം എന്നീ റീച്ചുകളിലാണ് പ്രാഥമിക പ്രവർത്തനങ്ങൾ നടക്കുന്നത്. ഇതോടൊപ്പം അരൂർ -തുറവൂർ സ്ട്രെച്ചിൽ എലവേറ്റഡ് ഹൈവേ നിർമിക്കുന്നതിനുള്ള ഡിപിആറും തയ്യാറാക്കുന്നുണ്ട്.

ദേശീയപാത വികസനം സമയബന്ധിതമായി നടപ്പാക്കാൻ ദേശീയപാത അതോറിറ്റിയുമായി ചേർന്ന് സംസ്ഥാന സർക്കാർ പ്രവർത്തിക്കുകയാണ്. ദേശീയപാത അതോറിറ്റിക്ക് ആവശ്യമായ എല്ലാ സഹായവും ഉറപ്പുവരുത്താൻ പ്രത്യേക സംവിധാനം തന്നെ സംസ്ഥാനം നടപ്പാക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുന്നതാണ് ദേശീയപാത വികസനപദ്ധതി.

**മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുന്നതാണ് ദേശീയപാത വികസനപദ്ധതി**



പ്രവൃത്തി നിശ്ചിത ഇടവേളകളിൽ മുഖ്യമന്ത്രി തലത്തിൽ അവലോകനം ചെയ്യുകയാണ്. പൊതുമരാമത്ത് മന്ത്രിയെന്ന നിലയിൽ പ്രവൃത്തിയിടങ്ങളിൽ നേരിട്ട് എത്തുകയും പ്രവൃത്തി വിലയിരുത്തുകയും ചെയ്യുന്നു. ചീഫ് സെക്രട്ടറിയുടെയും പൊതുമരാമത്ത് സെക്രട്ടറിയുടെയും നേതൃത്വത്തിലും അവലോകന യോഗങ്ങൾ ചേർന്ന് കൃത്യമായി പ്രവൃത്തി നിരീക്ഷിക്കുന്നുണ്ട്. രണ്ടാഴ്ചയിലൊരിക്കൽ ചേരുന്ന സംസ്ഥാനതല പൊതുമരാമത്ത് മിഷൻ ടീം യോഗത്തിലെ പ്രത്യേക അജൻഡയാണ് ദേശീയപാത വികസനം. ജില്ലകളിൽ മാസത്തിലൊരിക്കൽ ചേരുന്ന ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം അതത് ജില്ലയിലെ പ്രവൃത്തി പുരോഗതിയും വിലയിരുത്തുന്നു. ഇത്തരത്തിൽ കൃത്യമായ ഇടപെടലും നിരീക്ഷണവും സർക്കാർ ഉറപ്പ് വരുത്തുന്നു.

**മറ്റു പ്രതിസന്ധി യൊന്നും ഇല്ലെങ്കിൽ 2025-ഓടെ ദേശീയപാത വികസനപ്രവൃത്തി പൂർത്തിയാക്കുകയാണ് ലക്ഷ്യം. അതിന് വേണ്ടി ദേശീയപാത അതോറിറ്റിക്കൊപ്പം സംസ്ഥാന സർക്കാരും പ്രവർത്തിക്കുകയാണ്**

## ദേശീയപാത പൂർത്തീകരണം 2025 – ഓടെ

മറ്റു പ്രതിസന്ധിയൊന്നും ഇല്ലെങ്കിൽ 2025-ഓടെ ദേശീയപാത വികസനപ്രവൃത്തി പൂർത്തിയാക്കുകയാണ് ലക്ഷ്യം. അതിന് വേണ്ടി ദേശീയപാത അതോറിറ്റിക്കൊപ്പം സംസ്ഥാന സർക്കാരും പ്രവർത്തിക്കുകയാണ്.

ദേശീയപാതയ്ക്കൊപ്പം മലയോര ഹൈവേയും തീരദേശ ഹൈവേയും മലയോര ഹൈവേയും അടുത്ത നാലു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള കഠിനശ്രമമാണ് സർക്കാർ നടത്തിവരുന്നത്. ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിലൂടെയും കടന്നുപോകുന്ന പദ്ധതിയാണ് മലയോര ഹൈവേ. തിരുവനന്തപുരത്ത് പൂവാറിൽ നിന്നും ആരംഭിച്ച് കാസർഗോഡ് ജില്ലയിലെ കുഞ്ചത്തൂരിൽ അവസാനിക്കുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഏകദേശം പതിനായിരം കോടി രൂപ മുതൽമുടക്കിയുള്ള ഈ പദ്ധതികൾ യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിനൊപ്പം ടൂറിസം ഉൾപ്പെടെയുള്ള മേഖലകളിൽ വലിയ മാറ്റങ്ങളാണ് ദൃശ്യമാകാൻ പോകുന്നത്. ഈ രീതിയിൽ വിവിധ റോഡുകളുടെ വികസനം പൂർത്തിയാകുന്നത്തോടെ സംസ്ഥാനത്തെ റോഡ് ഗതാഗതം കൂടുതൽ സുഗമവും സുരക്ഷിതവും ആകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

പി. ശ്രീരാജ് / രാഹുൽ വി. ടി
(കിഫ്ബി പ്രോജക്റ്റ് അപ്രൈസൽ ഡിവിഷൻ)

## തീരദേശ ഹൈവേ

# കേരളത്തിന്റെ സൗന്ദര്യമറിയാൻ സവിശേഷപാത

**നീണ്ട തീരപ്രദേശം, ഫലഭൂയിഷ്ഠമായ സമതലഭൂമി, ഉയർന്ന പർവ്വതനിരകൾ എന്നിങ്ങനെ വ്യത്യസ്തമായ ഭൂമിശാസ്ത്രപരമായ സവിശേഷതകളുള്ള സംസ്ഥാനമാണ് കേരളം. ഭൂപ്രകൃതിയുടെ വൈവിധ്യവും ഉഷ്ണമേഖലാ മൺസൂൺ കാലാവസ്ഥയും സംസ്കാര സമ്പന്നതയും വിനോദസഞ്ചാര ഭൂപടത്തിൽ കേരളത്തിന് മികച്ച സ്ഥാനം നൽകുന്നതിൽ മുഖ്യപങ്കാണു വഹിക്കുന്നത്**



**590** കിലോമീറ്റർ നീളമുള്ള കടൽത്തീരം നമ്മുടെ ടൂറിസം ഭൂപ്രകൃതിയിലെ നിർണായക ഘടകമാണ്. ഏകദേശം 200 ഗ്രാമപഞ്ചായത്തുകളും 11 മുനിസിപ്പാലിറ്റികളും നാല് കോർപ്പറേഷനുകളുമുള്ള കേരളത്തിലെ ഒൻപത് തീരദേശ ജില്ലകളിലാണ് ജന സംഖ്യയുടെ 30 ശതമാനവും ജീവിക്കുന്നത്. കൃഷി, അക്വാകൾച്ചർ, മത്സ്യബന്ധനം, മത്സ്യ സംസ്കരണം, രാസവ്യവസായം, ഖനനം, ടൂറിസം തുടങ്ങിയ മേഖലകളിലാണ് തീരദേശ ജനത പ്രധാനമായും തൊഴിലും ഉപജീവനവും കണ്ടെത്തുന്നത്. ബീച്ചുകളും കായലുകളും ഈ പ്രദേശത്തെ വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണമാണ്.

ജനസാന്ദ്രതയേറിയ കേരളത്തിന്റെ തീരപ്രദേശത്തിന് അതിന്റെ നിലനിൽപ്പിനും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും സമ്പദ് വ്യവസ്ഥയിലേക്കുള്ള സംഭാവനയ്ക്കും മികച്ച കണക്റ്റിവിറ്റി ആവശ്യമാണ്. ഈ അവബോധം തീരപ്രദേശത്ത് ഉടനീളം ഒരു ഹൈവേ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു ബൃഹത് പദ്ധതിയിൽ കലാശിച്ചു. അതനുസരിച്ച് ആസൂത്രണം ചെയ്തതാണ് സംസ്ഥാനത്തെ  തീരദേശ ഹൈവേ. ഏകദേശം 629 കിലോമീറ്റർ നീളുന്നതാണ് നിർദ്ദിഷ്ട പദ്ധതി. തീരപ്രദേശങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന് ഉത്തേജനം നൽകുന്ന പദ്ധതി പ്രാദേശിക ജനതയ്ക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ വികസനം ഉറപ്പാക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

## ബീച്ചുകൾ ആകർഷണ കേന്ദ്രങ്ങൾ

ലോകമെമ്പാടുമുള്ള ബീച്ചുകൾ വിനോദസഞ്ചാരികളുടെ ആകർഷണ കേന്ദ്രങ്ങളാണ്. ഇവിടങ്ങളിലെ  വിശ്രമത്തിനും താമസത്തിനും വിനോദത്തിനുമുള്ള സൗകര്യങ്ങളും വാട്ടർ സ്പോർട്സ് സൗകര്യങ്ങളും പ്രധാന വിമാനത്താവളങ്ങളിലേക്കും നഗരങ്ങളിലേക്കുമുള്ള യാത്രാ സൗകര്യവും നമ്മുടെ തീരദേശ ടൂറിസം സാധ്യതകൾ വർധിപ്പിക്കുന്നു. ഒൻപത് ജില്ലകളിലായാണ് കേരളത്തിലെ തീരപ്രദേശം വ്യാപിച്ചു കിടക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ തുടങ്ങി കാസർഗോഡ് ജില്ലയിലെ കുഞ്ചത്തൂരിൽ അവസാനിക്കുന്ന കടൽത്തീരം ഉൾപ്പെടുന്ന ബീച്ച് ടൂറിസത്തെ നിർദ്ദിഷ്ട തീരദേശ ഹൈവേയുമായി ബന്ധിപ്പിക്കുന്നു. ഈ പ്രദേശങ്ങളിലെ



ബീച്ച് ടൂറിസത്തിന്റെ വളർച്ച കൂടിയാണ് തീരദേശ ഹൈവേ പദ്ധതി ഉറപ്പു വരുത്തുന്നത്.

ബീച്ച് ടൂറിസം ഇല്ലാത്ത പ്രദേശങ്ങളിൽ അതിനുള്ള സാധ്യത കൂടി തീരദേശ ഹൈവേ മുന്നോട്ടുവയ്ക്കുന്നു. ശരിയായ സൗകര്യങ്ങളുടെ അഭാവം, തിരക്ക്, മാലിന്യങ്ങൾ, സന്ദർശക പരിപാലന രീതികളുടെ അഭാവം തുടങ്ങിയ കാരണങ്ങളാൽ ബീച്ച് ടൂറിസത്തിന്റെ സാധ്യത നഷ്ടപ്പെട്ട പ്രദേശങ്ങളിൽ ഗതാഗത സൗകര്യം ഒരുങ്ങുന്നതോടെ പുതിയ വികസന പന്ഥാവ് തുറക്കാനാകും.

## അതുല്യമായ ടൂറിസം സാധ്യതകൾ

ഡെസ്റ്റിനേഷൻ-ടൂറിസം, സൈക്കിൾ ടൂറിസം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക നിർമ്മാണങ്ങളും തീരദേശ ഹൈവേ പദ്ധതി ഉറപ്പു വരുത്തുന്നു. റോഡുകൾക്കൊപ്പം രണ്ട് മീറ്റർ വീതിയുള്ള സൈക്കിൾ ട്രാക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തെ തന്നെ ഏറ്റവും നീളം കൂടിയ സൈക്കിൾ ട്രാക്കുകളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലൂടെ പുതിയൊരു വിഭാഗം സഞ്ചാരികളെയാണ് നാം പ്രതീക്ഷിക്കുന്നത്.

ഓരോ പന്ത്രണ്ട് കിലോമീറ്റർ ഇടവേളയിലും വൈദ്യുത ചാർജിംഗ് സ്റ്റേഷനുകളോടെയാണ് ഹൈവേ ആസൂത്രണം ചെയ്തിരിക്കുന്നത്. സൈക്കിൾ ട്രാക്കും ഇ.വി ചാർജിംഗ് പോയിന്റുകളും കുറഞ്ഞ കാർബൺ ഗതാഗതം എന്ന ആശയത്തെ പ്രോത്സാഹിപ്പിക്കുകയും ടൂറിസം മേഖലയിൽ ഒരു മാറ്റത്തിന് വഴിയൊരുക്കുകയും ചെയ്യും. കൃത്യമായ ഇടവേളകളിൽ അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിലൂടെ യാത്രക്കാരുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കും. ഉത്തരവാദിത്വ ടൂറിസം പദ്ധതി ലക്ഷ്യമിടുന്ന തരത്തിൽ പ്രാദേശിക ജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും തീരദേശ ഹൈവേ വഴിയൊരുക്കും.

കേരളത്തിലെ ബീച്ചുകളെ ആകർഷണത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നത് ടൂറിസം പ്രോത്സാഹനത്തിനും ഗുണം ചെയ്യുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഉദാഹരണത്തിന്, വിനോദ ബീച്ചുകൾ (കോവളം, മാരാരി, ചെറായി, സ്നേഹതീരം മുതലായവ), പൈതൃക ബീച്ചുകൾ (അഞ്ചുതെങ്ങ്, തങ്കശ്ശേരി, ഫോർട്ട് കൊച്ചി, പൊന്നാനി, ബേപ്പൂർ, കാപ്പാട്,

**ഉത്തരവാദിത്വ ടൂറിസം പദ്ധതി ലക്ഷ്യമിടുന്ന തരത്തിൽ പ്രാദേശിക ജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും തീരദേശ ഹൈവേ വഴിയൊരുക്കും**



ബേക്കൽ മുതലായവ) ഇക്കോ ബീച്ചുകൾ (കടലുണ്ടി, സാൻഡ് ബാങ്കുകൾ, അഴിത്തല മുതലായവ) എന്നിങ്ങനെയുള്ള വേർതിരിവ് ടൂറിസ്റ്റുകളെ ആകർഷിക്കാൻ സഹായിക്കും.

## പുതിയ ബീച്ചുകളുടെ വികസനം

എല്ലാ സുസ്ഥിര ഘടകങ്ങളോടും ചേർന്ന് പുതിയ ബീച്ച് ലൊക്കേഷനുകൾ വികസിപ്പിക്കുകയും തീരദേശ നിയന്ത്രണ മേഖല (CRZ) മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുകയും ചെയ്യുന്നതിലൂടെ പുതിയ ടൂറിസം വില്ലേജുകൾ രൂപപ്പെടും. കരമാർഗമുള്ള യാത്രാ സൗകര്യം ഒരുങ്ങുന്നതോടെ മുതിർന്ന പൗരന്മാർക്കും ശാരീരിക പരിമിതികൾ നേരിടുന്നവർക്കും കടൽത്തീരാനുഭവം ആസ്വാദ്യകരമാക്കാൻ സാധിക്കും. 'ബ്ലൂ ഫ്ളാഗ്', 'ക്വാളിറ്റി കോസ്റ്റ്' എന്നിവയുൾപ്പെടെയുള്ള സർട്ടിഫിക്കേഷൻ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ ബീച്ചുകൾ വികസിപ്പിക്കാൻ തീരദേശ ഹൈവേ സഹായകരമാകും. ടൂറിസം ഓപ്പറേറ്റർ നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്ന സർട്ടിഫിക്കേഷനാണ് ബ്ലൂ ഫ്ളാഗ്. 60 അംഗരാജ്യങ്ങളിലെ 65 സംഘടനകൾ ഉൾപ്പെടുന്ന സർക്കാരിതര സ്ഥാപനമായ FEE യുടെ ഉടമസ്ഥതയിലുള്ള ഒരു വ്യാപാര മുദ്രയാണിത്. നെതർലാൻഡ്സ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ക്വാളിറ്റി കോസ്റ്റ് കൂടുതൽ സമഗ്രവും കർശനവുമായ മാനദണ്ഡങ്ങൾ പിന്തുടരുന്നു. ഇത്തരത്തിലുള്ള ആഗോള സംഘടനകളുടെ തത്വങ്ങൾ നേരത്തെ തന്നെ സ്വീകരിച്ച കേരളത്തിന് ലോകത്തിലെ തന്നെ മാതൃകാ ടൂറിസം / ബീച്ച് ടൂറിസം കേന്ദ്രങ്ങളാക്കി പല മേഖലകളെയും വികസിപ്പിക്കാനും സാധിക്കും.

**തീരദേശ ഹൈവേ പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണവും തീരദേശ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിയന്ത്രിത വികസനവും സംസ്ഥാനത്തിന് ഒരു പുതിയ വടക്ക്-ദക്ഷിണ ടൂറിസം സർക്യൂട്ട് സൃഷ്ടിക്കും**

കേരളത്തിന്റെ മുഴുവൻ തീരപ്രദേശത്തും ഇത്തരത്തിൽ ഇത്തരത്തിൽ വൈവിധ്യമാർന്ന വികസനം ഉറപ്പാക്കാനാണ് സർക്കാർ തീരദേശ ഹൈവേയിലൂടെ ലക്ഷ്യമിടുന്നത്. മാത്രമല്ല, പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണവും തീരദേശ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിയന്ത്രിത വികസനവും കേരളത്തിൽ ഒരു പുതിയ വടക്ക്-ദക്ഷിണ ടൂറിസം സർക്യൂട്ട് സൃഷ്ടിക്കുമെന്ന കാര്യവും ഉറപ്പാണ്. ●

**തയ്യാറാക്കിയത് –റോജാ പോൾ**





# സംരക്ഷിക്കണം ഫെഡറലിസത്തെ

**സ്വാതന്ത്ര്യദിനാഘോഷച്ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നൽകിയ സന്ദേശം.**

ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുകയാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലുള്ള രാജ്യങ്ങളാകെ ഏകദേശം ഒരേസമയത്താണ് സ്വാതന്ത്ര്യം നേടിയെടുത്തത്. അവയിൽ പലതും ഇന്ന് ജനാധിപത്യ പാതയിലാണുള്ളത് എന്ന് പറയാൻ കഴിയില്ല. ചിലത് മതപരമായ റിപ്പബ്ലിക്കുകളായും, മതസംഘടനകൾ നയിക്കുന്ന സർക്കാരുകളുള്ള രാജ്യങ്ങളായും, ചിലത് ചിലപ്പോഴെങ്കിലും സൈനികഭരണ രാഷ്ട്രങ്ങളായും മാറി. ചിലത് സാമ്പത്തികമായി ശിഥിലമായി. എന്നിട്ടും ഇന്ത്യ മുന്നേറി. ഒരു ഘട്ടത്തിൽ നമ്മുടെ സ്വാതന്ത്ര്യവും ജനാധിപത്യവും വലിയ വെല്ലുവിളി നേരിട്ടിട്ടും അതിനെ ഒക്കെ അതിജീവിച്ച് ഇന്ത്യ ജനാധിപത്യപാതയിൽ തന്നെ മുന്നോട്ടുപോന്നു.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് ക്ഷാമങ്ങളുടെ നാടായിരുന്നു ഇന്ത്യ. 1950 കളിലും 60 കളിലും ഇന്ത്യയ്ക്ക് ലോകത്തു നിന്ന് ഭക്ഷ്യസഹായം സ്വീകരിക്കേണ്ടിവന്നു. ഇന്നിപ്പോൾ നമ്മുടെ ഭക്ഷ്യോത്പാദനം 1950 ലെ 54.9 മില്യൺ ടണ്ണിൽ നിന്ന് 2021 ൽ 305.44 മില്യൺ ടണ്ണായി ഉയർന്നിരിക്കുന്നു. സ്വാതന്ത്ര്യലബ്ധിയുടെ സമയത്ത് കേവലം 2.7 ലക്ഷം കോടി ആയിരുന്ന നമ്മുടെ ജി ഡി പി ഇന്ന് 150 ലക്ഷം കോടിയായി ഉയർന്നിരിക്കുന്നു. ഇന്ന് ലോകത്തെ ആറാമത്തെ വലിയ സമ്പദ്ഘടനയാണ് ഇന്ത്യ. ഏതാണ്ട് 10 വർഷം കൂടി കഴിയുമ്പോഴേക്ക് ഇന്ത്യൻ സമ്പദ്ഘടന ലോകത്തെ മൂന്നാമത്തേതായി ഉയരും എന്നു പല പഠനങ്ങളും സൂചിപ്പിക്കുന്നു.

1950-51 കാലത്ത് നമ്മുടെ വിദേശ കരുതൽ നാണ്യശേഖരം കേവലം 1,000 കോടിയോ മറ്റോ ആയിരുന്നത് ഇന്ന് 46.17 ലക്ഷം കോടിയായി ഉയർന്നിരിക്കുന്നു. ലോകത്തെ അഞ്ചാമത്തെ വലിയ വിദേശ കരുതൽ നാണ്യശേഖരമാണ് ഇന്ന് ഇന്ത്യയിലുള്ളത്.

> **സാമൂഹിക നീതി ഒരു മുഖ്യ അജണ്ടയായി ഉൾക്കൊള്ളിച്ച ഒരു ഭരണഘടന നമുക്കുണ്ടായി എന്നത് എടുത്തു പറയേണ്ടതാണ്. അക്കാര്യത്തിൽ വലിയ മുന്നോട്ടുപോക്ക് നടത്താൻ നമുക്ക് സാധിച്ചതു തന്നെ ആ ഭരണഘടന ഉള്ളതുകൊണ്ടു കൂടിയാണ്**

ഇന്ത്യൻ ജനതയുടെ അക്ഷരാഭ്യാസം സ്വാതന്ത്ര്യ ലബ്ധിയുടെ കാലത്തെ കേവലം 12 ശതമാനത്തിൽ നിന്ന് ഇന്ന് 75 ശതമാനത്തിലധികമായി ഉയർന്നിരിക്കുന്നു. വിദ്യാഭ്യാസത്തിൽ മാത്രമല്ല ആയുർദൈർഘ്യം,



ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് ഒരു മനുഷ്യായുസ്സോളം പ്രായമായിരിക്കുന്നു. പിന്നോട്ടു നോക്കാനും മുന്നോട്ടു നോക്കാനുമുള്ള അവസരമാണിത്

പ്രതിശീർഷ വരുമാനം എന്നിവയിലൊക്കെ ഇന്ത്യ വളർന്നിരിക്കുന്നു. ഇന്ത്യ ഇന്നൊരു സാമ്പത്തിക ശക്തി മാത്രമല്ല, ഒരു വൈജ്ഞാനിക ശക്തി കൂടിയാണ്. ഹരിത വിപ്ലവം, ധവള വിപ്ലവം എന്നിവയൊക്കെ രാജ്യത്തിനക ത്തുണ്ടാക്കിയ മാറ്റങ്ങൾ പ്രകടമാണ്. ലോകത്താകെ ഡിജിറ്റൽ റെവല്യൂഷനെ ചലിപ്പിക്കുന്നത് ഇന്ത്യൻ മാനവവിഭവശേഷിയാണ്. കഴിഞ്ഞ 75 വർഷം കൊണ്ട് ഇന്ത്യ വലിയ സൈനിക ശക്തിയായും ആണവ ശക്തിയായും ഒക്കെ വളർന്നു. ലോകത്തിനാകെ എൻജിനീയർമാരെയും, ഡോക്ടർമാരെയും, നഴ്സുമാരെയും, ബിസിനസ്സ് അഡ്മിനിസ്ട്രേറ്റർമാരെയും ഒക്കെ സംഭാവന ചെയ്യുന്ന രാജ്യമായി നമ്മൾ വളർന്നു. നമ്മുടെ കലകളും പാട്ടുകളും സിനിമകളുമൊക്കെ ലോകമാകെ ശ്രദ്ധിക്കപ്പെടുന്നു. സാമൂഹിക നീതിയുടെ കാര്യത്തിലും നമ്മൾ ഏറെ മുന്നോട്ടു പോയി. ആദിവാസി, ദളിത്, സ്ത്രീ, ന്യൂനപക്ഷം എന്നിങ്ങനെ പാർശ്വവൽക്കരിക്കപ്പെട്ട വിവിധ വിഭാഗങ്ങളിൽ നിന്നുള്ളവർ രാജ്യത്തിന്റെ പരമോന്നത സ്ഥാനങ്ങളിലെത്തി. എന്നാൽ, അത് ആ വിഭാഗങ്ങളുടെയാകെ പ്രശ്നങ്ങൾക്കുള്ള പരിഹാരമല്ല എന്ന വസ്തുത നാം അംഗീകരിക്കണം.

സാമൂഹികനീതി ഒരു മുഖ്യ അജണ്ടയായി ഉൾക്കൊള്ളിച്ച ഒരു ഭരണഘടന നമുക്കുണ്ടായി എന്നത് എടുത്തു പറയേണ്ടതാണ്. പൂർണ്ണതോതിൽ നാം സാമൂഹികനീതി ഉറപ്പുവരുത്തിയിട്ടില്ലെങ്കിൽ പോലും അക്കാര്യത്തിൽ വലിയ മുന്നോട്ടുപോക്ക് നടത്താൻ നമുക്ക് സാധിച്ചതു തന്നെ ആ ഭരണഘടന ഉള്ളതുകൊണ്ടു കൂടിയാണ്.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് ഒരു മനുഷ്യായുസ്സോളം പ്രായമായിരിക്കുന്നു. പിന്നോട്ടു നോക്കാനും മുന്നോട്ടു നോക്കാനുമുള്ള അവസരമാണിത്. അടുത്ത 75 വർഷം എപ്രകാരമായിരിക്കണം എന്ന് ചിന്തിക്കാനും അതിനനുസൃതമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യാനുമുള്ള ഘട്ടമാണിത്.

മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ ഒരു വഴികാട്ടി എന്ന

രീതിയിൽ സമീപിക്കേണ്ടത് നമ്മുടെ ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളെയാണ്. ഒരു ജനാധിപത്യ റിപ്പബ്ലിക്ക് എന്ന നിലയിൽ ഇന്ത്യ നേടാൻ ലക്ഷ്യമിട്ട കാര്യങ്ങളിൽ എന്തെല്ലാം സാധ്യമാക്കാൻ കഴിഞ്ഞു എന്നും ഇനിയും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ലാത്തവയായി എന്തെല്ലാം അവശേഷിക്കുന്നു എന്നും ഒക്കെ വിലയിരുത്താനുള്ള അവസരമാണിത്.

അസമത്വത്തിന്റെയും അസഹിഷ്ണുതയുടെയും അവഗണിക്കലുകളുടെയും വിദ്വേഷത്തിന്റെയും ഒക്കെ പ്രശ്നങ്ങൾ നമ്മുടെ രാജ്യം അഭിമുഖീകരിക്കുന്നു. വിവിധ ജനവിഭാഗങ്ങൾ, ഭാഷകൾ, സംസ്ഥാനങ്ങൾ, പ്രദേശങ്ങൾ എന്നിവയൊക്കെ ചെറുതും വലുതുമായ പല തോതുകളിൽ ഇത്തരം പ്രശ്നങ്ങൾ നേരിടുന്നു. അവയ്ക്കൊക്കെ ശാശ്വത പരിഹാരം ഉറപ്പുവരുത്താൻ ഒരു രാജ്യം എന്ന നിലയ്ക്ക് നമുക്ക് കഴിയണം. അതിനു ശ്രമിക്കും എന്ന് ഓരോ പൗരനും പ്രതിജ്ഞ എടുക്കേണ്ട കാലമാണിത്.

സ്വാതന്ത്ര്യം, ജനാധിപത്യം, മതനിരപേക്ഷത, സോഷ്യലിസ്റ്റ് സങ്കൽപം എന്നിവയൊക്കെ ഭരണഘടന അതിന്റെ ആമുഖത്തിൽത്തന്നെ ഉയർത്തിപ്പിടിച്ചിട്ടുള്ള മൂല്യങ്ങളാണ്. അവയുടെ ആത്യന്തികമായ സംരക്ഷണത്തിനുവേണ്ടി ഓരോ പൗരനും പുനരർപ്പണം ചെയ്യേണ്ട ഘട്ടമാണിത്. ഭരണഘടനയുടെ ഫെഡറൽ സ്വഭാവത്തിന്റെ പരിരക്ഷയും ഒപ്പംതന്നെ പ്രാധാന്യമുള്ളതാണ്.

ജനകീയ സാമ്പത്തിക സ്ഥാപനങ്ങളായി നിലകൊള്ളുന്ന സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കുക എന്നതും വലിയ ഒരു ഉത്തരവാദിത്തമായി ഈ ഘട്ടത്തിൽ നാം ഏറ്റെടുക്കേണ്ടതുണ്ട്. തെറ്റായ എന്തെങ്കിലുമൊരു നീക്കം ഏതെങ്കിലുമൊരു സഹകരണ സ്ഥാപനം നടത്തിയിട്ടുണ്ടെങ്കിൽ അതിനെ തിരുത്താനും, അത്തരം നീക്കങ്ങളുടെ പേരിൽ ആ പ്രസ്ഥാനത്തെയാകെ താറടിക്കാൻ ശ്രമിക്കുന്നതിനെ പ്രതിരോധിക്കാനും നമുക്കു കഴിയണം. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യത്തെയാണ് അത്തരം ശ്രമങ്ങൾ ആത്യന്തികമായി തടയുക എന്നത് മനസ്സിലാക്കി സഹകരണ പ്രസ്ഥാനത്തിന്റെയാകെ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുക എന്നതും ഈ 75-ാം സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഘട്ടത്തിൽ പ്രധാനമാണ്. തുടർന്നുള്ള നാളുകളിൽ ഇന്ത്യ ഏതു പാതയിൽ, ഏതു ലക്ഷ്യത്തിലേക്ക് മുന്നേറണം എന്നതിനെക്കുറിച്ച് ഇന്ത്യക്കാരുടെയാകെ അഭിപ്രായം രേഖപ്പെടുത്തേണ്ട ഘട്ടമാണിത്. ഈ രാജ്യം ഇവിടെയുള്ള ഓരോ പൗരന്റെയുമാണ്. അതങ്ങനെയല്ല എന്ന് ആരും ചിന്തിക്കുക പോലും ചെയ്യാത്ത ഐക്യത്തിന്റെ ഒരു ഇന്ത്യയാണ് നമുക്ക് കെട്ടിപ്പടുക്കുവാനുള്ളത്.

**ഫെഡറൽ തത്വങ്ങൾ നിലനിർത്തി മാത്രമേ വൈവിധ്യങ്ങളെയാകെ ഉൾക്കൊള്ളുന്ന രാഷ്ട്രമെന്ന സ്വാതന്ത്ര്യ സമര സേനാനികളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനാകൂ**

**ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനങ്ങളും പ്രാദേശിക സർക്കാരുകളായിമാറുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഫെഡറൽ സംവിധാനത്തിന്റെ കരുത്തുറ്റ അടിത്തറയാണ് പ്രദാനം ചെയ്യുന്നത്**

ഇന്ത്യ ഇവിടെയുള്ള എല്ലാ പ്രദേശങ്ങളുടേതും ഭാഷകളുടേതും മതവിഭാഗങ്ങളുടേതും സംസ്കാരങ്ങളുടേതുമാണ്. അവയിലേതെങ്കിലുമൊന്നിന് ഇവിടെ സ്ഥാനമില്ലെന്നോ അവയിലേതെങ്കിലുമൊന്നിന് മറ്റൊന്നിനേക്കാൾ പ്രാധാന്യമുണ്ടെന്നോ ആരും സങ്കൽപ്പിക്കുക പോലും ചെയ്യാത്ത വൈവിധ്യത്തിന്റെ ഒരു ഇന്ത്യയാണ് നമുക്ക് കെട്ടിപ്പടുക്കാനുള്ളത്. അങ്ങനെ നാനാത്വത്തിൽ ഏകത്വമെന്ന നമ്മുടെ കാഴ്ചപ്പാട് അന്വർത്ഥമാക്കപ്പെടുന്ന ഒരു ഇന്ത്യ സൃഷ്ടിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ആ ഇന്ത്യ സാക്ഷാത്കരിക്കാനുള്ള പ്രയാണമാവണം തുടർന്നങ്ങോട്ട്. ആ പ്രയാണം ഏറ്റെടുക്കാനുള്ള ഊർജം പകരുന്നതാവണം ഈ 75-ാം സ്വാതന്ത്ര്യ ദിനാഘോഷം.

ജനജീവിതം നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. അതീവ ദാരിദ്ര്യം, ഭവനരാഹിത്യം എന്നിവ നിർമാർജനം ചെയ്യുകയെന്നതു പ്രധാനമാണ്. ഇതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. ശാസ്ത്ര സാങ്കേതിക രംഗത്തെ വികസിപ്പിച്ച് ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർധിപ്പിക്കുകയെന്ന കാഴ്ചപ്പാടാണു സർക്കാരിനുള്ളത്. പാരമ്പര്യമായി കൈമാറിക്കിട്ടിയ അറിവുകളെ ആധുനിക വിജ്ഞാനങ്ങളുമായി കൂട്ടിച്ചേർക്കുകയെന്നത് വൈജ്ഞാനിക സമൂഹസൃഷ്ടിയെന്ന കാഴ്ചപ്പാടിലുണ്ട്. ഇതിലൂടെയുണ്ടാകുന്ന ഉൽപ്പാദന വർധനവ് നീതിയുക്തമായി വിതരണംചെയ്ത് ജനജീവിതം മുന്നോട്ടുകൊണ്ടുപോവുകയെന്നതും ഇതിന്റെ സുപ്രധാന ലക്ഷ്യമാണ്. ഐടി, സ്റ്റാർട്ടപ്പ് മേഖലയിൽ നാം പുരോഗതിയുടെ പാതയിലാണ്. ഈ മേഖലയിൽ ഇനിയും ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. പശ്ചാത്തല സൗകര്യമാണ് എല്ലാ വികസനത്തിനും അടിസ്ഥാനമെന്ന നിലയിലാണു കിഫ്ബി മുഖാന്തരമുള്ള പദ്ധതികൾ ശക്തിപ്പെടുത്തുന്നത്.


ഫെഡറൽ തത്വങ്ങൾ നിലനിർത്തി മാത്രമേ വൈവിധ്യങ്ങളെയാകെ ഉൾക്കൊള്ളുന്ന രാഷ്ട്രമെന്ന സ്വാതന്ത്ര്യ സമര സേനാനികളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനാകൂ. ഫെഡറലിസം രാജ്യത്തിന്റെ നിലനിൽപ്പിന്റെ തന്നെ അടിസ്ഥാന ഘടകമാണ്. സാമ്പത്തികരംഗത്തുൾപ്പെടെ ഈ നിലപാടു സ്വീകരിച്ചു മുന്നോട്ടുപോകുകയെന്നതു പ്രധാനമാണ്. ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനങ്ങളും പ്രാദേശിക സർക്കാരുകളായിമാറുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഫെഡറൽ സംവിധാനത്തിന്റെ കരുത്തുറ്റ അടിത്തറയാണ് പ്രദാനം ചെയ്യുന്നത്. സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾക്കുള്ള സമ്പത്ത് ലഭിക്കുമ്പോൾ മാത്രമേ ഇതിന്റെ നേട്ടങ്ങൾ ജനങ്ങളിൽ എത്തിച്ചേരൂ. എങ്കിൽ മാത്രമേ ഭരണഘടന വിഭാവനംചെയ്യുന്ന ഫെഡറലിസത്തിന്റെ സമീപനങ്ങൾ പ്രാവർത്തികമാകൂ.



സ്വാതന്ത്ര്യദിനത്തിന്റെ സംസ്ഥാനതല ആഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പതാക ഉയർത്തുന്നു



# സ്വാതന്ത്ര്യസമരം കേരളത്തിൽ



പ്രൊഫ. വി. കാർത്തികേയൻ നായർ

**പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതി മുതൽ കേരളത്തിലെ സ്വാതന്ത്ര്യസമരം വളരെ ഭിന്നമായ ഒരു സ്വഭാവം ആർജിക്കുന്നുണ്ട്. കേവലമായ രാഷ്ട്രീയസ്വാതന്ത്ര്യം മാത്രമല്ല പൗരാവകാശങ്ങൾക്കു വേണ്ടിയുള്ള സമരങ്ങളും നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നു**

അതിപ്രാചീനകാലം മുതൽ തന്നെ കുടിയേറ്റങ്ങളും കയ്യേറ്റങ്ങളും ആക്രമണങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും അവയിൽ നിന്നെല്ലാം ഇന്ത്യയിലെ യൂറോപ്യൻ അധിനിവേശം വേറിട്ടു നിൽക്കുന്നു. ആര്യന്മാർ മുതൽ മുഗളന്മാർ വരെയുള്ള കുടിയേറ്റക്കാരും ആക്രമണകാരികളും ഇന്ത്യാവൽക്കരിക്കപ്പെടുകയും അവരുടെ സംഭാവന ഇന്ത്യൻ സംസ്കാരത്തെ സമ്പുഷ്ടമാക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ സംസ്കാരിക പൈതൃകമെന്നു പറയുന്നത് മുഗളന്മാർ വരെയുള്ള ഭരണാധികാരികളുടെ സംഭാവനയാണ്.

എന്നാൽ പോർച്ചുഗീസുകാർ മുതൽക്കിങ്ങോട്ടുള്ള യൂറോപ്യൻ അധിനിവേശക്കാർ ഇന്ത്യാവൽക്കരിക്കപ്പെട്ടില്ലായെന്നു മാത്രമല്ല ഇന്ത്യക്കാരേയും ഇന്ത്യൻ സംസ്കാരത്തേയും തങ്ങളുടേതിനേക്കാൾ തരംതാണതെന്ന മനോഭാവം വച്ചു പുലർത്തുകയും നിന്ദാപൂർവം വീക്ഷിക്കുകയും ചെയ്തു. കേരളതീരത്ത് പോർച്ചുഗീസുകാർ എത്തിയതിനുശേഷമാണ് ഉത്തരേന്ത്യയിൽ മുഗൾ ആക്രമണമുണ്ടാകുന്നത്. എന്നാൽ മുഗളന്മാർ ഇന്ത്യയിൽ നിലവിലിരുന്ന ഭൂവുടമാവ്യവസ്ഥയെ പുതിയ പേരുകളിൽ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാണ് ശ്രമിച്ചത്. പോർച്ചുഗീസുകാർ മുതൽ ഇംഗ്ലീഷുകാർ വരെയുള്ള യൂറോപ്യന്മാർ ഇന്ത്യയിൽ നിലവിലിരുന്ന വ്യവസ്ഥയെ തകർക്കുന്നതിനാണ് ശ്രമിച്ചത്. അതുകൊണ്ടു തന്നെ യൂറോപ്യൻമാർക്കെതിരെ ആദ്യകാലത്ത് ഇന്ത്യയിൽ നടന്ന സമരങ്ങൾ നിലവിലിരുന്ന വ്യവസ്ഥയെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ളതായിരുന്നു.

## കാപ്പാട് തുടങ്ങിയ അധിനിവേശം

യൂറോപ്യൻ അധിനിവേശം തുടങ്ങുന്നത് കേരളത്തിലാണ്. പോർച്ചുഗീസ് നാവികനായ വാസ്കോഡഗാമ കപ്പലിറങ്ങിയത് സാമൂതിരിയുടെ നാടായ കോഴിക്കോടിനടുത്തുള്ള കാപ്പാട് കടപ്പുറത്തായിരുന്നു.



അതിനാൽത്തന്നെ അവർക്കെതിരെയുള്ള ആദ്യത്തെ സമരവും കേരളീയരാണ് ചെയ്തത്. അറബിക്കടലിൽ ആധിപത്യമുറപ്പിച്ചിരുന്ന നാവികനായ കുഞ്ഞാലി മരക്കാരും പോർച്ചുഗീസുകാരും തമ്മിലായിരുന്നു ഏറ്റുമുട്ടൽ. അല്ലാതെ സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിലായിരുന്നില്ല. ശ്രീലങ്ക മുതൽ സൗരാഷ്ട്രതീരം വരെയുള്ള അറബിക്കടലിലെ നാവികാധിപരായിരുന്നു കുഞ്ഞാലിമാർ. ഇന്ത്യാസമുദ്രവാണിജ്യത്തിൽ ആധിപത്യ മുറപ്പിച്ചിരുന്ന ചീനർ, ഇന്ത്യാക്കാർ, അറബികൾ എന്നിവരിൽ നിന്നും അതു തട്ടിപ്പറിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് പോർച്ചുഗീസുകാരും ഡച്ചുകാരും ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും ഇവിടെയെത്തിയത്. അവരെ നയിച്ചിരുന്നതാകട്ടെ ആ രാജ്യങ്ങളിലെ നവജാത കച്ചവടവർഗവും. ഈ രണ്ടു വർഗങ്ങൾ തമ്മിലുള്ള സംഘട്ടനത്തിന്റെ വേദിയാവുകയായിരുന്നു കേരളം. അറബിക്കടൽ വാണിജ്യത്തിൽ പോർച്ചുഗീസുകാർക്ക് ഭീഷണിയായി നിന്നത് കുഞ്ഞാലിമാരായിരുന്നു. കുഞ്ഞാലിമാർ സാമൂതിരിയുടെ നാവികത്തലവനാ യിരുന്നു എന്നതിന് രണ്ടാമത്തെ പ്രാധാന്യമേ കൽപിക്കേണ്ടതുള്ളു. എന്തായിരുന്നാലും കുഞ്ഞാലിമാരെ തകർക്കേണ്ടത് പോർച്ചുഗീസുകാരുടെ നിലനിൽപ്പിന്റെ പ്രശ്നമായിരുന്നു. അങ്ങിനെയാണ് ചതിവിൽ കുഞ്ഞാലി നാലാമനെ പോർച്ചുഗീസുകാർ തടവുകാരനാക്കുന്നതും ഗോവയിൽ കൊണ്ടുപോയി ശിരഛേദം ചെയ്ത് ഉപ്പിലിട്ട് തിരികെ കൊണ്ടു വന്ന് കണ്ണൂരിൽ പ്രദർശിപ്പിച്ചതും. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ആദ്യത്തെ രക്തസാക്ഷി കുഞ്ഞാലിമരക്കാർ ആയിരുന്നു.

## കുരുമുളകിനായി ഡച്ച്– ഇംഗ്ലീഷ് പോര്

പോർച്ചുഗീസുകാർക്കു പിന്നാലെ കേരളതീരത്തെ ത്തിയത് ഡച്ചുകാരായിരുന്നു. കേരളത്തിലെ നാടുവാഴിക ളുമായി കച്ചവട ഉടമ്പടികളുണ്ടാക്കി കുരുമുളകും മറ്റു ചരക്കുകളും ശേഖരിക്കുകയായിരുന്നു ഇവരുടേയും ഉദ്ദേശം. കുരുമുളകു വ്യാപാരത്തിൽ യൂറോപ്യൻ കമ്പോള ത്തിൽ ഡച്ചുകാർക്കായിരുന്നു 16–ാം നൂറ്റാണ്ടിലും 17–ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും കുത്തക. ഡച്ചുകാർ കുരുമുളകിന്റെ വില വർധിപ്പിച്ചതായിരുന്നു 1600–ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനി സ്ഥാപിക്കാനിടയാക്കിയത് എന്ന കാര്യം ഗൗരവമുള്ളതാണ്. ഡച്ചുകാരുടെ കുത്തക തകർത്ത് കുരുമുളക് വ്യാപാരത്തിൽ ഇംഗ്ലീഷുകാർക്ക് മേൽക്കൈ നേടുന്നതിനുള്ള മത്സരമാണ് പിന്നീട് ഇന്ത്യയിലും തെക്കുകിഴക്കനേഷ്യയിലും നടന്നത്. ഈ മത്സരത്തിൽ ഡച്ചുകാർ പരാജയപ്പെടുകയും അവർ ഈസ്റ്റിന്തീസ് എന്നറിയപ്പെട്ടിരുന്ന ഇന്തോനേഷ്യയിൽ മാത്രമായി ചുരുങ്ങുകയും ചെയ്തു. സിലോണും അവരുടെ നിയന്ത്രണത്തിലായിരുന്നുവെങ്കിലും യൂറോപ്പിൽ നെപ്പോളിയന്റെ സഖ്യകക്ഷിയായിരുന്ന ഡച്ചുകാർ ഇംഗ്ലീഷുകാരുമായുള്ള യുദ്ധത്തിൽ പരാജയപ്പെട്ടപ്പോൾ 1805–ൽ ആ ദ്വീപും കൈമാറേണ്ടതായി വന്നു.

കേരളതീരവുമായി നല്ല വാണിജ്യബന്ധമായിരുന്നു ഡച്ചുകാർക്കുണ്ടായിരുന്നത്. തിരുക്കൊച്ചി പ്രദേശത്തായി രുന്നു അവർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത്. പ്രാദേശിക നാടുവാഴികളുമായും മാടമ്പിമാരുമായും സഹകരിച്ച് പരമാവധി കുരുമുളക് ശേഖരിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. തദ്ദേശീയരായ വ്യാപാരികളുമായുള്ള അവരുടെ ബന്ധം സൗഹാർദ്ദപരമായിരുന്നു. എന്നാൽ പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യപാദമാകുമ്പോഴേക്കും (1675–1700) ഇംഗ്ലീഷുകാർ തെക്കൻകേരളത്തിലെത്തിയിരു ന്നു. ആറ്റിങ്ങൽ റാണി ഇംഗ്ലീഷുകാരെ ക്ഷണിച്ചുകൊണ്ടു വന്ന് അഞ്ചുതെങ്ങിൽ കോട്ട കെട്ടുന്നതിനുള്ള അനുവാദം നൽകുകയും കുരുമുളക് സംഭരിച്ച് നൽകാമെന്ന് ഉറപ്പു നൽകുകയും ചെയ്തിരുന്നു. സ്വാഭാവികമായും ഡച്ചുകാരു മായി നല്ല കച്ചവടബന്ധം പുലർത്തിയിരുന്ന മാടമ്പിമാരിൽ ഒരു വിഭാഗത്തിന് അഹിതമായിത്തോന്നി. മാടമ്പിമാർ തമ്മിലുള്ള തർക്കവും ആറ്റിങ്ങൽ റാണി ഇംഗ്ലീഷ് പക്ഷപാതിയായതും പ്രശ്നങ്ങളെ വഷളാക്കി. ഇതാണ് 1721–ലെ ആറ്റിങ്ങൽ കലാപത്തിലേക്ക് വഴിവച്ചത്.

## ആറ്റിങ്ങൽ കലാപത്തിന്റെ പ്രസക്തി

കോട്ട കെട്ടി കച്ചവടം ചെയ്യുന്നതിനുള്ള പ്രതിഫലമായി ഇംഗ്ലീഷുകാർ ആറ്റിങ്ങൽ റാണിക്ക് കപ്പം കൊടുക്കാമെന്ന് സമ്മതിച്ചിരുന്നു. എന്നാൽ കരാറുണ്ടാ ക്കിയ ഉമയമ്മറാണി നിര്യാതയാവുകയും വേണാടിലെ മൂപ്പിളമ തർക്കം മൂർഛിച്ച് ഭരണം അവതാളത്തിലാവു കയും ചെയ്തപ്പോൾ ഇംഗ്ലീഷുകാർ കപ്പം കൊടുക്കു ന്നതിൽ വീഴ്ച വരുത്തി. അഞ്ചുതെങ്ങുകോട്ടയിലെ ഇംഗ്ലീഷുകാരും കൂലിപ്പട്ടാളക്കാരും തദ്ദേശീയരോടു മോശമായി പെരുമാറിയിരുന്നതിനാൽ മാടമ്പിമാരിലൊരു വിഭാഗവും അവർക്കെതിരായി. ഡച്ചനുകൂല നിലപാടുള്ള മാടമ്പിമാർ ഈയവസരം ഉപയോഗപ്പെടുത്തുമെന്നുള്ള തിരിച്ചറിവിന്റെ

യടിസ്ഥാനത്തിലാണ് ആറ്റിങ്ങൽ റാണിയുമായി സൗഹൃദം പുനഃസ്ഥാപിക്കാൻ ഇംഗ്ലീഷുകാർ മുതിർന്നത്. മുടങ്ങി പ്പോയ കപ്പം മുഴുവനും കൊടുത്തുതീർക്കുന്നതിനും റാണിയെ പ്രീതിപ്പെടുത്തുതിനായി പാരിതോഷികങ്ങളു മായി 1721 ഏപ്രിൽ 14-ന് ഇംഗ്ലീഷുകാർ അഞ്ചുതെങ്ങ് കോട്ടയിൽ നിന്ന് വാമനപുരം ആറുവഴി വള്ളങ്ങളിൽ ആറ്റിങ്ങൽ കൊട്ടാരത്തിലെത്തി. പകൽ മുഴുവൻ അവിടെ കഴിഞ്ഞശേഷം സന്ധ്യയോടുകൂടി വള്ളങ്ങളിൽ തിരികെ പോവുകയായിരുന്ന ഇംഗ്ലീഷുകാരെ കൊടുമ പിള്ളയെ മാടമ്പിയുടെ നേതൃത്വത്തിലുള്ള ഒളിപ്പോരാളികൾ ഇരുകരകളിലും നിന്ന് അമ്പെയ്ത് കൊലപ്പെടുത്തി. വള്ളങ്ങളിലുണ്ടായിരുന്ന തോക്കുകൾ ഇംഗ്ലീഷുകാർക്ക് ഉപയോഗിക്കാനായില്ല. വള്ളം മുക്കിക്കളഞ്ഞതിനാൽ തോക്കുകളെല്ലാം വെള്ളത്തിൽ വീണുപോയിരുന്നു. സന്ദർശകസംഘത്തിലുണ്ടായിരുന്ന 152 പേരും കൊല്ലപ്പെട്ടു. പിറ്റേന്ന് രാവിലെ പോരാളികൾ അഞ്ചുതെങ്ങുകോട്ട വളഞ്ഞു. എന്നാൽ കോട്ടക്കുള്ളിൽ നിന്നും പീരങ്കി പ്രയോഗമുണ്ടായതിനാൽ ഉള്ളിലേക്കു കടക്കാൻ ആർക്കും കഴിഞ്ഞില്ല. ഏകദേശം ആറുമാസ ത്തോളം ഉപരോധം നീണ്ടുനിന്നു. ബോംബേയിൽ നിന്നും കപ്പൽപ്പട എത്തിയതിനുശേഷമാ യിരുന്നു ഉപരോധം അവസാനിച്ചത്. ഈസ്റ്റിന്ത്യാക്ക മ്പനിക്കെതിരെ ബംഗാൾ നവാബ് സിറാജ് ദൗള നടത്തിയ പ്ലാസ്സിയുദ്ധത്തിനു മൂന്നരപ്പതിറ്റാ ണ്ടിനു മുമ്പാണ് ഇംഗ്ലീഷു കാർക്ക് കേരളക്കരയിൽ നിന്നും ഇത്തരത്തിലൊരു ദുരന്തം അനുഭവിക്കേണ്ടി വന്നത് എന്ന കാര്യം മുഖ്യധാരാ ചരിത്രകാര ന്മാർ തമസ്കരിച്ചു കളഞ്ഞു.

ഇംഗ്ലീഷുകാർക്ക് താൽക്കാ ലിക പരാജയം ഉണ്ടായെങ്കിലും വേണാട് രാജാക്കന്മാരുടെ മേൽ പിന്നീട് ശക്തമായ സ്വാധീനം ചെലുത്താൻ അവർക്കു കഴി ഞ്ഞു. തിരുവിതാംകൂറിന്റെ സ്ഥാപകനെന്ന് വിശേഷിപ്പിക്ക പ്പെടുന്ന മാർത്താണ്ഡവർമ്മ തന്റെ പ്രതിയോഗികളെ അമർച്ച ചെയ്തത് ഇംഗ്ലീഷുകാരുടെ സഹായത്തോടെയായിരുന്നു. പിന്തുടർച്ചാവകാശത്തിനു വേണ്ടി മാർത്താണ്ഡവർമയും മുൻരാജാവിന്റെ മക്കളും തമ്മിൽ നടന്ന കലാപത്തിൽ എതിർപ ക്ഷത്തു നിലയുറപ്പിച്ച് ഡച്ച് അനുകൂലികളായ കുടമപിള്ള യേയും മറ്റു മാടമ്പിമാരേയും മാർത്താണ്ഡവർമ്മ ഉന്മൂലനം ചെയ്തത് ഇംഗ്ലീഷുകാരുടെ സഹായത്തോടുകൂടിയായിരുന്നു. കുരുമുളക് കൊടുത്ത് തോക്കു വാങ്ങുന്ന യുദ്ധതന്ത്രപരമായ വാണിജ്യം പയറ്റി വിജയിച്ച മാർത്താണ്ഡവർമ നിർണായകമായ മറ്റൊരു വിജയം കൂടി നേടുകയുണ്ടായി. അത് കുളച്ചൽ യുദ്ധ ത്തിൽ ഡച്ചുകാരെ പരാജയപ്പെടുത്തി എന്നുള്ളതാണ്. ക്രമേണ ഡച്ച് സ്വാധീനം കേരളത്തിൽ നിന്ന് പൂർണമായി ഇല്ലാതായി.

കുളച്ചൽ യുദ്ധത്തിൽ വിജയിച്ചത് മാർത്താണ്ഡവർമ യാണോ ഇംഗ്ലീഷുകാരാണോ എന്ന് വിലയിരുത്തേണ്ടതു ണ്ട്. അത്തരം സംഭവങ്ങൾ തെളിയിക്കുന്നത് ഇംഗ്ലീഷു കാർക്ക് തിരുവിതാംകൂറിൽ നിർണായക സ്വാധീനം ചെലുത്താൻ കഴിഞ്ഞത് കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാർ പരാജയപ്പെട്ടതോടുകൂടിയാണ് എന്ന വസ്തുതയാണ്.

## ടിപ്പുവിന്റെ പടയോട്ടം

വടക്ക് ഗോവ മുതൽ തെക്ക് ചേറ്റുവ വരെയുള്ള പശ്ചിമതീരം മൈസൂർ സുൽത്താനായ ടിപ്പുവിന്റെ നിയന്ത്രണത്തിലായിരുന്നു. ടിപ്പുവിന്റെ സഖ്യകക്ഷിയായ ഫ്രഞ്ചുകാർ ഇംഗ്ലീഷുകാരെ തുരത്തി പശ്ചിമതീരം



കൈവശപ്പെടുത്തുവാൻ തക്കം പാർത്തിരിക്കുകയായിരുന്നു. ഇംഗ്ലീഷുകാരുമായി സഖ്യത്തിലായിരുന്ന കൊച്ചിയും തിരുവിതാംകൂറും കൈവശപ്പെടുത്തുകയെന്നത് ടിപ്പുവിന്റെ രാഷ്ട്രീയവും സൈനികവുമായ ആവശ്യമായിരുന്നു. ഈ ലക്ഷ്യത്തോടു കൂടിയാണ് ടിപ്പു തിരുവിതാംകൂറിനെ ആക്രമിച്ചത്. ടിപ്പുവിന്റെ ദൗത്യം വിജയിച്ചാൽ ഇംഗ്ലീഷുകാർക്ക് പശ്ചിമതീരം നഷ്ടപ്പെടുകയെന്നുള്ളതായിരിക്കും ഫലം. അതൊഴിവാക്കുന്നതിനു വേണ്ടിയാണ് ഈസ്റ്റിന്ത്യാക്കമ്പനി മൈസൂർ ആക്രമിച്ച് ടിപ്പുവിന്റെ ശ്രദ്ധ കേരളത്തിൽ നിന്നും മാറ്റി കൊച്ചിയേയും തിരുവിതാംകൂറിനേയും ഇംഗ്ലീഷ് ദാസരാക്കിയത്. അതുകൊണ്ടാണ് 1809-ലെ കുണ്ടറ വിളംബരത്തിൽ വേലുത്തമ്പിദളവ പറയുന്നത് 'ചതിവും വഞ്ചനയും അവരുടെ വംശപാരമ്പര്യമാണ്' എന്ന്.

ദക്ഷിണേന്ത്യ പൂർണമായും കൈവശപ്പെടുത്തുകയെന്ന ഈസ്റ്റിന്ത്യാക്കമ്പനിയുടെ ദുരുദ്ദേശ്യത്തിനെതിരെ നടന്ന കലാപങ്ങളാണ് പോളിഗർ (പട്ടാളയക്കാർ) സമരമെന്ന പേരിൽ ചരിത്രത്തിലിടം പിടിച്ചത്. കട്ടബൊമ്മൻ, ഊമത്തുറൈ, ചിപ്പാവേർ, കൃഷ്ണപ്പവൗഹ്, ടിപ്പു സുൽത്താൻ, വേലുത്തമ്പിദളവ, പഴശ്ശിരാജ, പാലിയത്തച്ചൻ തുടങ്ങിയവരെല്ലാം ഒരേ ലക്ഷ്യത്തോടു കൂടിയാണ് ബ്രിട്ടീഷ്‌വിരുദ്ധ കലാപങ്ങളിലേർപ്പെട്ടത്. ഈ കലാപങ്ങളെല്ലാം അടിച്ചമർത്തപ്പെട്ടു. തങ്ങളുടെ നാട്ടിൽ നിലവിലിരിക്കുന്ന ഭരണവ്യവസ്ഥയേയും സ്വത്തുടമാബന്ധങ്ങളേയും സംരക്ഷിക്കുകയെന്ന ദൗത്യമാണ് അവർ ഏറ്റെടുത്തത്. ആ അർഥത്തിലാണ് അവരെ സ്വാതന്ത്ര്യസമരപ്പോരാളികളായി ചരിത്രത്തിൽ വിലയിരുത്തിയിട്ടുള്ളത്. നിലവിലിരിക്കുന്ന വ്യവസ്ഥയെ തകർക്കാനുള്ള വിദേശികളുടെ നീക്കത്തിനെതിരെയാണ് 1857-ലെ കലാപകാരികളും ഉത്തരേന്ത്യയിൽ സമരത്തിലേർപ്പെട്ടത്.

## മലബാറിലെ കർഷകപോരാട്ടങ്ങൾ

തിരുവിതാംകൂറും കൊച്ചിയും ബ്രിട്ടീഷ്‌വിധേയത്വത്തിലമർന്നപ്പോൾ മലബാറിലെ കർഷകർ പത്തൊമ്പതാം നൂറ്റാണ്ടിലുടനീളം സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനുമെതിരെയുള്ള പോരാട്ടങ്ങളിലേർപ്പെട്ടിരിക്കുകയായിരുന്നു. മലബാർ കലാപങ്ങളെ പേരിൽ പൊതുവിലറിയപ്പെടുന്ന ആ കലാപങ്ങൾ 1921-വരെ നീളുന്നു. ജന്മിത്തത്തെ തകർക്കുകയെന്നതായിരുന്നു കലാപകാരികളുടെ ലക്ഷ്യം. നിലവിലിരിക്കുന്ന വ്യവസ്ഥയെ സംരക്ഷിക്കാനല്ല, തകർക്കാനാണ് കലാപകാരികൾ ശ്രമിച്ചത്. അങ്ങനെയാണ് 1857 വരെയുള്ള ബ്രിട്ടീഷ്‌വിരുദ്ധ സമരങ്ങളിൽ നിന്നും മലബാറിലെ കർഷകസമരമുൾപ്പെടെയുള്ള പിൽക്കാലസമരങ്ങൾ വ്യത്യസ്തമാവുന്നത്. ഇക്കാലത്ത് സ്ഥാപിക്കപ്പെട്ട ഇന്ത്യൻ നാഷണൽ കോഗ്രസും നിലവിലിരുന്ന ജാതി-ജന്മി-നാടുവാഴി വ്യവസ്ഥയെ സംരക്ഷിക്കാനല്ല ശ്രമിച്ചത്. സ്വരാജും സ്വദേശിയുമായിരുന്നു കോഗ്രസ്സിന്റെ ലക്ഷ്യം. അത് രാഷ്ട്രീയവും സാമ്പത്തികവുമായ സമരവുമായിരുന്നു. ജന്മിത്തത്തെ തകർക്കുകയെന്നാൽ സവർണത്വത്തെ തകർക്കുകയെന്നാണർഥം. അതിനോടെതിർപ്പുള്ളവരാണ് മലബാർ കലാപങ്ങളെ ഹിന്ദു-മുസ്‌ലിം ലഹളയെന്ന് മുദ്രകുത്തി അപകീർത്തിപ്പെടുത്തിയത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതി മുതൽ കേരളത്തിലെ സ്വാതന്ത്ര്യസമരം വളരെ ഭിന്നമായ ഒരു സ്വഭാവം ആർജിക്കുന്നുണ്ട്. അതിന്റെ പേരുകൾ ആ ആനൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ മുതൽ കാണാം. വസ്ത്രധാരണാവകാശം (ചാന്നാർലഹള) ആരാധനാസ്വാതന്ത്ര്യം (അരുവിപ്പുറം (പ്രതിഷ്ഠ), സഞ്ചാരസ്വാതന്ത്ര്യം (വില്ലുവണ്ടിയാത്ര, വൈക്കം സത്യഗ്രഹം) വിദ്യാഭ്യാസാവകാശം (പഞ്ചമിയുടെ സമരം), സർക്കാർ ജീവനം (മെമ്മോറിയലുകൾ), അഭിപ്രായപ്രകടനസ്വാതന്ത്ര്യം (ബാരിസ്റ്റർ ജി.പി.പിള്ള, സ്വദേശാഭിമാനി), വോട്ടവകാശം (നിവർത്തന പ്രക്ഷോഭം) എന്നിവകൾക്കു വേണ്ടിയുള്ള സമരങ്ങൾ സ്വാതന്ത്ര്യത്തിന്റെ അർഥതലത്തെ ചക്രവാളസീമവരെ എത്തിച്ചു. കേവലമായ രാഷ്ട്രീയസ്വാതന്ത്ര്യം മാത്രമല്ല പൗരാവകാശങ്ങൾക്കു വേണ്ടിയുള്ള സമരങ്ങളും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാകുന്നത് അങ്ങിനെയാണ്. അതുകൊണ്ടാണ് ഭരണഘടനയുടെ ആമുഖത്തിൽ പരമാധികാരം, ജനാധിപത്യം, മതനിരപേക്ഷത, സോഷ്യലിസം, നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്വങ്ങൾ ആലേഖനം ചെയ്തിരിക്കുന്നത്. ഇവയെല്ലാം നേടിയെടുക്കുമ്പോഴാണ് സ്വാതന്ത്ര്യം പൂർണമാവുന്നത്. ●






**ഡോ. ആർ ബിന്ദു**

(ഉന്നതവിദ്യാഭ്യാസ – സാമൂഹ്യനീതി മന്ത്രി)


# വിജ്ഞാനമേഖലയിലെ കേരള മോഡൽ



രാജ്യത്തെ ഗുണമേന്മയുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആദ്യത്തെ പത്തിലൊന്നാകുക: കേരളത്തിലെ സർവകലാശാലകൾ മുമ്പാകെ ആദരണീയനായ മുഖ്യമന്ത്രി പിണറായി വിജയൻ മുന്നോട്ടുവെച്ച ടാസ്ക്. അതിതാ, കേരളത്തിന്റെ മാതൃസർവകലാശാലയായ കേരള സർവകലാശാല കയ്യെത്തിപ്പിടിച്ചിരിക്കുന്നു. വിശ്വോത്തരമായ അക്കാദമിക മികവുകേന്ദ്രങ്ങളായി കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉയർത്തുകയെന്ന സംസ്ഥാന സർക്കാരിന്റെ സ്വപ്നം ഒട്ടും അപ്രായോഗികമല്ലെന്ന് വിളംബരംചെയ്യുന്ന അസുലഭനേട്ടം - കേരള സർവകലാശാല നമ്മുടെയാകെ അഭിമാനമായിരിക്കുന്നു.

ഇന്ന് രാജ്യത്തെ കേന്ദ്ര-സംസ്ഥാന സർവകലാശാലകളിൽ ഏറ്റവും ഉയർന്ന ഗ്രേഡുള്ള പത്തു സർവകലാശാലകളിൽ ഒന്നാണ് കേരളസർവകലാശാല. രാജ്യത്തെ സംസ്ഥാന സർവകലാശാലകളിൽ ഏറ്റവും ഉയർന്ന ഗ്രേഡ് പോയിന്റ് നേടി ഒന്നാമത് നിൽക്കുന്നതും കേരള സർവകലാശാലയാണ്.

## 'നാക്ക്' വിട്ടുവീഴ്ചയില്ലാത്ത മൂല്യനിർണ്ണയരീതി

1994-ൽ യുജിസിക്കായി പ്രവർത്തനം തുടങ്ങിയ നാഷണൽ അസസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിൽ (NAAC) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ അടിസ്ഥാനത്തിൽ അടയാളപ്പെടുത്തുന്ന ഏജൻസിയാണ്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിഭവത്തികവ്, പൊതു ഗുണമേന്മ, ഫലസമൃദ്ധി, അതിനോടെല്ലാം ഗുണഭോക്താക്കൾക്ക് (വിശേഷിച്ച് വിദ്യാർത്ഥിസമൂഹത്തിന്) ഉള്ള താൽപര്യം എന്നിവയിൽ ഊന്നിയ ഫ്രെയിം വർക്കിലൂടെയാണ് 'നാക്ക്' മൂല്യനിർണ്ണയം (assessment) നടത്തുന്നത്. വാർഷികറിപ്പോർട്ടുകൾ (AQAR), മൂല്യനിർണ്ണയ ത്തിനു സജ്ജമാണെന്നു കാണിക്കുന്ന സ്ഥാപനത്തിന്റെ അടിസ്ഥാനവിവരങ്ങൾ (IIQA), അഞ്ചുവർഷത്തിലൊരിക്കൽ സമർപ്പിക്കുന്ന സ്വയംപഠന റിപ്പോർട്ട് (Self Study Report), പിയർ ടീം സന്ദർശനം (Peer Team Visit) എന്നിവ ഇതിന്റെ ഭാഗമാണ്.

സ്വയംപഠന റിപ്പോർട്ടിൽ അടിസ്ഥാനവിഭവങ്ങളുടെ മുൻകൂറായി അപ്‌ലോഡ് ചെയ്യുന്ന, മതിയായ രേഖകൾ സഹിതമുള്ള, ക്വാണ്ടിറ്റേറ്റീവ് ആയ വിവരങ്ങളാണുള്ളത്. പൂർണ്ണമായും 'സിസ്റ്റം ജനറേറ്റ്' ചെയ്യുന്നതാണ് അതിന്റെ സ്കോർ. അതുൾപ്പെടെ നേരിൽക്കണ്ട് ഉറപ്പാക്കുന്ന പരിശോധനയും വിലയിരുത്തലും ചേർന്ന പ്രക്രിയയാണ് ഈ മൂല്യനിർണ്ണയം. എല്ലാ വിലയിരുത്തലുകൾക്കും ആവശ്യമായ സൂചകങ്ങൾ ദേശീയതലത്തിൽ ക്രമപ്പെടുത്തിയവയാണ്.

അക്രെഡിറ്റേഷൻ പ്രക്രിയ കുറ്റമറ്റതും സുതാര്യവുമാക്കുക എന്നതാണ് ഇതിലൂടെ 'നാക്ക്' ലക്ഷ്യമാക്കുന്നത്. കാലോചിതമായ മാറ്റം ഫ്രെയിം വർക്കിൽ 'നാക്ക്' വരുത്താറുണ്ട്.

## ലളിതമല്ല ഈ കുതിപ്പ്

ഈ മാനദണ്ഡങ്ങളിലെല്ലാം കിടപിടിച്ച് 'നാക്ക്' അക്രെഡിറ്റേഷനിൽ കേരളസർവ്വകലാശാല നേടിയ മികവിന്റെ ഗ്രാഫ് ഇങ്ങനെയാണ്: 2003 ൽ B++, 2015ൽ A, ഇപ്പോൾ 3.67 പോയിന്റുകളോടെ A++.

ഏഴ് വ്യത്യസ്ത ക്രൈറ്റീരിയകളായാണ് 'നാക്ക്' വിലയിരുത്തൽ. 34 കീ ഇൻഡിക്കേറ്റേഴ്സ്. അതിൽ 115 മെട്രിക്സുകൾ. 79 മെട്രിക്സുകൾ ക്വാണ്ടിറ്റേറ്റീവ്. 36 മെട്രിക്സുകൾ ക്വാളിറ്റേറ്റീവ്. ഇവയുടെ സൂക്ഷ്മപരിശോധനയിലൂടെയാണ് കേരള സർവകലാശാലയുടെ ഗുണമേന്മ പ്രധാനമായും വിലയിരുത്തപ്പെട്ടത്. ഓരോ മെട്രിക്സിനും നിശ്ചിത വെയിറ്റേജാണ്. മതിയായ രേഖകളില്ലാതെ ഒരു വെയിറ്റേജും ഒരു ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിനും നേടാൻ സാധിക്കില്ല. സർവ്വകലാശാല സമർപ്പിച്ച സെൽഫ് സ്റ്റഡി റിപ്പോർട്ട് (SSR) വെബ്ബ് അധിഷ്ഠിതമായ 'ഡാറ്റ വെരിഫിക്കേഷൻ ആൻഡ് വാലിഡേഷൻ' (DVV) പ്രക്രിയയ്ക്ക് വിധേയമാണ്.

കേരള സർവ്വകലാശാലയ്ക്ക് 3.67 പോയിന്റുകളോടെ A++ ഗ്രേഡ് കിട്ടിയതിന് ആധാരമായ സൂചികകൾ ശ്രദ്ധേയമാണ്. കരിക്കുലം-3.8. അദ്ധ്യാപനം/ പഠനം/മൂല്യനിർണ്ണയം-3.47. ഗവേഷണം/ കണ്ടുപിടിത്തം-3.52. അടിസ്ഥാനസൗകര്യങ്ങൾ/ പഠനസൗകര്യങ്ങളുടെ പര്യാപ്തത-3.75. സ്റ്റുഡന്റ് സപ്പോർട്ട്/ പ്രോഗ്രഷൻ-3.93. ഗവേർണസ്/ലീഡർഷിപ്പ്/മാനേജ്മെന്റ് 3.61. ഇൻസ്റ്റിറ്റ്യൂഷണൽ വാല്യൂസ് ആൻഡ് ബെസ്റ്റ് പ്രാക്ടീസസ്-3.96. ഈ സൂചികകൾക്ക് 4-ൽ ലഭിച്ച സ്കോറിന്റെ ടോട്ടൽ ആവറേജ് ആണ് 3.67.

A++ കിട്ടാൻ വേണ്ട മിനിമം ഗ്രേഡ് പോയിന്റ് 3.51 ആണ്. അതിലാണ് കേരള സർവ്വകലാശാലയ്ക്ക് 3.67 കിട്ടിയത്. ഇതു നൽകുന്ന സൂചന, സർവകലാശാല അതിന്റെ ഗുണമേന്മയുടെ വിവിധതലങ്ങളിൽ ഉയർന്ന നിലവാരം പുലർത്തി എന്നാണ്. അതായത്, സർവകലാശാല ലളിതമായി A++ലേക്ക് എത്തുകയായിരുന്നില്ല എന്നർത്ഥം.

നിലവിൽ കേരള സർവകലാശാലയേക്കാൾ ഉയർന്ന 'നാക്ക്' ഗ്രേഡ് പോയിന്റുള്ള ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ വിരലിലെണ്ണാവുന്നവയാണ്. (ഗ്വാളിയറിലെ ലക്ഷ്മിഭായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ-3.79. ജെ.എൻ.യു.-3.77. ബംഗളൂരുവിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിക്കൽ ടെക്നോളജി-3.77. ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ച്-3.76). ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസിന്റെ ഗ്രേഡ് പോയിന്റിനു സമമാണ് ഇപ്പോൾ കേരള സർവ്വകലാശാലയ്ക്ക്. നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിൽ (NIRF) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസ് ആണ് ഒന്നാം സ്ഥാനത്ത് എന്നത് ഇതിനൊപ്പം കാണണം.



## ജ്ഞാനസമൂഹം വിജ്ഞാന സമ്പദ്വ്യവസ്ഥ

മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളാണ് ലോകതലത്തിൽ വിജ്ഞാനമേഖലയിലേത്.

അതിനുതകുന്ന മാനദണ്ഡങ്ങൾ ക്രമീകരിച്ച് വിദ്യാഭ്യാസ സാഹചര്യങ്ങളെ മാറ്റിയെടുക്കുകയെന്നതാണ് നാം നേരിടുന്ന വലിയ വെല്ലുവിളി. ലോകം മാറുന്നതിനനുസരിച്ച് മാറാൻ കഴിയുന്നില്ലെങ്കിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ പുറന്തള്ളപ്പെടും.

ശാസ്ത്ര-സാങ്കേതിക രംഗത്തും ഇൻഫർമേഷൻ ടെക്നോളജിയുടെ മേഖലയിലും മാത്രമല്ല, മാനവിക, ഭാഷാ-സാഹിത്യ, കലാരംഗങ്ങളിലും കഴിഞ്ഞ ദശകങ്ങൾ കണ്ടത് വിപ്ലവകരമായ മാറ്റങ്ങളാണ്. അതിന്റെ അനുരണനങ്ങൾ ഏറ്റുവാങ്ങുന്ന തലമുറയാണ് ഇന്ന് കലാലയങ്ങളിൽ. അവർക്ക് അതിനു പാകമായ, ഒപ്പം ലോകോത്തരവുമായ, വിദ്യാഭ്യാസം പകർന്നുനൽകുന്ന കടമയാണ് രണ്ടാം പിണറായി വിജയൻ സർക്കാർ നിറവേറ്റുന്നത്. കേരളത്തെ ഒരു ജ്ഞാനസമൂഹമായി പരിവർത്തിപ്പിക്കുക, ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥ



സൃഷ്ടിക്കുക - ഇതാണ് ലക്ഷ്യം. നാം വിഭാവനം ചെയ്യുന്ന നവകേരള നിർമ്മിതിയുടെ അവിഭാജ്യ ഭാഗമാണിത്.

## വിട്ടുവീഴ്ചയില്ലാത്ത ബദൽ ചുവടുകൾ

ചരിത്രത്തിലെ വലിയ പ്രതിസന്ധികളെ നേരിടുകയാണ് രാജ്യത്തെ ഉന്നതവിദ്യാഭ്യാസരംഗം. അപ്പോഴും, സർവകലാശാലകളുടെ വിശ്വാസ്യത എല്ലാ അർത്ഥത്തിലും സംരക്ഷിക്കുന്നതിലും നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിലും പഠന-ഗവേഷണങ്ങളെ സമൂഹനിർമ്മിതിക്കുതകുന്ന തരത്തിൽ രൂപപ്പെടുത്തുന്നതിലും വിട്ടുവീഴ്ചയില്ലാത്ത നിലപാട് സൂക്ഷിച്ചുകൊണ്ടാണ് കേരളത്തിന്റെ ചുവടുകൾ.

ഉന്നത പഠന-ഗവേഷണ അവസരങ്ങൾ കുറഞ്ഞ ചെലവിൽ പരമാവധി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന രാജ്യത്തെ മികച്ച സംവിധാനം കേരളത്തിലേതുപോലെ മറ്റൊരു സംസ്ഥാനത്തും ഇന്നില്ല. സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന്റെയും വിദ്യാർത്ഥികളുടെയും ശ്രദ്ധയും പരിഗണനയും ഇത്രയേറെ എങ്ങുമില്ല. ജനാധിപത്യപരമായ പ്രവർത്തന ഘടനയാണ് കേരളത്തിലെ സർവകലാശാലകളെ വേറിട്ടുനിർത്തുന്നത്. വെല്ലുവിളികൾ നേരിടുന്ന രാജ്യത്തിന്റെ ജനാധിപത്യ സംവിധാനത്തെ ദീപ്തമാക്കിനിർത്തുന്ന വേറിട്ട കാഴ്ചപ്പാടാണിതിന് പിന്നിൽ.

കേരളത്തിന്റെ സാമൂഹികബോധം, സാംസ്കാരികമൂല്യം, മാനുഷികത, യുക്ത്യധിഷ്ഠിത നിലപാടുകൾ തുടങ്ങിയവയെല്ലാം ജ്ഞാനോൽപ്പാദന നിലവാരത്തോടൊപ്പം സർവകലാശാലകളുടെ വിഷയമാണ്. പ്രകടനപരതയുള്ള പരിഷ്കാരങ്ങളും കോർപ്പറേറ്റ് ആവശ്യങ്ങൾക്കുള്ള കമ്പാർട്ടുമെന്റുകളും കേവല ലബോറട്ടറികളും മാത്രമായി നമ്മുടെ സർവകലാശാലകൾ മാറാതിരിക്കുന്നത് പ്രതിബദ്ധതയാർന്ന ഈ സൂക്ഷിപ്പുകളുടെ അനിവാര്യഫലമായാണ്.

## അടിത്തറ ഭദ്രമാക്കി മികവിലേക്ക്

ഈ അടിത്തറകൾ നിലനിർത്തി തന്നെ, പ്രത്യക്ഷമായും പരോക്ഷമായും ലോകമാകെ സംഭവിക്കുന്ന വൈജ്ഞാനികാവബോധവും മാറ്റങ്ങളും ശരവേഗത്തിൽ കേരളം ഉൾക്കൊള്ളുകയും ചെയ്യുന്നുവെന്നതിന്റെ മികച്ച ഉദാഹരണമാണ് കേരള സർവകലാശാലയുടെ നേട്ടം. മഹത്തായ മതേതരമൂല്യങ്ങൾ, സമത്വാധിഷ്ഠിത കാഴ്ചപ്പാടുകൾ, സാർവദേശീയ സമീപനങ്ങൾ, ശാസ്ത്രബോധ്യങ്ങൾ, ഭരണഘടന മുന്നോട്ടുവെക്കുന്ന സാമൂഹിക ലക്ഷ്യങ്ങൾ, എല്ലാ തലങ്ങളിലും ജനാധിപത്യപരമായ പ്രവർത്തന സ്വാതന്ത്ര്യം, ഉന്നതമായ മാനവികത തുടങ്ങിയവയൊക്കെ ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ മികവിലേക്കുയരാൻ ഏതൊരു സർവകലാശാലക്കും കഴിയുമെന്നതിന് നിദർശനമാകുകയാണ് കേരള സർവകലാശാലയുടെ നേട്ടം.

സർവകലാശാല സമർപ്പിച്ച എല്ലാ അക്കാദമിക രേഖകളും പരിശോധിച്ച്, സർവകലാശാലയുടെ അക്കാദമിക-ഗവേഷണ നേട്ടങ്ങൾ ഇഴപിരിച്ച് പരിശോധിച്ച്, എല്ലാ പഠനവകുപ്പുകളിലും കേന്ദ്രങ്ങളിലുമെത്തി പഠനാനുബന്ധപ്രവർത്തനങ്ങളും ഭൗതികസംവിധാനങ്ങളും നേരിൽ വിലയിരുത്തിയും പരിശോധിച്ചുറപ്പാക്കിയും 'നാക്ക് പിയർ ടീം' തയ്യാറാക്കിയ റിപ്പോർട്ടാണ് കേരള സർവകലാശാലയെ അംഗീകാര നെറുകയിലെത്തിച്ചിരിക്കുന്നത്.

ഒരു പബ്ലിക്ക് യൂണിവേഴ്സിറ്റിക്ക് വേണ്ടതെല്ലാം രൂപപ്പെട്ടിട്ടുള്ള സർവകലാശാല - യാത്രയയപ്പ് യോഗത്തിൽ നാക്ക് സംഘത്തലവൻ കൂടിയായ ഉസ്മാനിയ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ കേരള സർവകലാശാലയ്ക്ക് നൽകിയ വിശേഷണമാണിത്. എല്ലാ അർത്ഥത്തിലും കേരള സർക്കാരിനു കൂടിയുള്ള അംഗീകാരമാണിത്.

ഈ സുവർണ്ണമാതൃക പിന്തുടരാൻ കേരളത്തിലെ എല്ലാ സർവകലാശാലകളെയും പ്രാപ്തമാക്കുകയെന്ന മഹത്തായ ലക്ഷ്യമാണ് നമുക്ക് മുന്നിലുള്ളത്. അതിന് വിദ്യാർത്ഥികളുടെ ഉയർന്ന പങ്കോടെ അക്കാദമിക സമൂഹത്തെയും പഠന-ഗവേഷണ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്ന, ദൂരക്കാഴ്ചയോടെയുള്ള പ്രവർത്തനങ്ങളിലാണ്, സംസ്ഥാന സർക്കാരും ഉന്നതവിദ്യാഭ്യാസ വകുപ്പും. ●



**ഡോ. എസ്.നസീബ്**
കേരള സർവകലാശാല സിൻഡിക്കേറ്റ് അക്കാദമിക്ക്– റിസർച്ച് കമ്മിറ്റി കൺവീനർ

# അഭിമാന സർവകലാശാല

**കേന്ദ്ര – സംസ്ഥാന സർവകലാശാലകളിൽ ഏറ്റവും ഉയർന്ന ഗ്രേഡുള്ള പത്തു സർവകലാശാലകളിൽ ഒന്നാണ് കേരളസർവകലാശാല. രാജ്യത്തെ സംസ്ഥാന സർവകലാശാലകളിൽ ഏറ്റവും ഉയർന്ന ഗ്രേഡ് പോയിന്റ് നേടി ഒന്നാമതും**

കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മികവിന്റെ വഴിവിളക്ക് എക്കാലവും കേരളസർവകലാശാലയാണ്. ആദ്യ വൈസ്ചാൻസലറായി ലോകപ്രശസ്ത ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റീനെ ക്ഷണിച്ചതു മുതൽ മഹത്വമാർന്ന ആ ചരിത്രം പ്രകാശം പരത്തുന്നു. തുടർന്നിങ്ങോട്ട് പുലർത്തിയ സൗമ്യതയാർന്ന അക്കാദമിക ഔന്നത്യമാണ് നാക്ക് അക്രഡിറ്റേഷന്റെ ഏറ്റവും ഉയർന്ന ഗ്രേഡായ A++ നേടി കേരളത്തിന്റെ അഭിമാനശാലയായി കേരള സർവകലാശാലയെ ഉയർത്തി നിർത്തുന്നത്. ബ്രിട്ടനിലെ മികച്ച സർവകലാശാല യുടേതായിരുന്നു കേരള മാതൃക. കോളേജുകളെ സർവകലാശാലയോട് അഫിലിയേറ്റ് ചെയ്യുന്ന രീതിയാണ് കേരളസർവകലാശാല അന്നേ പിന്തുടർന്നത്.

മികച്ച പഠന–ഗവേഷണാവസരങ്ങൾ ഏറ്റവും കുറഞ്ഞ ചിലവിൽ പരമാവധി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിക്കൊണ്ടാണ് രാജ്യത്തെ ഏറ്റവും മികച്ച സ്ഥാനത്തേക്ക് സർവകലാശാല എത്തുന്നത്. ഗവേഷണങ്ങളെ വ്യവസായമേഖലകളുമായി ബന്ധിപ്പിക്കാനും സ്റ്റാർട്ടപ്പുകളെ പരിപോഷിപ്പിക്കാനും ട്രാൻസ്ലേഷണൽ റിസർച്ചിന് അവസരമൊരുക്കാനുമാണ് സർവകലാശാല കൂടുതൽ ശ്രദ്ധിക്കുന്നത്.

ശാസ്ത്ര–സാങ്കേതിക ഗവേഷണ രംഗത്തും ഇൻഫർമേഷൻ ടെക്നോളജിയുടെയും പുനരുപയോഗ ഊർജ മേഖലയിലും ഡാറ്റാസയൻസിലും ആർട്ടിഫിഷൽ ഇന്റലിജൻസിലും മാത്രമല്ല, മാനവീയ വിഷയങ്ങളിലും ഭാഷാ–സാഹിത്യ, കലാരംഗങ്ങളിലും ശ്രദ്ധേയമായ പഠന ഗവേഷണങ്ങളാണ് നമ്മുടെ സർവകലാശാലയിൽ നടക്കുന്നത്. നവ ഗവേഷണസാധ്യതകൾക്ക് ഉപകരിക്കുന്ന ഗംഭീരമായ ലബോറട്ടറി സംവിധാനങ്ങളും ലൈബ്രറി സൗകര്യങ്ങളും സർവകലാശാല ഉറപ്പാക്കുന്നുണ്ട്.

## അക്കാദമിക് അന്തരീക്ഷം അടിസ്ഥാന സൗകര്യം

കേരളസർവകലാശാലയുടെ പ്രധാനപ്പെട്ട സവിശേഷതകളായി ‘നാക്ക്’ ചൂണ്ടിക്കാട്ടിയിട്ടുള്ളതിൽ ഒന്നാമത്തേത് തികവുറ്റ



അക്കാദമിക അന്തരീക്ഷവും അടിസ്ഥാന സൗകര്യങ്ങളുമാണ്. രണ്ടാമത്തേത് മികച്ച ഗവേഷണ സംസ്കാരവും മൂന്നാമത്തേത് മികച്ച പഠനാനുബന്ധപ്രവർത്തനങ്ങളുമാണ്. കോടിക്കണക്കിനു രൂപയുടെ ലബോറട്ടറി സൗകര്യങ്ങളോടെയാണ് 'ക്ലിഫ്' എന്ന സെൻട്രൽ ലബോറട്ടറി കാര്യവട്ടത്ത് സ്ഥാപിച്ചിട്ടുള്ളത്. അത്യാധുനികമായ ഗവേഷണ സൗകര്യങ്ങൾ ഏതുഗവേഷകനും ഉപയോഗിക്കാനാകുന്ന വിധത്തിൽ ഇവിടെ സാധ്യമാക്കിയിട്ടുണ്ട്. അവ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കിഫ്ബി സഹായവും ഉറപ്പാക്കിയിട്ടുണ്ട്. അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിൽ തുല്യതയില്ലാത്ത മുന്നേറ്റമാണ് ഈ കാലയളവിൽ സർവകലാശാലയിൽ നടന്നത്. ആവശ്യമായ പഠന-ഗവേഷണ വകുപ്പുകൾക്കും ലബോറട്ടറികൾക്കും മതിയായ കെട്ടിടസൗകര്യങ്ങൾ പുതുതായി ഒരുക്കി നൽകി. അഡ്മിഷന്റെ ഘട്ടം മുതൽ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതുവരെയുള്ള എല്ലാക്കാര്യങ്ങളിലും വിദ്യാർത്ഥികൾക്ക് സഹായകമാകുന്ന ഓൺലൈൻ സംവിധാനമായ സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിവരുന്നു.

## പഠനഗവേഷണത്തിനുള്ള പിന്തുണ

പത്തുലക്ഷത്തോളം പുസ്തകങ്ങൾ സർവകലാശാലയുടെ വിവിധ ലൈബ്രറികളിലുണ്ട്. ആവശ്യമുള്ള പുസ്തകങ്ങളുടെ വിവരം വിദ്യാർത്ഥികൾക്ക് ഒറ്റ ക്ലിക്കിൽ ലഭ്യമാക്കുന്ന സംവിധാനം നിലവിൽ വന്നു. സർവകലാശാലയ്ക്ക് കീഴിലുള്ള മുഴുവൻ ലൈബ്രറികളേയും കോഹാ സോഫ്റ്റ്‌വെയറിലൂടെ ബന്ധിപ്പിക്കുന്ന 'ഒരു കാമ്പസ് ഒരു ലൈബ്രറി പദ്ധതി' പഠന ഗവേഷണത്തിന് ഏറെ സഹായകരമാകും.

ഗവേഷണപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അക്കാദമിക്-റിസർച്ച് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ റിസർച്ച് ഡയറക്ടറേറ്റും റിസർച്ച് പോർട്ടലും സ്ഥാപിച്ചു. ഗവേഷകർക്ക്, അഫിലിയേറ്റഡ് കോളേജുകളിലെ ഗവേഷണ സെന്ററുകളിലടക്കം അഞ്ചുവർഷം മികച്ച തുക ഫെലോഷിപ്പായി നൽകുന്ന സംസ്ഥാനത്തെ ഏക സർവകലാശാലയാണ് കേരള സർവകലാശാല. 80 ൽ അധികം വരുന്ന സ്റ്റാർട്ടപ്പ് പദ്ധതികൾ കേരള സർവകലാശാലയുടെ ലബോറട്ടറികളെ നേരിട്ട് സമൂഹവുമായി ബന്ധിപ്പിക്കുന്നതാണ്.

## ഹരിത കാമ്പസ്

'നാക്ക്'പിയർ ടീം എടുത്തുകാണിച്ച കാര്യങ്ങളിൽ മറ്റൊന്ന് കാമ്പസ്സിന്റെ ഗ്രീൻ-ക്ലീൻ സ്വഭാവമാണ്. ഇലക്ട്രിക് ബഗ്ഗികളും സൈക്കിളും ഉപയോഗിച്ച് കാർബൺവിമുക്തമാക്കാൻ നടത്തുന്ന പരിശ്രമം ഇതിന്റെ ഭാഗമാണ്. രാജ്യത്തെ ഉന്നത വിദ്യാഭ്യാസരംഗം ചരിത്രത്തിലെ വലിയ പ്രതിസന്ധികളെ നേരിടുമ്പോഴും സർവകലാശാലയുടെ വിശ്വാസ്യത എല്ലാ അർത്ഥത്തിലും സംരക്ഷിക്കുന്നതിലും നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിലും പഠന-ഗവേഷണങ്ങളെ സമൂഹനിർമ്മിതിയ്ക്കുതകുന്ന തരത്തിൽ രൂപപ്പെടുത്തുന്നതിലും കേരളം വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സൂക്ഷിക്കുന്നത്. കേരളസർവകലാശാലയുടെ അക്കാദമികവികസനത്തിന്ന് കേരള സർക്കാർ നൽകുന്ന സഹായ-സഹകരണങ്ങൾ വളരെ വലുതാണ്. രാജ്യത്തെ ഗുണമേന്മയുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആദ്യത്തെ പത്തിലൊന്നാകണം ഈ സർവകലാശാലയെന്നത് മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദ്ദേശമായിരുന്നു.

ആസ്ട്രോഫിസിക്സിൽ കേരളത്തിന്റെ സംഭാവനയായ ഡോ. താണുപത്മനാഭന്റെ സ്മരണാർത്ഥം ആസ്ട്രോഫിസിക്സ് മേഖലയിലെ ഗവേഷണപഠന പ്രവർത്തനങ്ങൾക്കായി അന്താരാഷ്ട്ര നിലവാരമുള്ള ഒരു സെന്റർ തുടങ്ങാൻ മുഖ്യമന്ത്രി നിർദ്ദേശിക്കുകയും അത് സർവകലാശാലയ്ക്ക് അനുവദിക്കുകയും ചെയതു. കേരളത്തെ ഒരു ജ്ഞാന സമൂഹമായി പരിവർത്തിപ്പിക്കുക, ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുക എന്നത് നവകേരളനിർമ്മിതിയുടെ ഭാഗമാണ്. മഹത്തായ ആ ലക്ഷ്യത്തിന്റെ ദീപ്തമായ പ്രകാശവഴിയാണ് കേരള സർവകലാശാല തുറന്നുവയ്ക്കുന്നത്. ●



# കേരളത്തിലെ പ്രധാന സർവക

## കേരള കേന്ദ്ര സർവകലാശാല, കാസർഗോഡ്

### കേരള കേന്ദ്ര സർവകലാശാലയിൽ ഇന്റർനാഷണൽ റിലേഷൻസ് പഠിക്കാം



കാസർഗോഡ് കേന്ദ്രമാക്കി 2009 മുതൽ പ്രവർത്തിക്കുന്ന കേന്ദ്ര സർവകലാശാലയാണ് കേരള കേന്ദ്ര സർവകലാശാല. അന്താരാഷ്ട്ര ബന്ധങ്ങളുടെയും ആഗോള രാഷ്ട്രീയത്തിന്റെയും പ്രധാന തീമുകൾ വിശകലനം ചെയ്യാനും ശാസ്ത്രീയമായി മനസിലാക്കാനുമുള്ള ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ ആൻഡ് പോളിസി സ്റ്റഡീസ്, ജിയോളജി, യോഗ, ബയോ കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ് തുടങ്ങിയ കോഴ്സുകൾ പഠിക്കാൻ ഇവിടെ അവസരമുണ്ട്. പൊതു പരീക്ഷയുടെ അടിസ്ഥാനത്തിലാണ് ഇവിടത്തെ പ്രവേശനം.

#### പ്രധാന കോഴ്സുകൾ

**ബിരുദം** – ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്കൽ സയൻസ്

**ബിരുദാനന്തര ബിരുദം** – ഇക്കണോമിക്സ്, ഇംഗ്ലീഷ് ആൻഡ് കംപാരിറ്റീവ് ലിറ്ററേച്ചർ, ലിംഗ്വസ്റ്റിക്സ് ആൻഡ് ലാംഗ്വേജ് ടെക്നോളജി, ഹിന്ദി, കന്നട, മലയാളം, പബ്ലിക് അഡ്മിനിസ്ട്രേഷൻ ആൻഡ് പോളിസി സ്റ്റഡീസ്, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, സുവോളജി, ബയോ കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, എൺവയോൺമെന്റ സയൻസ്, ജിയോളജി, കമ്പ്യൂട്ടർ സയൻസ്, ജെനോമിക് സയൻസ്, മാത്തമാറ്റിക്സ്, ഫിസിക്സ്, ബോട്ടണി, യോഗ തെറാപ്പി.

#### മറ്റു പ്രധാന കോഴ്സുകൾ

എൽ എൽ എം, എം. എസ്. ഡബ്ല്യു, എം എഡ്, എം പി എച്ച്, എം ബി എ, ടൂറിസം ട്രാവൽ മാനേജ്മെന്റ്, എം കോം, ലൈഫ് സ്കിൽസ് എഡ്യൂക്കേഷൻ, യോഗ, എൻ ആർ ഐ ലാ, ഹിന്ദി ട്രാൻസ്ലേഷൻ.

# ലാശാലകളും കോഴ്സുകളും

## കണ്ണൂർ സർവകലാശാല

### ഇൻഫർമേഷൻ സയൻസ് മുതൽ സ്പോർട്സ് സയൻസ് വരെ

കേരളത്തിലെ ഏഴാമത്തെ പൊതു സർവകലാശാലയാണ് കണ്ണൂർ സർവകലാശാല.1995 നവംബർ 9-ന് ആരംഭിച്ച ഈ സർവകലാശാല ഉത്തരമലബാറിലെ പാർശ്വവൽകൃതരുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടാണ് ആരംഭിച്ചത്. കോഴിക്കോട് സർവകലാശാല വിഭജിച്ചാണ് ഈ ഉന്നത വിദ്യാകേന്ദ്രം സ്ഥാപിച്ചത്. തലശ്ശേരി, പയ്യൂർ, മാങ്ങാട്ടു പറമ്പ്, നീലേശ്വരം, കാസർഗോഡ്, മാനന്തവാടി എന്നിവിടങ്ങളിലാണ് സർവകലാശാലയുടെ ക്യാമ്പസുകൾ സ്ഥിതി ചെയ്യുന്നത്.

വിലാസം -
കണ്ണൂർ സർവകലാശാല, താവക്കര,
സിവിൽ സ്റ്റേഷൻ പി.ഒ., കണ്ണൂർ ജില്ല
Pin : 670 002
Email:https://www.kannuruniversity.ac.in/en/
FAX: 0497 2711460
Enquiry Number : 0497 2715185
Whats app Number : 8547016185

ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജി മുതൽ ഫിസിക്കൽ എഡ്യൂക്കേഷൻ അൻഡ് സ്പോർട്സ് സയൻസ് വരെ പഠിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുള്ള സംസ്ഥാനത്തെ മികച്ച പഠന കേന്ദ്രമാണ് കണ്ണൂർ യൂണിവേഴ്സിറ്റി. ഹിസ്റ്റോറിക്കൽ ആൻഡ് കൾച്ചറൽ സ്റ്റഡീസ്, പെഡഗോജിക്കൽ സയൻസ്, ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ്, സോഷ്യൽ സയൻസ്, ലൈഫ് സയൻസ്, കോമേഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസ്, ഡെവലപ്പ്മെന്റ് സ്റ്റഡീസ്, ലീഗൽ സ്റ്റഡീസ്, ഹെൽത്ത് സയൻസ്, പ്യൂർ ആൻഡ് അപ്പ്ലൈഡ് ഫിസിക്സ് , കെമിക്കൽ സയൻസസ്, വിഷ്വൽ ആൻഡ് ഫൈൻ ആർട്ട്സ് എന്നിവയും വിദൂര വിദ്യാഭ്യാസ ക്യാമ്പസും അണ്ടർ ഗ്രാജുവേറ്റ് കോഴ്സുകളും ചേർന്നതാണ് സർവകലാശാലയിലെ പഠന വിഭാഗം.

### പ്രധാനപ്പെട്ട കോഴ്സുകൾ

**ബി.എ.** (കന്നഡ, അറബിക്, ഇക്കണോമിക്സ്, ഇംഗ്ലീഷ്, ഹിസ്റ്ററി, മലയാളം, ഡെവലപ്മെന്റ് ഇക്കണോമിക്സ്, ഹിന്ദി, ഫങ്ഷണൽ ഇംഗ്ലീഷ്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ്, ഉറുദു&ഇസ്ലാമിക് ഹിസ്റ്ററി, അറബിക്&ഇസ്ലാമിക് ഹിസ്റ്ററി, സംസ്കൃതം, സാമ്പത്തിക ശാസ്ത്രവും ചരിത്രവും പൊളിറ്റിക്കൽ സയൻസ് ഇക്കണോമിക്സ്, സോഷ്യൽ സയൻസ്, സോഷ്യൽ സയൻസ് (ഹിസ്റ്ററി ഓപ്ഷണൽ), സോഷ്യൽ സയൻസ് - ഇക്കണോമിക്സ് (ഹിസ്റ്ററി& പൊളിറ്റിക്കൽ സയൻസ് കോംപ്ലിമെന്ററി), ഇംഗ്ലീഷ് (ജേർണലിസവും



ബ്രോഡ് കാസ്റ്റിംഗ്), ഹിസ്റ്ററി (ഇക്കണോമിക്സ്& പൊളിറ്റിക്കൽ സയൻസ് കോംപ്ലിമെന്ററി വിഷയങ്ങളായി), ഇംഗ്ലീഷ് (ഇന്ത്യൻ ചരിത്രവും ജേർണലിസവും കോംപ്ലിമെന്ററി വിഷയങ്ങളായി), ഇക്കണോമിക്സ് (മാത്തമെറ്റിക്കൽ ഇക്കണോമിക്സ് & മാത്തമെറ്റിക്സ് ഫോർ ഇക്കണോമിക് അനാലിസിസ്), ബി.കോം. (സഹകരണം, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഫിനാൻസ്), **ബിഎസ്സി** (സ്റ്റാറ്റിസ്റ്റിക്സ്, ബോട്ടണി, ബോട്ടണി (കെമിസ്ട്രി &സുവോളജി - കോംപ്ലിമെന്ററി), കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ജിയോളജി, ഫിസിക്സ്, ഗണിതം, സുവോളജി, സൈക്കോളജി, ബയോ ഇൻഫോർമാറ്റിക്സ്, ബയോടെക്നോളജി, പോളിമർ കെമിസ്ട്രി, മൈക്രോബയോളജി, പ്ലാന്റ് സയൻസ്, ഹോം സയൻസ് (സ്ത്രീ വിദ്യാർത്ഥികൾക്ക് മാത്രം), ഫോറസ്ട്രി, ഫിസിക്കൽ സയൻസ്, നാച്ചുറൽ സയൻസ് ഇലക്ട്രോണിക്സ്, ലൈഫ് സയൻസ് (സുവോളജി) & കമ്പ്യൂട്ടേഷണൽ ബയോളജി വിത്ത് മൈക്രോബയോളജി കമ്പ്യൂട്ടർ സയൻസ് കോംപ്ലിമെന്ററി) കെമിസ്ട്രി (ഫിസിക്സ്&മാത്തമാറ്റിക്സ് കോംപ്ലിമെന്ററി), ഹോം സയൻസ് (കെമിസ്ട്രിയും സുവോളജിയും കോംപ്ലിമെന്ററി വിഷയങ്ങളായി), ഫിസിക്സ് (ഗണിതവും രസതന്ത്രവും കോംപ്ലിമെന്ററി വിഷയങ്ങളായി), മാത്തമാറ്റിക്സ് (സ്റ്റാറ്റിസ്റ്റിക്സും കമ്പ്യൂട്ടർ സയൻസും കോംപ്ലിമെന്ററി വിഷയങ്ങളായി), സൈക്കോളജി (ഫിസിയോളജി&സ്റ്റാറ്റിസ്റ്റിക്സ് കോംപ്ലിമെന്ററി വിഷയങ്ങളായി), ജിയോഗ്രഫി, ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് സയൻസ്, കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിംഗ്)

**ബി ബി എ കോഴ്സുകൾ** ബി.ബി.എ, ബി.ബി.എ(ടി.ടി.എം), ബി.ടി.ടി.എം, ബി.സി.എ. (എയ്ഡഡ്), ബിഎസ് ഡബ്ല്യു, ബാച്ചിലർ ഓഫ് മൾട്ടിമീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ

## പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ

**എം.കോം**(ധനകാര്യം, മാർക്കറ്റിംഗ്, അക്കൗണ്ടൻസി & ടാക്സേഷൻ ഇന്റർനാഷണൽ ബിസിനസ്)

**എം എസ് സി** (സ്റ്റാറ്റിസ്റ്റിക്സ്, ജിയോളജി, മാത്തമാറ്റിക്സ് കെമിസ്ട്രി, ഫിസിക്സ്, ഫിസിക്സ് വിത്ത് കമ്പ്യൂട്ടേഷണൽ, സുവോളജി, സുവോളജി (സ്ട്രക്ചർ, ഫിസിയോളജി, ഡെവലപ്മെന്റ്, ക്ലാസിഫിക്കേഷൻ ഓഫ് അനിമൽസ്), ബോട്ടണി, കൗസിലിംഗ് സൈക്കോളജി, കമ്പ്യൂട്ടർ സയൻസ്, ബയോ ടെക്നോളജി, ഇലക്ട്രോണിക്സ്, മൈക്രോബയോളജി, കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ സ്പെഷ്യലൈസേഷൻ), കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസിലും മെഷീൻ ലേണിംഗിലും സ്പെഷ്യലൈസേഷൻ), മാത്തമാറ്റിക്സ് (മൾട്ടിവേരിയേറ്റ് കാൽക്കുലസ് & മാത്തമാറ്റിക്കൽ അനാലിസിസ്, മോഡലിംഗ്, സിമുലേഷൻ ഫിനാൻഷ്യൽ റിസ്ക് മാനേജ്മെന്റ്), പ്ലാന്റ് സയൻസ് (ബയോ ഇൻഫോർമാറ്റിക്സോടുകൂടി )

**എം എ**(കന്നഡ, അറബിക്, ഇംഗ്ലീഷ്, ഇംഗ്ലീഷ് (ഭാഷയും സാഹിത്യവും), ഡെവലപ്മെന്റ് ഇക്കണോമിക്സ്, അപ്ലൈഡ് ഇക്കണോമിക്സ്, ഇക്കണോമിക്സ്, ഇക്കണോമിക്സ് , ഗവേർണൻസ് & പൊളിറ്റിക്സ്, സോഷ്യൽ സയൻസ് (ഹിസ്റ്ററിയിൽ സ്പെഷ്യലൈസേഷൻ)

**എം.ഫിൽ** ഹിസ്റ്ററി, എം.ബി.എ, എം.സി.എ, എം എസ് ഡബ്ലിയൂ, എം.സി.ജെ, എം.റ്റി.റ്റി.എം (മാസ്റ്റർഓഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ്).

**ഡിപ്ലോമ കോഴ്സുകൾ**

പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ലേണിംഗ് ഡിസെബിലിറ്റി (പിജിഡിഎൽഡി)

പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കൗസിലിംഗ് സൈക്കോളജി (പിജിഡിസിപി)

അഫ്സൽ-ഉൽ-ഉലമ(പ്രിലിമിനറി)



# കേരള കാർഷിക സർവകലാശാല

## കൃഷി ശാസ്ത്രം പഠിക്കാം ബിരുദം മുതൽ ഗവേഷണം വരെ

കേരളത്തിലെ ഏക കാർഷിക സർവകലാശാലയാണ് തൃശൂർ വെള്ളാനിക്കരയിലെ കേരള കാർഷിക സർവകലാശാല. കാർഷിക-അനുബന്ധ മേഖലകളായ വിളപരിപാലനം, വനപരിപാലനം തുടങ്ങിയ മേഖലകളിൽ ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നിവ ഇവിടെ ഉറപ്പാക്കുന്നു. നാല് അഗ്രികൾച്ചർ, അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ്, ഫോറസ്ട്രി, കോ-ഓപ്പറേഷൻ ബാങ്കിംഗ് & മാനേജ്മെന്റ്, ആറ് ആർ.എ.ആർഎസ്, ഏഴ് കെവികെ, 15 റിസർച്ച് സ്റ്റേഷനുകൾ, 16 അഗ്രികൾച്ചർ റിസർച്ച് ആൻഡ് എക്സ്റ്റൻഷൻ യൂണിറ്റുകൾ, ഒരു അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് കോളേജ്, ഒരു വന ശാസ്ത്ര കോളേജ് എന്നിവയും അക്കാദമി ഓൺ ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷനും ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ ടെക്നോളജിയും

യൂണിവേഴ്സിറ്റിയുടെ ഭാഗമായുണ്ട്.

വിലാസം -കേരള കാർഷിക സർവകലാശാല
കെ.എ.യു. മുഖ്യ കാമ്പസ്
കെ.എ.യു. (പി.ഓ.), വെള്ളാനിക്കര
തൃശൂർ 680656
ഫോൺ -0487-2438011,0487-2370019



## ഡിഗ്രി കോഴ്സുകൾ

ബി.എസ് സി. (ഓണേഴ്സ്) കൃഷി
ബി.എസ് സി (ഓണേഴ്സ്) കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതി ശാസ്ത്രവും
ബി.എസ് സി (ഓണേഴ്സ്) സഹകരണവും ബാങ്കിംഗും
ബി.ടെക്. ബയോടെക്നോളജി

## ഡിപ്ലോമ കോഴ്സുകൾ

അഗ്രികൾച്ചറൽ സയൻസ്, ഓർഗാനിക് അഗ്രികൾച്ചർ, മണ്ണിന്റെ ഫലഭൂയിഷ്ഠതയിലും വിള ഉൽപ്പാദനത്തിലും അനലിറ്റിക്കൽ ടെക്നിക്കുകളിൽ ബിരുദാനന്തര ഡിപ്ലോമ, ഹോർട്ടികൾച്ചറൽ തെറാപ്പിയിൽ ബിരുദാനന്തര ഡിപ്ലോമ, ലാൻഡ്സ്കേപ്പിംഗ്, അലങ്കാര ഉദ്യാന നിർമ്മാണം, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്

## ബിരുദാനന്തര ബിരുദം

**എം.എസ്.സി.** കൃഷി -കാർഷിക സാമ്പത്തിക ശാസ്ത്രം, കാർഷിക കാലാവസ്ഥാ ശാസ്ത്രം അഗ്രികൾച്ചറൽ മൈക്രോബയോളജി, കാർഷിക സ്ഥിതിവിവരക്കണക്കുകൾ, അഗ്രോണമി എന്റമോളജി, വിപുലീകരണം, ഫ്ളോറികൾച്ചർ & ലാൻഡ്സ്കേപ്പ് ആർക്കിടെക്ചർ, ഫ്രൂട്ട് സയൻസ്, നെമറ്റോളജി, പ്ലാന്റ് ബയോ ടെക്നോളജി, സസ്യങ്ങളുടെ പ്രജനനവും ജനിതകശാസ്ത്രവും, പ്ലാന്റ് പാത്തോളജി, പ്ലാന്റ് ഫിസിയോളജി, തോട്ടവിളകളും സുഗന്ധവ്യഞ്ജനങ്ങളും, പോമോളജി & ഫ്ളോറികൾച്ചർ, പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി, സീഡ് സയൻസ് ടെക്നോളജി, സോയിൽ സയൻസ് ആൻഡ് അഗ്രിക്കൾച്ചറൽ കെമിസ്ട്രി, വെജിറ്റബിൾ സയൻസ്, സഹകരണവും ബാങ്കിംഗും (കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്), റൂറൽ ബാങ്കിംഗ് ആൻഡ് ഫിനാൻസ് മാനേജ്മെന്റ്, റൂറൽ മാർക്കറ്റിംഗ് മാനേജ്മെന്റ്, എം.എസ്.സി. കമ്മ്യൂണിറ്റി സയൻസ്, എംബിഎ അഗ്രിബിസിനസ് മാനേജ്മെന്റ്.

## ഡോക്ടറൽ ഡിഗ്രികൾ

Ph.D.അഗ്രികൾച്ചറൽ എക്കണോമിക്സ്, അഗ്രികൾച്ചറൽ എന്റമോളജി, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ, അഗ്രികൾച്ചറൽ മൈക്രോബയോളജി, അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്, അഗ്രോണോമി, ഫ്ളോറികൾച്ചർ & ലാൻഡ്സ്കേപ്പ് ആർക്കിടെക്ചർ, ഫ്രൂട്ട് സയൻസ്, പ്ലാന്റ് ബയോ -ടെക്നോളജി, പ്ലാന്റ് ബ്രീഡിങ് & ജനിറ്റിക്സ്, പ്ലാന്റ് പാത്തോളജി, പ്ലാന്റ് ഫിസിയോളജി, പ്ലാന്റേഷൻ ക്രോപ്സ് & Spices, പോമോളജി & ഫ്ളോറികൾച്ചർ, പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി, റൂറൽ മാർക്കറ്റിംഗ് മാനേജ്മന്റ്, സോയിൽ സയൻസ് & അഗ്രികൾച്ചറൽ കെമിസ്ട്രി, വെജിറ്റബിൾ സയൻസ്, കമ്മ്യൂണിറ്റി സയൻസ്, ഫോറസ്റ്റ് ബയോളജി ആൻഡ് ട്രീ ഇമ്പ്രൂവ്മെന്റ് ഫോറസ്റ്റ് പ്രോഡക്ട് ആൻഡ് യൂട്ടിലൈസേഷൻ, നാച്ചുറൽ റിസോഴ്സ് മാനേജ്മന്റ്, സിൽവികൾച്ചർ ആൻഡ് അഗ്രോഫോറസ്റ്ററി, വൈൽഡ് ലൈഫ് സയൻസസ്, ഫാം പവർ & മെഷിനറി, പ്രോസസ്സിംഗ് & ഫുഡ് എഞ്ചിനീയറിംഗ്, സോയിൽ ആൻഡ് വാട്ടർ കൺസർവേഷൻ എഞ്ചിനീയറിംഗ്.

## ഫോറസ്ട്രി

ബാച്ചിലേഴ്സ് ഡിഗ്രി ( (ഓണേഴ്സ്) ഫോറസ്ട്രി, എം.എസ്.സി ഫോറസ്റ്റ് ബയോളജി ആൻഡ് ട്രീ ഇമ്പ്രൂവ്മെന്റ്, ഫോറസ്റ്റ് പ്രോഡക്ട് ആൻഡ് യൂട്ടിലൈസേഷൻ, നാച്ചുറൽ റിസോഴ്സ് മാനേജ്മന്റ്, Silviculture ആൻഡ് അഗ്രോ ഫോറസ്ട്രി, വൈൽഡ് ലൈഫ് സയൻസസ് (Ph.D.കോഴ്സുകൾ )ഫോറസ്റ്റ് ബയോളജി ആൻഡ് ട്രീ ഇമ്പ്രൂവ്മെന്റ്, ഫോറസ്റ്റ് പ്രോഡക്ട് ആൻഡ് യൂട്ടിലൈസേഷൻ, നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ്, സിവികൾച്ചർ ആൻഡ് അഗ്രോ ഫോറസ്ട്രി, വൈൽഡ് ലൈഫ് സയൻസ്

## അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ്

ഫാം മെഷീനറി ആൻഡ് എഞ്ചിനീയറിംഗ്, പ്രോസസ്സിംഗ് ആൻഡ് ഫുഡ് എഞ്ചിനീയറിംഗ്, സോയിൽ ആൻഡ് വാട്ടർ കൺസർവേഷൻ എഞ്ചിനീയറിംഗ് (പി എച്ച് ഡി പ്രോഗ്രാമുകൾ -ഫാം പവർ ആൻഡ് മെഷീനറി, പ്രോസസ്സിംഗ് ആൻഡ് ഫുഡ് എഞ്ചിനീയറിംഗ്, സോയിൽ ആൻഡ് വാട്ടർ കൺസർവേഷൻ എഞ്ചിനീയറിംഗ്.

# കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്)

## ഓഷ്യൻ ടെക്നോളജിയും മറൈൻ എഞ്ചിനീയറിംഗും പഠിക്കാം



കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്വയംഭരണ സർവ്വകലാശാലയാണ് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി (CUSAT). യൂണിവേഴ്സിറ്റി ഓഫ് കൊച്ചിൻ എന്നായിരുന്നു ഈ സർവകലാശാല ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത്. പ്രവർത്തനത്തിൽ 50 വർഷം പൂർത്തിയാക്കുന്ന ഇവിടത്തെ പ്രവേശനം വർഷാവർഷം നടത്തുന്ന പ്രവേശന പരീക്ഷ വഴിയാണ്. ചില ബിരുദാനന്തര ബിരുദ കോഴ്സുകൾക്കായി അതത് ഡിപ്പാർട്ടുമെന്റുകൾ അവരവരുടേതായ പ്രവേശന പരീക്ഷകളും നടത്താറുണ്ട്.

സമുദ്ര പരിസ്ഥിതിയുടെ സുരക്ഷിതമായ ഉപയോഗം, ചൂഷണം, സംരക്ഷണം, ഇടപെടൽ എന്നിവയെക്കുറിച്ച് പഠിക്കുന്ന സാങ്കേതികവിദ്യയാണ് ഓഷ്യൻ ടെക്നോളജി. ഡിജിറ്റൽ മാത്തമാറ്റിക്സ്, ഫ്ളൂയിഡ് മെക്കാനിക്സ്, നേവൽ ആർക്കിടെക്ച്ചർ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുന്ന കോഴ്സുകളിൽ സമുദ്രശാസ്ത്രം, മറൈൻ ജിയോളജി, മറൈൻ ജിയോഫിസിക്സ്, മെറ്റീരിയോളജി, എൺവയോൺമെന്റൽ സയൻസ് ആൻഡ് ടെക്നോളജി, ബയോടെക്നോളജി, മൈക്രോബയോളജി, മറൈൻ ബയോളജി എന്നീ എം എസ് സി കോഴ്സുകളും ഉൾപ്പെടുന്നു.

## കുസാറ്റിലെ 2022ലെ അക്കാദമിക് പ്രോഗ്രാമുകൾ

**ബി ടെക് പ്രോഗ്രാമുകൾ** (റെഗുലർ) (8 സെമസ്റ്ററുകൾ)

സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് &എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്& കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, സേഫ്റ്റി ആൻഡ് ഫയർ എഞ്ചിനീയറിംഗ്, മറൈൻ എഞ്ചിനീയറിംഗ്, നേവൽ ആർക്കിടെക്ച്ചർ &ഷിപ്പ് ബിൽഡിംഗ്, പോളിമർ സയൻസ് & എഞ്ചിനീയറിംഗ്, ഇൻസ്ട്രുമെന്റേഷൻ ആൻഡ് കൺട്രോൾ എഞ്ചിനീയറിംഗ്, എംഎസ്സി (ഫൈവ് ഇയർ ഇന്റഗ്രേറ്റഡ്) ഇൻ ഫോട്ടോണിക്സ്, എംഎസ്സി (ഫൈവ് ഇയർ ഇന്റഗ്രേറ്റഡ്) ഇൻ കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് &ഡാറ്റ സയൻസ്), എംഎസ്‌സി (ഫൈവ് ഇയർ ഇന്റഗ്രേറ്റഡ്)(ബയോളജിക്കൽ സയൻസസ് / കെമിസ്ട്രി / മാത്തമാറ്റിക്സ് / ഫിസിക്സ് / സ്റ്റാറ്റിസ്റ്റിക്സ്), ഫൈവ് ഇയർ ബിബിഎ, എൽഎൽബി (എച്ച്) പ്രോഗ്രാം ഫൈവ് ഇയർ ബി.കോം, എൽ.എൽ.ബി (എച്ച്) പ്രോഗ്രാം ബി വോക്ക് - ബിസിനസ് പ്രോസസ് - ഡാറ്റ അനലിറ്റിക്സ്.

**(മൂന്നു വർഷത്തെ എഞ്ചിനീയറിംഗ് ഡിപ്ലോമ ഉള്ള ഉദ്യോഗാർത്ഥികൾക്കായുള്ള പ്രോഗ്രാമുകൾ)**

കമ്പ്യൂട്ടർ സയൻസ് &എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, സേഫ്റ്റി ആൻഡ് ഫയർ എഞ്ചിനീയറിംഗ്, പോളിമർ സയൻസ് &എഞ്ചിനീയറിംഗ്, ഇൻസ്ട്രുമെന്റേഷൻ ആൻഡ് കൺട്രോൾ എഞ്ചിനീയറിംഗ്,

**ബിരുദാനന്തര ബിരുദമുള്ള ഉദ്യോഗാർത്ഥികൾക്കായുള്ള പ്രോഗ്രാമുകൾ**

എംഎസ്സി (മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ സ്പെഷ്യലൈസേഷൻ), കമ്പ്യൂട്ടർ സയൻസ് (ഡാറ്റ സയൻസിൽ സ്പെഷ്യലൈസേഷൻ), ഫോറൻസിക് സയൻസ്, ഇലക്ട്രോണിക് സയൻസ്, ഹൈഡ്രോകെമിസ്ട്രി, സമുദ്രശാസ്ത്രം, മറൈൻ ജിയോളജി, മറൈൻ ജിയോഫിസിക്സ്, മെറ്റീരിയോളജി, എൺവയോൺമെന്റൽ സയൻസ് ആൻഡ് ടെക്നോളജി, ബയോടെക്നോളജി, മൈക്രോബയോളജി, മറൈൻ ബയോളജി, ഇൻഡസ്ട്രിയൽ ഫിഷറീസ്, ഇക്കണോമെട്രിക്സ് ആൻഡ് ഫിനാൻഷ്യൽ ടെക്നോളജി, സീഫുഡ് സുരക്ഷയും വ്യാപാരവും), എം വോക്ക് മൊബൈൽ ഫോൺ ആപ്ലിക്കേഷൻ വികസനം, എംസിഎ മാസ്റ്റർഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, എംഎ അപ്ലൈഡ് ഇക്കണോമിക്സ് എംഎ ഹിന്ദി ഭാഷയും സാഹിത്യവും, എംബിഎ (മുഴുവൻ സമയം) എൽ.എൽ. ബി, എൽഎൽഎം (രണ്ട് വർഷം), എൽഎൽഎം (ഐപിആർ) - (രണ്ട് വർഷം), എൽഎൽഎം (ഐപി) പിഎച്ച്ഡി (5 വർഷത്തെ ഇന്റഗ്രേറ്റഡ് പ്രോഗ്രാം), എൽഎൽഎം (ഐപിആർ) പിഎച്ച്ഡി (5 വർഷത്തെ ഇന്റഗ്രേറ്റഡ് പ്രോഗ്രാം) മാസ്റ്റേർസ് ഇൻ ബയോ എത്തിക്സ്

## എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദപ്രോഗ്രാമുകൾ

എംടെക് (മുഴുവൻ സമയവും)
(16 സ്പെഷ്യലൈസേഷനുകൾ)

എംടെക് ഇൻ കമ്പ്യൂട്ടർ സയൻസ് &എഞ്ചിനീയറിംഗ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റ സയൻസ്, എംടെക് ഇൻ കമ്പ്യൂട്ടർ സയൻസ് &എഞ്ചിനീയറിംഗ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ സോഫ്റ്റ് വെയർ എഞ്ചിനീയറിംഗ്, എംടെക് ഇൻ കമ്പ്യൂട്ടർ എയ്ഡഡ് സ്ട്രക്ചറൽ അനാലിസിസ് ആൻഡ് ഡിസൈൻ ,എംടെക് ഇൻ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ് വിത്ത് സ്പെഷ്യലൈസേഷൻ മൈക്രോവേവ്, റഡാർ എഞ്ചിനീയറിംഗ് റോബോട്ടിക്സ് & ഇന്റലിജന്റ് സിസ്റ്റംസ് എംടെക് ഇൻ ഡിഫൻസ് ടെക്നോളജി, പോളിമർ ടെക്നോളജി, ഒപ്റ്റോ-ഇലക്ട്രോണിക്സ് & ലേസർ ടെക്നോളജി ഡാറ്റ സയൻസ് ആൻഡ് അനലിറ്റിക്സ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് (തെർമൽ എഞ്ചിനീയറിംഗ്) ഇൻഡസ്ട്രിയൽ സേഫ്റ്റി (ആരോഗ്യസുരക്ഷയിലും പരിസ്ഥിതി മാനേജ്മെന്റിലും സ്പെഷ്യലൈസേഷൻ ) സിവിൽ എഞ്ചിനീയറിംഗ് (ജിയോടെക്നിക്കൽ എഞ്ചിനീയറിംഗ്), സിവിൽ എഞ്ചിനീയറിംഗ് (സ്ട്രക്ചറൽ എഞ്ചിനീയറിംഗ്), അറ്റ്മോസ് ഫെറിക് സയൻസ്, ഓഷ്യൻ ടെക്നോളജി, ഇൻസ്ട്രുമെന്റേഷൻ ടെക്നോളജി, മറൈൻ ബയോടെക്നോളജി.

## ബിരുദാനന്തര ബിരുദത്തിനു ശേഷമുള്ള പ്രോഗ്രാമുകൾ

പിഎച്ച്ഡി, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് ഡിപ്ലോമ / സർട്ടിഫിക്കറ്റ് / ഹ്രസ്വകാല ഓൺലൈൻ പ്രോഗ്രാമുകൾ ഫ്രഞ്ച് ഭാഷയിലുള്ള സർട്ടിഫിക്കറ്റ് പ്രോഗ്രാം, ജർമ്മൻ ഭാഷയിലുള്ള സർട്ടിഫിക്കറ്റ് പ്രോഗ്രാം കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ പിജി ഡിപ്ലോമ, ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ ജാപ്പനീസ് പി.ജി. ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ, ജേർണലിസം, പി.ജി. ഡിപ്ലോമ ഇൻ ഇന്റലക്ചൽ പ്രോപ്പർട്ടി റൈറ്റ്സ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് / ഫ്രഞ്ച് / ജർമ്മൻ ജാപ്പനീസ് & അറബിക് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഹിന്ദി അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ മെഡിക്കൽ ലോ, ക്ലിനിക്കൽ റിസർച്ച്, & ബയോ എത്തിക്സ്.



# യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്

## ലോജിസ്റ്റിക് മാനേജ്മെന്റ്, ടൂറിസം & ഹോസ്പിറ്റാലിറ്റി പഠിക്കാം

1968ൽ മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം കേന്ദ്രമായി പ്രവർത്തനം ആരംഭിച്ച സർവകലാശാലയാണ് യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്. ഒരു സർക്കാർ പദ്ധതിയിലൂടെ കേരളസർവകലാശാലയെ വിഭജിച്ചു കൊണ്ടാണ് കാലിക്കറ്റ് സർവകലാശാല രൂപീകരിച്ചത്. വടക്കൻ കേരളത്തിലെ പ്രധാന ഇടങ്ങളിൽ വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും മികവ് വളർത്തുകയാണ് സർവകലാശാലയുടെ പ്രധാന ലക്ഷ്യം. ടൂറിസം & ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ലോജിസ്റ്റിക് മാനേജ്മെന്റ്, അക്കൗണ്ടിംഗ് ആന്റ് ടാക്സ് റീട്ടെയിൽ മാനേജ്മെന്റ്, പ്രൊഫഷണൽ അക്കൗണ്ടിംഗ് ആൻഡ് ടാക്സേഷൻ, ഹോട്ടൽ മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ ആൻഡ് ജേണലിസം, ലൈഫ് സയൻസ്, ലൈബ്രറി, ഇൻഫർമേഷൻ സയൻസ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ തുടങ്ങി ഒട്ടനവധി വിഷയങ്ങളിൽ ഇവിടെ പഠനത്തിന് അവസരമുണ്ട്.

### പ്രധാന കോഴ്സുകൾ

**ബിരുദം**

പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, സോഷ്യോളജി, ഫിലോസഫി, ഇസ്ലാമിക് ഫിനാൻസ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ട്രാവൽ & ടൂറിസം മാനേജ്മെന്റ്, ജേർണലിസം, മൾട്ടിമീഡിയ, ഗ്രാഫിക് ഡിസൈനിംഗ്, അനിമേഷൻ വിത്ത് വിഷ്വൽ കമ്മ്യൂണിക്കേഷൻ, ഫിലിം ആൻഡ് ടെലിവിഷൻ, ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, അഡ്വർടൈസിംഗ് ആൻഡ് സെയിൽസ് മാനേജ്മെന്റ്, ഫൈൻ ആർട്സ്, സംഗീതം, വീണ, വയലിൻ, മൃദംഗം, ബാച്ചിലർ ഓഫ് തിയേറ്റർ ആർട്സ്, കൊമേഴ്സ് വിത്ത് ടാക്സേഷൻ, ടൂറിസം ആൻഡ് ഹോട്ടൽ മാനേജ്മെന്റ്, ഹോട്ടൽ അഡ്മിനിസ്ട്രേഷൻ, ബിസിനസ് അഡ്മിനിസ്ട്രേഷൻ, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, പ്രിന്റിംഗ് ടെക്നോളജി, മൈക്രോബയോളജി, പോളിമർ കെമിസ്ട്രി, അക്വാകൾച്ചർ, ജിയോളജി, ഫുഡ് ടെക്നോളജി, ഇൻഡസ്ട്രിയൽ കെമിസ്ട്രി, ബയോകെമിസ്ട്രി, ഹോട്ടൽ മാനേജ്മെന്റ്

**ബിരുദാനന്തര ബിരുദം**

ഫിലോസഫി, വുമൺ സ്റ്റഡീസ്, ഇസ്ലാമിക് സ്റ്റഡീസ്, ഫോക്‌ലോർ സ്റ്റഡീസ്, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, വോക്കൽ, കംപാരിറ്റീവ് സ്റ്റഡീസ്, മൾട്ടിമീഡിയ, മലയാളം വിത്ത് ജേർണലിസം, സോഷ്യോളജി, ഫിനാൻഷ്യൽ എക്കണോമിക്സ്, ബയോ ഇൻഫർമാറ്റിക്സ്, ഗാന്ധിയൻ സ്റ്റഡീസ്, പ്ലാന്റ് സയൻസ്, സൈബർ സെക്യൂരിറ്റി, ഫിഷ് പ്രോസസിംഗ് ടെക്നോളജി, ഹോം സയൻസ്, ഫോറൻസിക് സയൻസ്, ബയോ കെമിസ്ട്രി, റേഡിയേഷൻ ഫിസിക്സ്, പ്ലാന്റേഷൻ ഡെവലപ്മെന്റ്, ഹെൽത്ത് ആൻഡ് യോഗ തെറാപ്പി, അപ്ലൈഡ് സൈക്കോളജി ,



കൗൺസിലിംഗ് സൈക്കോളജി, ബയോ കെമിസ്ട്രി, അപ്ലൈഡ് ഡിസൈനിങ് ടെക്നോളജി, പോളിമർ കെമിസ്ട്രി, ഇൻഫർമേഷൻ ടെക്നോളജി, അക്വാകൾച്ചർ ആന്റ് ഫിഷിങ് ടെക്നോളജി, ബയോ പ്രോസസിംഗ് എഞ്ചിനീയറിംഗ്, സൈബർ സെക്യൂരിറ്റി, കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ്.

**എം ഫിൽ**

വുമൺ സ്റ്റഡീസ്, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, കംപാരിറ്റിവ് ലിറ്ററേച്ചർ, ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്, തിയേറ്റർ ആർട്സ്, മ്യൂസിക്, ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, ബയോ കെമിസ്ട്രി, ഹിന്ദി.

# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല

## സംസ്കൃതം പഠിക്കാം ബിരുദം മുതൽ പി എച്ച് ഡി വരെ

സംസ്കൃതത്തിന്റെ വിവിധ ശാഖകൾ, ഭാരത സംസ്കാരം, ഭാരതീയ ഭാഷകൾ, ഭാരതീയ തത്വജ്ഞാനം, കല, വിദേശ ഭാഷകൾ, സാമൂഹ്യശാസ്ത്രം എന്നീ മേഖലകളിൽ വിജ്ഞാനം പകരുക എന്ന ലക്ഷ്യത്തോടെ കാലടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സർവകലാശാലയാണ് ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല. സംസ്കൃത ഭാഷയുടെ പഠനവും അതിലെ ഗവേഷണവും പ്രോത്സാഹിപ്പിക്കുക, സംസ്കൃതത്തെ പരിപോഷിപ്പിക്കുന്ന മറ്റു ഭാഷകളെ ദേശീയ-അന്തർദേശീയ തലങ്ങളിൽ അഭിവൃദ്ധിപ്പെടുത്തുക എന്നിവയും ഇവിടത്തെ കോഴ്സുകളുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. ബിരുദം മുതൽ പി എച്ച് ഡി വരെ സംസ്കൃതം പഠിക്കാനും തത്വശാസ്ത്രം മുതൽ കയ്യെഴുത്ത് ശാസ്ത്രത്തിൽ വരെ ഡോക്ടറേറ്റ് എടുക്കാനും ഇവിടെ അവസരമുണ്ട്.

## പ്രോഗ്രാമുകൾ

സംസ്കൃത സാഹിത്യം, സംസ്കൃതം ജനറൽ, സംസ്കൃതം ന്യായ, സംസ്കൃത വേദാന്തം, സംസ്കൃത വ്യാകരണം, സംസ്കൃതവും ഇൻഫർമേഷൻ ടെക്നോളജിയും, നൃത്തം (ഭരതനാട്യം & മോഹിനിയാട്ടം), സംഗീതം, ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് (B.F.A), സംസ്കൃത സാഹിത്യം, **(ബിരുദാനന്തര കോഴ്സുകൾ )**-സംസ്കൃത സാഹിത്യം, സംസ്കൃത വ്യാകരണം, സംസ്കൃത വേദാന്തം, സംസ്കൃതം ജനറൽ, സംസ്കൃതം ന്യായ, മലയാളം, ഹിന്ദി, ഉർദു, ഇംഗ്ലീഷ് ഭാഷയും സാഹിത്യവും, താരതമ്യ സാഹിത്യവും ഭാഷാശാസ്ത്രവും, അറബിക്.
മാസ്റ്റർ ഓഫ് ഫൈൻ ആർട്സ്, സംഗീതം, നൃത്തം (ഭരതനാട്യം & മോഹിനിയാട്ടം), തിയേറ്റർ, തത്വശാസ്ത്രം, ചരിത്രം, സോഷ്യോളജി, വേദപഠനം, സോഷ്യൽ വർക്ക് മാസ്റ്റർ, മനഃശാസ്ത്രം, ഭൂമിശാസ്ത്രം, മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ്, മ്യൂസിയോളജി

## എം ഫിൽ പ്രോഗ്രാമുകൾ
## സംസ്കൃത സാഹിത്യം

സംസ്കൃത വ്യാകരണം, സംസ്കൃത വേദാന്തം,സംസ്കൃത ന്യായ, സംസ്കൃതം ജനറൽ, വേദപഠനം, ലിംഗ പഠനം, മലയാളം, വിവർത്തന പഠനം, ഹിന്ദി, ഇംഗ്ലീഷ്, തത്വശാസ്ത്രം, ചരിത്രം, മാനുസ്ക്രിപ്റ്റോളജി, താരതമ്യ സാഹിത്യം, സംഗീതം, സോഷ്യോളജി, ഭൂമിശാസ്ത്രം, മനഃശാസ്ത്രം, ഉർദു
പി എച്ച് ഡി, സംസ്കൃത സാഹിത്യം, കാലടി, സംസ്കൃത വ്യാകരണം, സംസ്കൃത വേദാന്തം, സംസ്കൃത ന്യായ, സംസ്കൃതം ജനറൽ, വേദപഠനം, ലിംഗ പഠനം, തിയേറ്റർ, മലയാളം, വിവർത്തന പഠനം, ഹിന്ദി, ഇംഗ്ലീഷ്, തത്വശാസ്ത്രം, ചരിത്രം, കയ്യെഴുത്തുശാസ്ത്രം, താരതമ്യ സാഹിത്യം, സംഗീതം, നൃത്തം, സോഷ്യോളജി, ഭൂമിശാസ്ത്രം, മനഃശാസ്ത്രം, ഫിസിക്കൽ എഡ്യൂക്കേഷൻ, വാസ്തുവിദ്യ, സാമൂഹിക പ്രവർത്തനം, ആയുർവേദം, ഉർദു.



# കേരള സർവകലാശാല

## ഡിസാസ്റ്റർ മാനേജ്മെന്റും ആർട്ടിഫിഷ്യൽ ഇന്റലിജൻസും പഠിക്കാം




കേരളത്തിലെ ആദ്യത്തെ സർവ്വകലാശാലയായ കേരളാ സർവകലാശാല തിരുവനന്തപുരത്ത് 1937ൽ ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മയുടെ കാലത്താണ് രൂപീകൃതമായത്. തിരുവിതാംകൂർ സർവകലാശാല എന്നായിരുന്നു ആദ്യത്തെ പേര്.1957 ൽ തിരുവിതാംകൂർ സർവകലാശാല കേരളസർവകലാശാലയായി പരിണമിച്ചു. പ്രധാനമായും ബിരുദാനന്തര ബിരുദം, എം.ഫിൽ, ഗവേഷണം എന്നീ മേഖലകകളിൽ ആണ് സർവകലാശാല ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, ജേർണലിസം, മാസ് കമ്മ്യൂണിക്കേഷൻ, വീഡിയോ പ്രൊഡക്ഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മലയാളം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് സയൻസ്, ഡിസാസ്റ്റർ മാനേജ്മെന്റ്, മൈക്രോബയോളജി, ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് തുടങ്ങിയ നിരവധി കോഴ്സുകൾ ഇവിടെയുണ്ട്.

### പ്രധാന കോഴ്സുകൾ

**ബിരുദം**

ബയോ-കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി, ബയോ ടെക്നോളജി, ബോട്ടണി, കെമിസ്ട്രി, ഇൻഡസ്ട്രിയൽ കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ്, എൺവയോൺമെന്റൽ സയൻസ്, എൺവയോൺമെന്റ് ആൻഡ് വാട്ടർ മാനേജ്മെന്റ്, ജിയോഗ്രഫി, ജിയോളജി, ഹോം സയൻസ്, ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് സയൻസ്, മൈക്രോബയോളജി, ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ഫിസിക്സ് വിത്ത് മാത്തമാറ്റിക്സ് ആൻഡ് മെഷീൻ ലേണിംഗ്, പോളിമർ കെമിസ്ട്രി, സൈക്കോളജി, സ്റ്റാറ്റിസ്റ്റിക്സ്, ഫുഡ് പ്രോസ്സസിംഗ്, ഫുഡ് പ്രോസ്സസിംഗ് ആൻഡ് മാനേജ്മെന്റ്, സോഫ്റ്റ്വെയർ ഡെവലപ്മെന്റ്, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, അറബിക്, ഇക്കണോമിക്സ് ആൻഡ് മീഡിയ സ്റ്റഡീസ്, ഇംഗ്ലീഷ് ആൻഡ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഇംഗ്ലീഷ് ആൻഡ് മലയാളം ലിറ്ററേച്ചർ, ഇംഗ്ലീഷ് ആൻഡ് മീഡിയ സ്റ്റഡീസ്, ഇസ്ലാമിക് ഹിസ്റ്ററി, ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, ജേർണലിസം, മാസ് കമ്മ്യൂണിക്കേഷൻ, വീഡിയോ പ്രൊഡക്ഷൻ, മലയാളം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, മലയാളം, മ്യൂസിക്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ്, സൈക്കോളജി, സംസ്കൃതം ജനറൽ, ജ്യോതിഷ, ന്യായ, വേദാന്തം, സംസ്കൃതം വ്യാകരണ, സോഷ്യോളജി, തമിഴ്, ബിബിഎ, ലോജിസ്റ്റിക്സ്, ബിസിഎ, ബികോം അക്കൗണ്ട്സ് ആൻഡ് ഡാറ്റാ സയൻസ്, ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ്, ടാക്സ് പ്രൊസീജിയർ ആൻഡ് പ്രാക്ടീസ്, ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ്, കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ

**ബിരുദാനന്തര ബിരുദം**

അറബിക്, ആർക്കിയോളജി, ബിസിനസ് ഇക്കണോമിക്സ്, നൃത്തം (കേരള നടനം), ഇക്കണോമിക്സ്, ഇംഗ്ലീഷ്,

ജർമ്മൻ, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, ഇസ്ലാമിക് ഹിസ്റ്ററി, ഭാഷാശാസ്ത്രം, മലയാളം മീഡിയ സ്റ്റഡീസ്, മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം, സംഗീതം, മൃദംഗം, വീണ, വയലിൻ, പേഴ്സണൽ മാനേജ്മെന്റ്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ്, പൊളിറ്റിക്സ് ആൻഡ് ഇന്റർനാഷണൽ റിലേഷൻസ്, സൈക്കോളജി, പബ്ലിക് അഡ്മിനിസ്ട്രേഷൻ, റഷ്യൻ , സംസ്കൃതം സ്പെഷ്യൽ, ജ്യോതിഷ, ന്യായ, വേദാന്തം, വ്യാകരണം, സോഷ്യോളജി, തമിഴ്, എംകോം, ബ്ലൂ ഇക്കണോമി ആൻഡ് മാരിടൈം ലോ, ഗ്ലോബൽ ബിസിനസ് ഓപ്പറേഷൻ, അപ്ലൈഡ് അക്വാ കൾച്ചർ, അപ്ലൈഡ് കെമിസ്ട്രി, അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ അനാലിസിസ്സ്, അക്വാറ്റിക് ബയോളജി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബയോ ഇൻഫോർമാറ്റിക്സ്, ബയോ-ടെക്നോളജി, ബയോകെമിസ്ട്രി, ബയോഡൈവേഴ്സിറ്റി കൺസർവേഷൻ, ഡിസാസ്റ്റർ മാനേജ്മെന്റ്, കമ്പ്യൂട്ടേഷണൽ ബയോളജി, കൗൺസിലിംഗ് സൈക്കോളജി, ഡാറ്റ സയൻസ് -സിഎസ്എസ്, ഡെമോഗ്രഫി ആൻഡ് ബയോസ്റ്റാറ്റിസ്റ്റിക്സ് സിഎസ്എസ്, ഇലക്ട്രോണിക്സ്, എൺവയോൺമെന്റൽ സയൻസ്, ഇൻറഗ്രേറ്റീവ് ബയോളജി, മെഡിസിനൽ കെമിസ്ട്രി, മൈക്രോ ബയോളജി, നാനോ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ അനലിറ്റിക്സ്

**ബിഎഡ്**

അറബിക്, കൊമേഴ്സ്, ഇംഗ്ലീഷ്, ജിയോഗ്രഫി, ഹിന്ദി, ഹോം സയൻസ്, മലയാളം, മാത്തമറ്റിക്സ്, നാച്ചറൽ സയൻസ്, ഫിസിക്കൽ സയൻസ്, സംസ്കൃതം, സോഷ്യൽ സയൻസ്, സ്പെഷ്യൽ എഡ്യൂക്കേഷൻ, തമിഴ്

**(ബിടെക്)**

എയറോനോട്ടിക്കൽ എഞ്ചിനീയറിംഗ്, അപ്ലൈഡ് ഇലക്ട്രോണിക്സ്, ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ്, ബയോ-ടെക്നോളജി ആൻഡ് ബയോ-കെമിക്കൽ എഞ്ചിനീയറിംഗ് കെമിക്കൽ എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗ്, പ്രൊഡക്ഷൻ എഞ്ചിനീയറിംഗ്

### മറ്റു കോഴ്സുകൾ

എംബിഎ, ഇന്റഗ്രേറ്റഡ് ബിഎം, എംഎഎം, ട്രാവൽ ആൻഡ് ടൂറിസം, എംസിഎ, എംസിജെ, ഇന്റർനാഷണൽ ട്രെയിഡ്, റൂറൽ മാനേജ്മെന്റ്, എം.എസ്.ഡബ്ലിയു, സോഷ്യൽ വർക്ക്, എംറ്റിഎ, എം ടെക്.

---

# കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (KUFOS)

## ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് പഠിക്കാം കുഫോസിൽ

മത്സ്യബന്ധന-സമുദ്രഗവേഷണശാസ്ത്ര പഠനത്തിനായി സ്ഥാപിച്ച രാജ്യത്തെ ആദ്യസർവ്വകലാശാലയാണ് കേരള മത്സ്യബന്ധന സമുദ്രഗവേഷണ സർവ്വകലാശാല Kerala University of Fisheries and Ocean Studies (KUFOS). 2010 ഡിസംബർ 30ന് സ്ഥാപിച്ച ഈ പഠന കേന്ദ്രത്തിന്റെ ആസ്ഥാനം കൊച്ചിയിലെ പനങ്ങാടാണ്. ഫിഷറീസും അനുബന്ധ വിഷയങ്ങളുമാണ് ഇവിടത്തെ കോഴ്സുകൾ ലക്ഷ്യമിടുന്നത്. പുനരുൽപ്പാദിപ്പിക്കാവുന്ന ജലവിഭവങ്ങളിൽ നിന്ന് സുസ്ഥിരമായ ജൈവ, പാരിസ്ഥിതിക, സാമൂഹിക സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കാൻ പഠിപ്പിക്കുന്നതുൾപ്പെടെ ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ്, ഫിഷറീസ് സയൻസ്, ഫുഡ് സയൻസ് ആൻഡ് ടെക്നോളജി തുടങ്ങിയ കോഴ്സുകൾ പഠിക്കാൻ ഇവിടെ അവസരമുണ്ട്.

### കോഴ്സുകൾ

ബാച്ച്ലർ ഓഫ് ഫിഷറീസ് സയൻസ് (B.F.Sc.), ഫിഷറി എൻജിനീയറിങ്, ബിടെക്. ഇൻ ഫുഡ് സയൻസ് ആൻഡ് ടെക്നോളജി, എംഎഫ്എസ്സി ഫിഷ് പ്രോസസിംഗ് ടെക്നോളജി, എംഎഫ്എസ്സി ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് അക്വാറ്റിക് എൺവയോൺമെന്റ് മാനേജ്മെന്റ്, അക്വാറ്റിക് അനിമൽ ഹെൽത്ത് മാനേജ്മെന്റ്, അക്വാകൾച്ചർ, ഫിഷ് ന്യൂട്രീഷൻ ആന്റ് ഫുഡ് ടെക്നോളജി.

### പി എച്ച് ഡി പ്രോഗ്രാമുകൾ

അക്വാ കൾച്ചർ, ഫിഷ് പ്രോസസിംഗ് ടെക്നോളജി, ഫിഷറീസ് എക്സ്റ്റൻഷൻ, ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ്, അക്വാറ്റിക് എൺവയോൺമെന്റ് മാനേജ്മെന്റ്, ഫിഷറിഎൻജിനീയറിംഗ്, അക്വാറ്റിക് അനിമൽ ഹെൽത്ത് മാനേജ്മെന്റ്.



# എംജി സർവകലാശാല

## എം ജിയിൽ സൈബർ ഫോറൻസികിൽ ബിരുദമെടുക്കാം

1983 ഒക്ടോബർ 2 ന് സ്ഥാപിതമായ മഹാത്മാഗാന്ധി സർവ്വകലാശാല അഥവാ എം.ജി.യൂണിവേഴ്സിറ്റി മധ്യകേരളത്തിലെ വിദ്യാർഥികളുടെ ഉന്നത വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റാൻ ശ്രമിക്കുന്ന ഒരു പ്രധാന വിദ്യാഭ്യാസ സ്ഥാപനമാണ്. എഞ്ചിനീയറിംഗ്, ടെക്നോളജി, ലീഗൽ സ്റ്റഡീസ്, പെഡഗോഗി, ഫാർമസി, നഴ്സിംഗ് തുടങ്ങിയ പ്രൊഫഷണൽ വിഷയങ്ങൾക്ക് പുറമെ സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ് എന്നിവയുടെ ഇന്റർ ഡിസിപ്ലിനറിയിലും പരമ്പരാഗത വിഷയങ്ങളിലും സർവ്വകലാശാല അഫിലിയേറ്റഡ് കാമ്പസുകളിൽ കോഴ്സുകൾ നടത്തിവരുന്നു. ആനിമേഷൻ & ഗ്രാഫിക് ഡിസൈനിങ്, ആനിമേഷൻ & ഗ്രാഫിക് ഡിസൈൻ, ആനിമേഷൻ & വിഷ്വൽ ഇഫക്ട്സ്, മൾട്ടിമീഡിയ, ഓഡിയോഗ്രഫി & ഡിജിറ്റൽ എഡിറ്റിംഗ് തുടങ്ങിയ വിഷയങ്ങളിൽ ബിരുദമെടുക്കാൻ ഇവിടെ അവസരമുണ്ട്.

### പ്രധാന കോഴ്സുകൾ

**ബിരുദ കോഴ്സുകൾ**

ഇംഗ്ലീഷ് വിത്ത് ജേർണലിസം, കഥകളി സംഗീതം, കഥകളി വേഷം, സംസ്കൃതം, വിഷ്വൽ ആർട്സ്, ഫുഡ് ടെക്നോളജി, ഫാഷൻ ടെക്നോളജി, ഫിസിയോതെറാപ്പി, പെയിന്റിംഗ്, ആർക്കിയോളജി & മ്യൂസിയോളജി, ആനിമേഷൻ & ഗ്രാഫിക് ഡിസൈൻ, ചെണ്ട, ആനിമേഷൻ & വിഷ്വൽ ഇഫക്ട്സ്, അറബിക്, ഓഡിയോഗ്രഫി & ഡിജിറ്റൽ എഡിറ്റിംഗ്, ഭരതനാട്യം, ഡാൻസ്, കോർപ്പറേറ്റ് എക്കണോമിക്സ്, മാസ്



കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം, മൾട്ടിമീഡിയ, മൃദംഗം, മോഹിനിയാട്ടം, ടൂറിസം മാനേജ്മെന്റ്, വിഷ്വൽ കമ്മ്യൂണിക്കേഷൻ, ട്രാവൽ ആന്റ് ടൂറിസം, ഓഫീസ് മാനേജ്മെന്റ്, ക്ലിനിക്കൽ ന്യൂട്രിഷ്യൻ, ഇലക്ട്രോണിക്സ് വിത്ത് കമ്പ്യൂട്ടർ മെയിന്റനൻസ്, സൈബർ ഫോറൻസിക് തുടങ്ങിയവ.

**ബിരുദാനന്തര ബിരുദം**

സൈബർ ലോ ആന്റ് ഇന്റലക്ചൽ പ്രോപ്പർട്ടി റൈറ്റ്സ്, ഹ്യൂമൻ റൈറ്റ്സ്, സിനിമ &ടെലിവിഷൻ, എം എ അനിമേഷൻ, ആന്ത്രോപ്പോളജി, കഥകളി സംഗീതം, ഗാന്ധിയൻ സ്റ്റഡീസ്, മദ്ദളം, മോഹിനിയാട്ടം, സിറിയക് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, ബാങ്കിങ് ഇൻഷുറൻസ്, സോഷ്യൽ വർക്ക് (എം ഫിൽ) അപ്ലൈഡ് കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, ഡിസാസ്റ്റർ മാനേജ്മെന്റ്, പോളിമർ കെമിസ്ട്രി, പ്ലാന്റ് ബയോളജി, മെഡിക്കൽ സൈക്യാട്രിക് സോഷ്യൽ വർക്ക്, മെഡിക്കൽ സൈക്യാട്രി (എം എസ് ഡബ്ലിയൂ) തുടങ്ങിയ 200 ലധികം കോഴ്സുകൾ പഠിക്കാൻ അവസരമുണ്ട്.

# തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

### ഭാഷാപഠനം നവീനമേഖലകളിൽ

http://malayalamuniversity.edu.in

മലയാള ഭാഷാ പ്രോത്സാഹനത്തിനായി 2012 ൽ ആരംഭിച്ച മലയാളസർവകലാശാല കേരളത്തിന്റെ ഭാഷ, സാഹിത്യം, കലകൾ, സാംസ്കാരിക ആവിഷ്കാരങ്ങൾ, ബൗദ്ധിക പാരമ്പര്യങ്ങൾ എന്നിവ മനസ്സിലാക്കാനും ജനജീവിതത്തെക്കുറിച്ച് ആഴത്തിൽ പഠിക്കാനും, പുതിയ പരിപ്രേക്ഷ്യങ്ങൾ ആവിഷ്കരിക്കാനും അവബോധം സൃഷ്ടിക്കാനും ലക്ഷ്യമിടുന്ന കോഴ്സുകളാണ് ഇവിടെയുള്ളത്. ചലച്ചിത്ര രംഗത്തെ പ്രതിഭകളെ കുറിച്ച് പഠിക്കാനും സിനിമാചരിത്രം, സിദ്ധാന്തങ്ങൾ, ലോകസിനിമ, ഇന്ത്യൻസിനിമ, എന്നിവ മനസിലാക്കാനും എം.എ. ചലച്ചിത്ര പഠനം, പരിസ്ഥിതി പഠനം, സോഷ്യോളജി, ചരിത്രം താരതമ്യ സാഹിത്യ- വിവർത്തന പഠനം എന്നിവയിൽ ബിരുദ -ബിരുദാനന്തര പഠനത്തിന് ഇവിടെ അവസരമുണ്ട്.

**പ്രധാന ബിരുദാനന്തര കോഴ്സുകൾ**

ഭാഷാശാസ്ത്രം, ചലച്ചിത്ര പഠനം, മലയാളം, ഭാഷാശാസ്ത്രം, പൈതൃക പഠനം, എം.എ. ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ, വികസനപഠനവും തദ്ദേശവികസനവും, സോഷ്യോളജി, ചരിത്ര പഠനം, ഭാഷാശാസ്ത്രം, ഗവേഷണം, സംസ്കാര പൈതൃക പഠനം, മാധ്യമ പഠനം, ചലച്ചിത്രപഠനം, പരിസ്ഥിതി പഠനം, തദ്ദേശവികസനപഠനം.





**അഡ്വ. ജി.ആർ. അനിൽ**
ഭക്ഷ്യ, സിവിൽ സപ്ലൈസ്, ഉപഭോക്തൃകാര്യം, ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി

# ഓണക്കാലം ആമോദത്തോടെ

**എല്ലാവർക്കും സന്തോഷകരമായ ഓണം ഉറപ്പുവരുത്തുകയാണ് സംസ്ഥാന സർക്കാർ**

ലോകത്തെയും രാജ്യത്തെയും ഗ്രസിച്ച കോവിഡ് മഹാമാരിക്കാലത്ത് വേറെങ്ങുമില്ലാത്തവിധം ജനങ്ങളെ ചേർത്തു പിടിച്ച കേരളസർക്കാർ പ്രതിസന്ധികാലത്തെ ബദൽ എന്തെന്ന് രാജ്യത്തിന് മുന്നിലുംവച്ചു. രാജ്യമെങ്ങും അഭൂതപൂർവമായ വിലക്കയറ്റമുണ്ടായിക്കഴിഞ്ഞ ഇക്കാലത്തും കേരളം രാജ്യത്തിന് മുമ്പാകെ മറ്റൊരു മാതൃകയും മുന്നോട്ടുവെച്ചിട്ടുണ്ട്.

ഒന്നാം പിണറായി സർക്കാർ അധികാരമേറ്റ 2016 മേയ് മുതൽ അഞ്ചുവർഷം മലയാളികളുടെ നിത്യജീവിതത്തിന് അനുപേക്ഷണീയമായ 13 ഇനം അവശ്യവസ്തുക്കൾ യാതൊരു വിലവർധനവും കൂടാതെ കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപന ശാലകൾ വഴി നൽകണ്ടി വരുന്നു. 2021 മേയിൽ അധികാരത്തിൽ വന്ന രണ്ടാം പിണറായി സർക്കാരും ഇത് തുടരുകയാണ്.  ഈ സ്ഥിതി മാറ്റം കൂടാതെ മുന്നോട്ടു കൊണ്ടുപോകാൻ തന്നെയാണ് സർക്കാരിന്റെ തീരുമാനം. സബ്സിഡി  നൽകേണ്ടി വരുന്നതുമൂലം സപ്ലൈകോയ്ക്കുണ്ടാവുന്ന ഭീമമായ ബാധ്യത പരിഹരിക്കുന്നതിന് വിപണി ഇടപെടൽ ഇനത്തിൽ സർക്കാർ ബജറ്റിൽ തുക നീക്കിവയ്ക്കുന്നു.

മേൽപ്പറഞ്ഞ 13 ഇനം അവശ്യസാധനങ്ങൾ സപ്ലൈകോ വിൽപനശാലകളിൽ ലഭിക്കുന്ന (വിലയും) പൊതുവിപണിയിൽ ലഭ്യമാവുന്ന വിലയും തമ്മിലുള്ള അന്തരം ചുവടെ ചേർത്ത പട്ടികയിൽനിന്ന് വ്യക്തമാകും.

(വെളിച്ചെണ്ണ അര ലിറ്ററിനും മറ്റുള്ളവ ഒരു കി.ഗ്രാമി നുമാണ് വില കണക്കാക്കിയിട്ടുള്ളത്. പൊതുവിപണി വില ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുപ്രകാരവുമാണ്. )

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ മാവേലി സ്റ്റോറുകളും, സൂപ്പർ മാർക്കറ്റുകളും ഹൈപ്പർ

| ക്രമ നം. | ഇനം | നിലവിലെ സബ്സിഡി വില (രൂപയിൽ) | പൊതു വിപണി വില (രൂപയിൽ) | സപ്ലൈകോ വിലയും പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസം (രൂപയിൽ) | വ്യത്യാസം ശതമാനത്തിൽ |
|---|---|---|---|---|---|
| 1 | ചെറുപയർ | 74.00 | 114.14 | 40.14 | 35% |
| 2 | ഉഴുന്ന് ബോൾ | 66.00 | 123.29 | 57.29 | 46% |
| 3 | വൻകടല | 43.00 | 86.00 | 43.00 | 50% |
| 4 | വൻപയർ | 45.00 | 92.86 | 47.86 | 52% |
| 5 | തുവര പരിപ്പ് | 65.00 | 119.07 | 54.07 | 45% |
| 6 | മുളക് | 75.00 | 308.14 | 233.14 | 76% |
| 7 | മല്ലി | 79.00 | 164.21 | 85.21 | 52% |
| 8 | പഞ്ചസാര | 22.00 | 40.21 | 18.21 | 45% |
| 9 | വെളിച്ചെണ്ണ | 46.00 | 85.76 | 39.76 | 46% |
| 10 | ജയ അരി | 25.00 | 50.00 | 25.00 | 50% |
| 11 | കുറുവ അരി | 25.00 | 38.00 | 13.00 | 34% |
| 12 | മട്ട അരി | 24.00 | 42.64 | 18.64 | 44% |
| 13 | പച്ചരി | 23.00 | 32.00 | 9.00 | 28% |



മാർക്കറ്റുകളും, പീപ്പിൾസ് ബസാറുകളും മെഡിക്കൽ സ്റ്റോറുകളും അടക്കം 1630 വിൽപനശാലകൾ പ്രവർത്തിക്കുന്നു. രാജ്യത്തെങ്ങും ഇല്ലാത്ത വിധത്തിലുള്ള വിപണി ഇടപെടൽ ആണ് ഈ സംവിധാനം വഴി സംസ്ഥാനത്ത് നടക്കുന്നത്. ഇതിനു പുറമേയാണ് വിഷു, റംസാൻ, ഓണം, ക്രിസ്മസ് കാലങ്ങളിലെ ഉത്സവച്ചന്തകൾ. സംസ്ഥാനത്താകെ 21 ‘സഞ്ചരിക്കുന്ന മാവേലി’ സ്റ്റോറുകൾ സ്ഥിരമായി പ്രവർത്തിക്കുന്നു. അവശ്യസാധന ലഭ്യത കുറവാകുന്ന ഘട്ടത്തിൽ പ്രത്യേകമായി സഞ്ചരിക്കുന്ന വിൽപനശാലകൾ താൽക്കാലികമായി ക്രമീകരിക്കാറുമുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഒന്നാകെ ചേർന്നാണ് രാജ്യത്തിന് മാതൃകയായ വിധം വിലക്കയറ്റത്തെ പ്രതിരോധിക്കാൻ കേരളത്തിന് കഴിഞ്ഞത്.

## ഓണക്കാലത്തെ വരവേൽക്കാൻ

ജനങ്ങൾക്ക് ഓണക്കാലം സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ദിനങ്ങളാണ്. എല്ലാവർക്കും സന്തോഷകരമായ ഓണം സർക്കാർ ഉറപ്പുവരുത്തുകയാണ്. ഈ വർഷത്തെ ഓണത്തോടനുബന്ധിച്ച് എല്ലാ റേഷൻ കാർഡുടമകൾക്കും 13 ഇനം അവശ്യ സാധനങ്ങളും തുണിസഞ്ചിയും അടങ്ങിയ ഓണക്കിറ്റ് സൗജന്യമായി നൽകും.

ഓണക്കിറ്റിന് ഏകദേശം 465 കോടി രൂപ ചെലവ് വരും. ചിങ്ങം ഒന്നിന് ആരംഭിച്ച് ഓണത്തിന് മുൻപ് വിതരണം പൂർത്തിയാക്കും. ഈ വർഷത്തെ ഓണത്തിനോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ മുൻഗണനേതര റേഷൻ കാർഡുടമകൾക്കും സബ്സിഡി



| ക്രമ നമ്പർ | ഇനം | അളവ് |
|---|---|---|
| 1 | കശുവണ്ടിപ്പരിപ്പ് | 50 ഗ്രാം |
| 2 | മിൽമ നെയ്യ് | 50 മി.ലി. |
| 3 | ശബരി മുളക്പൊടി | 100 ഗ്രാം |
| 4 | ശബരി മഞ്ഞൾപ്പൊടി | 100 ഗ്രാം |
| 5 | ഏലയ്ക്ക | 20 ഗ്രാം |
| 6 | ശബരി വെളിച്ചെണ്ണ | 500 മി.ലി. |
| 7 | ശബരി തേയില | 100 ഗ്രാം |
| 8 | ശർക്കരവരട്ടി | 100 ഗ്രാം |
| 9 | ഉണക്കലരി | 500 ഗ്രാം |
| 10 | പഞ്ചസാര | 1 കി. ഗ്രാം |
| 11 | ചെറുപയർ | 500 ഗ്രാം |
| 12 | തുവരപ്പരിപ്പ് | 250 ഗ്രാം |
| 13 | പൊടി ഉപ്പ് | 1 കി. ഗ്രാം |
| 14 | തുണി സഞ്ചി | ഒരെണ്ണം |


നിരക്കിൽ 10 കിലോഗ്രാം അരിയും എ.എ.വൈ. വിഭാഗത്തിന് ഒരു കിലോഗ്രാം പഞ്ചസാരയും നൽകുന്നതാണ്.

സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ഈ വർഷം വിപുലമായ ഓണം ഫെയറുകൾ സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുന്നു. സപ്ലൈകോ വിൽപനകേന്ദ്രങ്ങളിലൂടെ ഗുണനിലവാരമുള്ള അവശ്യസാധനങ്ങൾ വിൽപന നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ ഓരോ സൂപ്പർ മാർക്കറ്റുകളിലും സെപ്റ്റംബർ മൂന്ന് മുതൽ ഏഴ് വരെ ഫെയറുകൾ നടത്തും. അതത് പ്രദേശത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ/കാർഷിക വിഭവങ്ങൾ എന്നിവ വിൽപന നടത്തുന്നതിനു വേണ്ട ക്രമീകരണങ്ങൾ ഫെയറുകളിൽ ചെയ്തിട്ടുണ്ട്. ഹോർട്ടികോർപ്പ്, മിൽമ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്നീ പൊതുസ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ മേളയിൽ വാങ്ങാനാകും.

കൂടാതെ ഈ വർഷം മുതൽ ഓണം, ക്രിസ്മസ്, റംസാൻ തുടങ്ങിയ ഉത്സവ സീസണുകളിൽ സപ്ലൈകോ സ്പെഷ്യൽ കിറ്റുകൾ തയ്യാറാക്കി വിതരണം നടത്തും. ഇതിന്റെ ഭാഗമായി ഈ വർഷത്തെ ഓണത്തോടനുബന്ധിച്ച് 1000 രൂപ വിലയുള്ള ഒരു ലക്ഷം സ്പെഷ്യൽ ഓണക്കിറ്റുകൾ തയ്യാറാക്കി വിൽപന നടത്തുന്നതിന് സപ്ലൈകോ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഓരോ ജില്ലയിലേയും റസിഡൻസ് അസോസിയേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സപ്ലൈകോ ഉദ്യോഗസ്ഥർ സന്ദർശിച്ച് ഓർഡറുകൾ ശേഖരിച്ച് യഥാസമയം ഉപഭോക്താക്കൾക്ക് നേരിട്ടെത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യും. സപ്ലൈകോ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ നിന്നും ഉപഭോക്താവിന് അവരവർക്ക് ആവശ്യമുള്ള സാധനങ്ങൾ ഓർഡർ നൽകുന്ന സമയത്ത് തന്നെ തിരഞ്ഞെടുക്കാൻ അവസരമുണ്ടായിരിക്കും. ഓരോ സൂപ്പർമാർക്കറ്റിലും മിനിമം 500 സ്പെഷ്യൽ ഓണക്കിറ്റുകൾ വിൽപന നടത്തും. കിറ്റുകളിലൂടെ സമ്മാന കൂപ്പണുകൾ ലഭ്യമാക്കും. ഓരോ 100 കിറ്റിനും ഒരു സമ്മാനവും ഉറപ്പാക്കും.

ഓണം ഉൾപ്പെടെയുള്ള ഉത്സവാഘോഷവേളകളിൽ പ്രത്യേകിച്ചും മറ്റ് സന്ദർഭങ്ങളിൽ പൊതുവായും അരി ഉൾപ്പെടെയുള്ള അവശ്യവസ്തുക്കളുടെ പൂഴ്ത്തിവെയ്പ് തടയാൻ അടിയന്തിരമായ റെയ്ഡുകൾ നടത്താൻ ജില്ലാകളക്ടർമാരോടും, പൊതുവിതരണ വകുപ്പുദ്യോഗസ്ഥരോടും കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. ഉപഭോക്തൃചൂഷണം തടയാൻ കർക്കശ നടപടികൾ സ്വീകരിക്കാൻ ലീഗൽ മെട്രോളജി വകുപ്പിനും നിർദേശം നൽകിയിട്ടുണ്ട്. നിക്ഷിപ്ത താൽപര്യക്കാരോട് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് സംസ്ഥാന സർക്കാരിനുള്ളത്.



# കാഴ്ചയുടെ ആവാസവ്യവസ്ഥ

കെ.പി. ജയകുമാർ


**എ ടി വാസുദേവൻ നായർ രചനയും സംവിധാനവും നിർവഹിച്ച ചലച്ചിത്രങ്ങളായ നിർമ്മാല്യം മുതൽ ഒരു ചെറുപുഞ്ചിരിവരെ ജീവിതത്തെക്കുറിച്ചുള്ള അന്വേഷണവും എത്തിച്ചേരലുമായിരുന്നു.**

കേരളത്തിലെ കാർഷിക ഭൂബന്ധങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കൊപ്പം ആണ് എം.ടി വാസുദേവൻ നായരുടെ സാഹിത്യവും കടന്നുവരുന്നത്. ഭൂവുടമ സമ്പ്രദായത്തിൽ നിന്ന് മുതലാളിത്തത്തിലേക്കുള്ള പരിവർത്തനഘട്ടം ആയിരുന്നു അതിന്റെ ചരിത്രസന്ദർഭം. ചരിത്രത്തിന്റെ ഈ സംക്രമണ ഘട്ടത്തെ അതിന്റെ സങ്കീർണ്ണതകളോടെ എംടിയുടെ കൃതികളിൽ വായിക്കാം. തകരുന്ന നാലുകെട്ടുകളിൽ നിന്ന്, ഫ്യൂഡൽ ഗൃഹാതുരത കളിൽ നിന്നകന്ന് ഇറങ്ങിനടക്കുന്ന കാലത്തിന്റെ സംഘർഷവും തറവാടുകളുടെ ശൈഥില്യവും ആ രചനകൾ അടയാളപ്പെടുത്തുന്നു. സാമൂഹ്യപരിവർത്തനങ്ങൾ കുടുംബ സ്വകാര്യ ജീവിതങ്ങളെയും വ്യക്തിയുടെ ആന്തരിക ജീവിതത്തെയും ആഴത്തിൽ കുഴമറിക്കുന്നു. സാമൂഹിക വ്യക്തിജീവിതത്തിന്റെ ആഭ്യന്തര കാഴ്ചകൾ മലയാള സിനിമയുടെ സാംസ്കാരിക മുദ്രയായി മാറുന്നതും ഇതേ കാലത്താണ്.

1965ൽ പുറത്തുവന്ന മുറപ്പെണ്ണ് കേരളത്തിന്റെ ഗ്രാമീണ ഭൂബന്ധങ്ങളെയും കാർഷിക കാലത്തെയും കാഴ്ചയിലേക്ക് കൊണ്ടുവന്നു. ഭൂപ്രഭുത്വത്തിൽ നിന്ന് മുതലാളിത്തത്തിലേക്ക് എന്നപോലെ ഗ്രാമീണ കാർഷിക ജീവിതത്തിൽ നിന്നും നാഗരിക, അർദ്ധ നാഗരികതയിലേക്കുള്ള സംക്രമണ ഘട്ടവും അതിന്റെ സംഘർഷങ്ങളും എംടിയുടെ ചലച്ചിത്രങ്ങളുടെ അന്തർധാരകൾ ആയിരുന്നു. ഭൂമിയിൽ അധ്വാനിച്ച് കുടുംബം പുലർത്തിയ മുറപ്പെണ്ണിലെ ബാലന്റെ ജീവിതം നഷ്ടങ്ങളുടെതാകുമ്പോൾ അമ്മാവന്റെ പണംകൊണ്ട് നഗരത്തിൽപോയി പഠിച്ച അനിയൻ എല്ലാം നേടുന്നവൻ ആകുന്നു. ബാലന് മുറപ്പെണ്ണായ ഭാഗിയെ നഷ്ടപ്പെടാൻ ഇടയാക്കുന്നത് അനിയന്റെ ഉദ്യോഗവും നാഗരിക ജീവിതവുമാണ്. നീലത്താമര, നഖക്ഷതങ്ങൾ, ആരൂഢം തുടങ്ങിയ ചലച്ചിത്രങ്ങളിലും ഗ്രാമം-നഗരം, കർഷകർ-ഉദ്യോഗസ്ഥർ എന്നീ ദ്വന്ദ്വങ്ങളുടെ സംഘർഷം കാണാം.

കാർഷികാവസ്ഥയിലേക്ക് പടരാൻ ആവാതെ ഫ്യൂഡലിസ്റ്റ്-കാർഷിക വ്യവസ്ഥയിൽ അതിജീവിക്കാ നാവാതെയും കുഴഞ്ഞുപോകുന്ന മനുഷ്യാവസ്ഥയുടെ ആഖ്യാനങ്ങളായിരുന്നു എം ടി വാസുദേവൻ നായരുടെ സംവിധാനത്തിൽ പുറത്തുവന്ന നിർമ്മാല്യം (1973), ബന്ധനം (1978), കടവ്(1991) എന്നീ ചലച്ചിത്രങ്ങളുടെയും പ്രമേയകേന്ദ്രം. മറ്റൊരർത്ഥത്തിൽ ബന്ധവിഛേദത്തിന്റെ നിതാന്തമായ മുറിവായിരുന്നു മഞ്ഞ് (1983). ബന്ധസംഘർഷങ്ങളുടെ ഇനിയും വേർതിരിച്ചെടുക്കാനാവാത്ത ഒരിഴ ഒരു ചെറുപുഞ്ചിരി (2000)യുടെ നേർത്ത വേദനയാണ്.





## അതിജീവിക്കാനാകാത്തവർ


പള്ളിവാളും കാൽച്ചിലമ്പും എന്ന ചെറുകഥയുടെ ചലച്ചിത്രാവിഷ്കാരമായിരുന്നു നിർമ്മാല്യം. അതിവേഗം മാറിമറിയുന്ന ഗ്രാമീണ കാർഷിക ജീവിതമാണ് നിർമാല്യത്തിന്റെ സ്ഥലം. സ്വയം സമ്പൂർണ്ണമായിരുന്ന ഗ്രാമം എന്ന ആവാസ വ്യവസ്ഥയ്ക്കുള്ളിൽ കാലപരിണാമത്തിന്റെ വിള്ളലുകൾ സൃഷ്ടിക്കുന്ന പ്രകൃതിക്ഷോഭങ്ങളെ അതിജീവിക്കാനാവാതെ പോകുന്ന മനുഷ്യരെ രേഖപ്പെടുത്തുകയായിരുന്നു ചലച്ചിത്രം. ക്ഷയിച്ച ക്ഷേത്രം, ദേവതയെ ഉപാസിച്ചും സ്വയം സമർപ്പിച്ചും ജീവിതം കെട്ടിപ്പടുക്കാമെന്ന അന്ത്യപ്രതീക്ഷ കൈവിടാത്ത വെളിച്ചപ്പാട്, പ്രതീക്ഷയറ്റ് വീട് വിട്ടുപോകുന്ന വെളിച്ചപ്പാടിന്റെ മകൻ അപ്പു, ജാതി ജീവിതത്തിന് പുറത്ത് മറ്റൊരു തൊഴിൽ ജീവിതം സ്വപ്നം കാണുന്ന ശാന്തിക്കാരൻ ബ്രഹ്മദത്തൻ, ഗ്രാമത്തിനപ്പുറം പ്രണയാതിർത്തികൾ അടഞ്ഞു പോകുന്ന വെളിച്ചപ്പാടിന്റെ മകൾ അമ്മിണി, വിശന്നുകരിയുന്ന മക്കളുടെ വയറിനേക്കാൾ വലിയ ലോകവും സദാചാരവുമില്ലെന്ന് ഒരുനിമിഷം തോന്നിപ്പോകുന്ന വെളിച്ചപ്പാടിന്റെ ഭാര്യ നാരായണി, മാറിമറിയുന്ന കാലത്തിന് മുമ്പേ സഞ്ചരിച്ച് മുതലാളിത്തത്തിന്റെ സാമ്പത്തികയുക്തിയിലേയ്ക്ക് ഫ്യൂഡൽ പാരമ്പര്യത്തെ ലയിപ്പിച്ച് അതിജീവിക്കുന്ന വല്യതമ്പുരാൻ എന്നിങ്ങനെ പലനിലകളുള്ള മനുഷ്യരുടെ പ്രതിനിധികളാണ് ഈ ചിത്രത്തിലെ കഥാപാത്രങ്ങൾ. തട്ടകത്തെ മുഴുവൻ മനുഷ്യരുടെയും സങ്കടങ്ങൾക്ക് പരിഹാരം കാണാൻ അലയുന്ന വെളിച്ചപ്പാടിന് സ്വന്തം വീട്ടിലെ ദാരിദ്ര്യത്തിന് പരിഹാരം കാണാനാകുന്നില്ല. ഉപാസിച്ച ദേവത തുണയ്ക്കുകയില്ലെന്ന തിരിച്ചറിവാണ് അയാളുടെ മരണത്തെ അഗാധമായ സാമൂഹിക വിമർശനമാക്കുന്നത്.

## ആൾക്കൂട്ടത്തിലെ ഏകാകികൾ

നഗരത്തിൽ ഗുമസ്തനായി ജോലിനോക്കുകയാണ് ബന്ധനത്തിലെ ഉണ്ണികൃഷ്ണൻ (സുകുമാരൻ). ആൾക്കൂട്ടത്തിനിടയിലും അയാൾ ഏകാകിയായിരുന്നു. സഹപ്രവർത്തകയായ സരോജിനിക്ക് (ശുഭ) ഉണ്ണികൃഷ്ണനോട് പ്രണയമാണ്, തന്റെ അനുരാഗം തിരികെ പ്രകടിപ്പിക്കുന്നതിന് അയാൾക്ക് കഴിയുന്നില്ല. തന്റെ അർദ്ധ സഹോദരിയുടെ കത്ത് ലഭിക്കുകയും നാട്ടിലേയ്ക്ക് മടങ്ങിപ്പോവുകയും ചെയ്യുന്ന ഉണ്ണികൃഷ്ണൻ സ്നേഹത്തിന്റെയും കരുതലിന്റെയും അർത്ഥം തിരിച്ചറിയുന്നു. സഹോദരിയുടെ വിവാഹം നടത്തി, തിരികെ ജോലിസ്ഥലത്തേയ്ക്ക് തിരിക്കുന്ന അയാളുടെ ഉള്ളിൽ സരോജിനിയോടൊത്തുള്ള ജീവിതമെന്ന സ്വപ്നമുണ്ട്. എന്നാൽ യാത്രയ്ക്കുമുമ്പ് സരോജിനിയുടെ വിവാഹ ക്ഷണക്കത്ത് അയാൾക്ക്

ലഭിക്കുന്നു. ആൾക്കൂട്ടത്തിലെ ഏകാന്തതയിലേക്ക് അയാൾ വന്നണയുകയാണ്. തിരസ്കാരത്തിന്റെയും അവഗണന യുടെയും കയ്പ്പേറിയ ഭൂതകാല മുണ്ടായിരിക്കുമ്പോഴും ഗ്രാമം ജീവിതത്തിന്റെ ചില നല്ലമുഹൂർത്തങ്ങൾ അയാൾക്ക് സമ്മാനിക്കുന്നു. നഗരം ആൾക്കൂട്ടത്തിലേയ്ക്കും ഏകാന്തതയിലേക്കും അയാളെ നാടുകടത്തുകയാണ്.




## സ്നേഹരഹിതമായ നഗരം

അന്യവും സ്നേഹരഹിതവുമായ നഗരം എന്ന ആശയമാണ് കടവ് എന്ന ചലച്ചിത്രത്തിന്റെയും പ്ര മേയധാര. അമ്മ ഉപേക്ഷിച്ച്, കൗമാരക്കാരനായ രാജു കടവിലെത്തുകയും ബീരാൻ എന്ന കടത്തുകാരന്റെ സഹായിയായി കൂടുകയും ചെയ്യുന്നു. അവിടെവച്ച് കണ്ടുമുട്ടുന്ന പെൺകുട്ടിയോട് അവന് ഇഷ്ടം തോന്നുന്നു. അമ്മയുടെ മരണത്തെ തുടർന്ന് ആ പെൺകുട്ടി കടവു കടന്ന് നഗരത്തിലെ ബന്ധുക്കളുടെ അടുത്തേയ്ക്ക് പോകുന്നു. ആ യാത്രയിൽ അവൾ രാജുവിനെ ക്ഷണിക്കുന്നുണ്ട്. കടത്തും വഞ്ചിയും ഉപേക്ഷിച്ച് പോകാൻ അവന് മനസ്സുവന്നില്ല. അവൾ പോയശേഷം വള്ളത്തിൽ നിന്ന് അവളുടെ പാദസരം അവന് ലഭിക്കുന്നു. അത് തിരികെ നൽകാനായി അവൻ കടവ് കടന്ന് നഗരത്തിലേക്ക് പോകുന്നു. ദിവസങ്ങൾ നീണ്ട തിരച്ചിലിനൊടുവിൽ പെൺകുട്ടിയെ അവൻ കണ്ടെത്തുന്നു. പക്ഷെ, മറ്റൊരു ജീവിതക്രമത്തിലേക്ക് വീണുപോയ അവൾ രാജുവിനെ തിരിച്ചറിയുന്നതായി ഭാവിച്ചില്ല, ആ പാദസരം തന്റേതല്ലെന്നും അവൾ പറയുന്നു. നിരാശനായ രാജു കടവിലേക്ക് മടങ്ങുന്നു. കടവ് പലതരം മനുഷ്യർ ഒത്തുകൂടുകയും യാത്രപോകുകയും വന്നുചേരുകയും ചെയ്യുന്ന ഇടമാണ്. കടവ് രണ്ടുദേശങ്ങളെ വിഭജിക്കുകയും ബന്ധിപ്പിക്കുകയും ചെയ്യുന്ന ഇടമാണ്. എവിടേക്കും പോകാനുള്ള ഇടം എന്നതിനേക്കാൾ, ഏത് തിരസ്കൃതർക്കും വന്നണയാവുന്ന ഇടമായി കടവ് മാറുന്നു.

## മനുഷ്യബന്ധങ്ങളുടെ പ്രഹേളിക

നഷ്ടബന്ധങ്ങളുടെ നിത്യവേദനയായിരുന്നു മഞ്ഞ്. മിശ്രയുമായുണ്ടാകുന്ന പ്രണയബന്ധവും വിമലയുടെ നിഷ്ഫലമാകുന്ന കാത്തിരിപ്പുമാണ് മഞ്ഞിന്റെ പ്രമേയം. ഭൂതവർത്തമാനങ്ങളുടെ കലർപ്പിലൂടെ മഞ്ഞുപോലെ ഉറഞ്ഞുപോയതോ വർണ്ണരഹിതമോ ആയ സ്ഥലരാശി യിൽ കഴിഞ്ഞുകൊണ്ട് വിമലയുടെ മനസ്സ് ഭൂതകാലത്തെ നിരന്തരം വീണ്ടെടുക്കുന്നു. അത് ചിലപ്പോൾ ഉടഞ്ഞുപോയ കുടുംബബന്ധങ്ങളുടെ ഓർമ്മകളായും, ഓരോ ഋതുവിലും വന്നുപോകുന്ന മനുഷ്യരുടെ വേർപാടുകളുടെ സ്മൃതികളായും വിഫലമാകുന്ന കാത്തിരിപ്പിന്റെ അന്ത്യത്തിലും വരുമെന്ന പ്രതീക്ഷയായും ചൂഴുന്നു. ശിഥിലമാകുന്ന മനുഷ്യബന്ധങ്ങളുടെ പ്രഹേളികയായിരുന്നു മഞ്ഞ്.

ഒരു ചെറുപുഞ്ചിരി ഈ പ്രഹേളികയെ അഴിച്ചെടുക്കുകയും ബന്ധങ്ങളുടെ ഗാഢസ്ഥലങ്ങളെ പുനരാനയിക്കുകയും ചെയ്യുന്നു. മനുഷ്യരും മനുഷ്യരും തമ്മിൽ മാത്രമല്ല, മനുഷ്യരും പ്രകൃതിയും തമ്മിൽപ്പോലും നിലനിൽക്കുന്ന ഗാഢവും ലീനവുമായ സ്നേഹത്തിന്റെയും കരുതലിന്റെയും കാൽപനികമായൊരു സ്ഥലം സങ്കൽപിക്കുകയായിരുന്നു എം ടി ഒരു ചെറുപുഞ്ചിരിയിൽ. ഏതേതു നാടുകളിൽ അലഞ്ഞുതിരിഞ്ഞാലും ഒടുവിൽ വന്നെത്തിനിൽക്കുന്ന വാസസ്ഥലമായി, ആവാസ വ്യവസ്ഥയായി ഗ്രാമം മാറുന്നു.

എം ടി വാസുദേവൻ നായർ തന്റെ ചലച്ചിത്രങ്ങളിൽ സ്വയം പൂർണ്ണമായൊരു ആവാസസ്ഥലം സങ്കൽപ്പിക്കുകയായിരുന്നു. ഫ്യൂഡൽ വ്യവസ്ഥിതിയുടെ തകർച്ചയും കാർഷിക മുതലാളിത്തത്തി ലേയ്ക്കുള്ള സംക്രമണവും ഭൗതിക യാഥാർത്ഥ്യത്തിനപ്പുറം വ്യക്തികളുടെ ജീവിത കാമനകളുടെ ആന്തരിക ഘടനയെ അതെങ്ങനെയെല്ലാം അപായപ്പെടുത്തുന്നു എന്ന അന്വേഷണമാണ് നിർമാല്യം മുന്നോട്ടുവച്ചത്. നഗരത്തിൽ വേരാഴ്ത്തിനിൽക്കാനാവാതെ ആടിയുലയുന്ന പുതുമ ധ്യവർഗത്തിന്റെ ആന്തോളനമായിരുന്നു ബന്ധനം. ഗ്രാമനഗര ദ്വന്ദ്വങ്ങൾക്കിടയിൽ, പോക്കുവരവുകളുടെ ജലപാതയിൽ കണ്ടുപിരിഞ്ഞു പോകുന്നവരുടെ മടക്കങ്ങളും തിരിച്ചുവരവില്ലാത്ത യാത്രകളും രേഖപ്പെട്ട ചരിത്രസ്ഥലമാണ് കടവ്. തോണിക്കാരൻ ചരിത്രകാരനും. അപൂർണ്ണമായ ഈ സ്ഥലരാശികളെ പൂരിപ്പിക്കുകയോ ഗ്രാമീണ കാർഷിക സമൃദ്ധിയുടെ ആത്മീയസ്ഥലം കണ്ടെടുക്കുകയോ ആണ് ഒരു ചെറുപുഞ്ചിരി. നിർമാല്യം മുതൽ കടവുവരെയുള്ള ചലച്ചിത്രങ്ങളിലോ, മഞ്ഞിലോ സംവിധായകൻ അനുഭവിച്ച സന്ദിഗ്ധതകൾ ഒരു ചെറുപുഞ്ചിരിയിൽ സമീകരിക്കുന്നു. ഇവിടെ ഗ്രാമം ആദിയുമന്ത്യവും ചേർത്തു കെട്ടിയ കർമ്മബന്ധങ്ങളുടെ കൂടാണ്. ആ കൂടുവിട്ട്, ഒരു സായാഹ്നയാത്രയുടെ ശാന്തതയോടെ കടന്നുപോകുന്ന കൃഷ്ണക്കുറുപ്പ്, മരണത്തെയല്ല, ജീവിതത്തെയാണ് സാക്ഷാത്കരിക്കുന്നത്.

മറ്റൊരർത്ഥത്തിൽ എം ടി വാസുദേവൻ നായർ രചനയും സംവിധാനവും നിർവഹിച്ച ചലച്ചിത്രങ്ങൾക്ക് ഒരു തുടർച്ച കൈവരുന്നതായി കാണാം. മനുഷ്യരുടെ ആവാസവ്യവസ്ഥയെക്കുറിച്ചുള്ള അന്വേഷണമായിരുന്നു അതിന്റെ കാതൽ. ഗ്രാമത്തിലും നഗരത്തിലും കടവിലും വിദൂരതയിലും ജീവിതമെന്ന പ്രഹേളികയുടെ പൊരുൾ തേടുകയായിരുന്നു അദ്ദേഹം. നിർമ്മാല്യത്തിൽ അത്യന്തം പകച്ചുപോകുന്ന ജീവിതം പലപല ഘട്ടങ്ങളിലൂടെ എത്തിച്ചേരുന്ന സ്വസ്ഥസ്ഥലമായി ഒരു ചെറുപുഞ്ചിരി മാറുന്നു. ●

# ഹിറ്റായി 'ലക്കി ബിൽ' ആപ്പ്




സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുറത്തിറക്കിയ 'ലക്കി ബിൽ' മൊബൈൽ ആപ്പിന് മികച്ച പ്രതികരണം. ആദ്യ മൂന്ന് ദിവസം കൊണ്ട് തന്നെ 13,429 ബില്ലുകളാണ് ആപ്പിൽ അപ്‌ലോഡ് ചെയ്യപ്പെട്ടത്. ആപ്പിൽ ബില്ലുകൾ അപ്‌ലോഡ് ചെയ്തവർക്കുള്ള പ്രതിദിന നറുക്കെടുപ്പിലെ വിജയികളായവരുടെ വിവരങ്ങൾ ചരക്ക് സേവന നികുതി വകുപ്പ് ഫെയ്സ്ബുക്ക് പേജിലും വെബ്സൈറ്റിലും ലഭ്യമാണ്. ആപ്പ് നോട്ടിഫിക്കേഷനായും അറിയിപ്പ് ലഭിക്കും. പ്രതിദിന നറുക്കെടുപ്പിലെ വിജയികൾക്ക് കുടുംബശ്രീ നൽകുന്ന1000 രൂപ യുടെ ഗിഫ്റ്റ് പാക്കറ്റ് 25 പേർക്കും, വനശ്രീ നൽകുന്ന1000 രൂപയുടെ ഗിഫ്റ്റ് പാക്കറ്റ് 25 പേർക്കും ലഭിക്കും. ഗിഫ്റ്റ് പാക്കറ്റുകൾ മൊബൈൽ ആപ്പിൽ നൽകിയിരിക്കുന്ന വിലാസത്തിലേക്ക് അയച്ച് നൽകും.

ബില്ലുകൾ അപ്‌ലോഡ് ചെയ്യുന്ന ഉപയോക്താക്കൾ ബില്ലിലെ വിവരങ്ങളും, മൊബൈൽ ആപ്പ് സ്വയം ബില്ലിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങളായ ജി.എസ്.ടി നമ്പർ, ബിൽ തീയതി, ബിൽ നമ്പർ, ബിൽ തുക എന്നിവ ഒത്ത് നോക്കി ശരിയാണെന്ന് ഉറപ്പാക്കിയ ശേഷം മാത്രമേ ബില്ലുകൾ സമർപ്പിക്കാവൂ. ആപ്പ് സ്വമേധയാ ശേഖരിക്കുന്ന വിവരങ്ങളിൽ തെറ്റുണ്ടെങ്കിൽ വിവരങ്ങൾ തിരുത്തി സമർപ്പിക്കണം. ആപ്പിലെ ബിൽ വിവരങ്ങളും ഒപ്പം സമർപ്പിക്കുന്ന ബില്ലിലെ വിവരങ്ങളും വ്യത്യസ്തമാണെങ്കിൽ തെറ്റായ ബില്ലുകൾ നറുക്കെടുപ്പിൽ നിന്ന് ഒഴിവാക്കും.

പ്രതിവാര നറുക്കെടുപ്പിലൂടെ കെ.ടി.ഡി.സി യുടെ മൂന്ന് പകൽ/ രണ്ട് രാത്രി വരുന്ന സൗജന്യ ഫാമിലി താമസസൗകര്യം 25 പേർക്ക് ലഭിക്കും. പ്രതി മാസ നറുക്കെടുപ്പിൽ ഒന്നാം സമ്മാനം നേടുന്ന ആൾക്ക് 10 ലക്ഷം രൂപയും, രണ്ടാം സമ്മാനം രണ്ട് ലക്ഷം രൂപ വീതം അഞ്ച് പേർക്കും, മൂന്നാം സമ്മാനം ഒരു ലക്ഷം രൂപ വീതം അഞ്ച് പേർക്ക് ലഭിക്കും, ബമ്പർ സമ്മാന വിജയിക്ക് 25 ലക്ഷം രൂപയുമാണ് മറ്റ് സമ്മാനങ്ങൾ. പ്രതിവർഷം അഞ്ച് കോടി രൂപയുടെ സമ്മാനങ്ങളാണ് ലക്കി ബിൽ ആപ്പ് ഉപയോക്താക്കൾക്ക് ലഭിക്കുന്നത്. പൊതുജനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ബില്ലുകൾ നേരിട്ട് വകുപ്പിന് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ലക്കി ബിൽ ആപ്പ് പുറത്തിറക്കിയത്.

മൊബൈൽ ആപ്പ് മുഖ്യമന്ത്രി പിണറായി വിജയ നാണ് ഉദ്ഘാടനം ചെയ്തത്. ലക്കി ബിൽ ആപ്പ് പൊതുജനങ്ങളെ ബില്ലുകൾ ചോദിച്ചു വാങ്ങാൻ പ്രേരിപ്പിക്കുന്നതും കൃത്യമായ ബില്ല് നൽകാൻ വ്യാപാരികളെ നിർബന്ധിതരാക്കുന്നതുമാണ്. ഇന്ത്യയിൽ തന്നെ ഇങ്ങനെ ഒരു സംരംഭം ആദ്യമായാണ് ഒരു സംസ്ഥാനം നടപ്പിലാക്കുന്നത്. വാണിജ്യ രംഗത്തെ അനഭിലഷണീയമായ പ്രവണതകൾ തടയാനും വ്യാപാരികൾക്ക് അവരുടെ വാണിജ്യ വിവരങ്ങൾ വെളിപ്പെടുത്താനും നികുതി കൃത്യമായി അടയ്ക്കാനും ആപ്പ് സഹായിക്കും. ആൻഡ്രോയിഡ് പ്ലാറ്റ്ഫോമിൽ ലഭ്യമായ ആപ്പ് ഒരു മാസത്തിനകം ഐ ഫോണിലും ലഭ്യമാക്കും. കേരള ഡിജിറ്റൽ സർവകലാശാലയാണ് ആപ്പ് വികസിപ്പിച്ചത്. പ്ലേ സ്റ്റോറിൽ നിന്നോ www.keralataxes.gov.in എന്ന വെബ്സൈറ്റിൽ നിന്നോ ലക്കി ബിൽ ആപ്പ് മൊബൈൽ ഫോണിൽ ഡൗൺലോഡ് ചെയ്യാം. ഉപഭോക്താവിന് ലഭിക്കുന്ന ജി.എസ്.ടി ബില്ലുകളുടെ ചിത്രമെടുത്ത് ആപ്പിൽ അപ്‌ലോഡ് ചെയ്യുകയാണ് വേണ്ടത്.




ദിപു വിജയ്
മാധ്യമപ്രവർത്തകൻ


# ഇല വീഴാ പൂഞ്ചിറ

## കോട്ടയത്തിന്റെ മിടുമിടുക്കി!

'ഇവിടുത്തെ കാറ്റാണു കാറ്റ്...
മലമൂടും മഞ്ഞാണു മഞ്ഞാണു മഞ്ഞ്...

**ഈ പാട്ട് ഇടുക്കിക്കു മാത്രമല്ല ഞങ്ങളുടെ നാടിനും ചേരുമെന്നു കോട്ടയംകാർക്കു കണ്ണുമടച്ചു പറയാം... നനുത്ത മഞ്ഞും നൂൽമഴയും ചൂളമടിച്ചുവീശുന്ന കിഴക്കൻ കാറ്റും കാണാക്കാഴ്ചകളുമായി സഞ്ചാരികൾക്കു ദൃശ്യവിരുന്നൊരുക്കുകയാണ് ഇലവീഴാപൂഞ്ചിറ.**

തിരക്കുകളിൽനിന്നെല്ലാം അകന്ന് ഒച്ചയനക്കങ്ങളില്ലാതെ പ്രകൃതിയുടെ മടിത്തട്ടിൽ ഒറ്റയ്ക്കിരിക്കാനാണു കൊതിക്കുന്നതെങ്കിൽ പോകേണ്ടത് അവിടേക്കുതന്നെയാണ്, ഇലവീഴാപൂഞ്ചിറയിലേക്ക്... അതെ, നോക്കെത്താദൂരത്തോളം നിറഭേദങ്ങളുടെ കാണാക്കാഴ്ചകളൊരുക്കുന്ന ഇലവീഴാപൂഞ്ചിറ...

കോട്ടയത്തുനിന്ന് 55 കിലോമീറ്ററാണ് ഇലവീഴാപൂഞ്ചിറയിലേക്ക്. ഏറ്റുമാനൂരും കിടങ്ങൂരും പിന്നിട്ട് മീനച്ചിലാറിന്റെ ഓരം ചേർന്ന് പാലായിലെത്തി, റബർമരങ്ങൾ അതിരിട്ട വഴിയിലൂടെയാണ് യാത്ര. പട്ടണത്തിന്റെ തിരക്കുകൾ പിന്നിടുന്നതോടെ ഗ്രാമക്കാഴ്ചകൾ തുറക്കുകയാണ്. റബറിനൊപ്പം മാങ്കോസ്റ്റിനും റമ്പൂട്ടാനും വരെ കായ്ച്ചുകിടക്കുന്ന കൃഷിയിടങ്ങൾ. റബർ നഷ്ടത്തിന്റെ കഥ പറഞ്ഞു തുടങ്ങിയതോടെ കൃഷിയിലും പുതുവഴിതേടുകയാണു നാട്ടുകാർ. പാലായിൽ നിന്ന് കൊല്ലപ്പള്ളി-നീലൂർ-മേലുകാവ് റൂട്ടിൽ സഞ്ചരിച്ച് കാഞ്ഞിരംകവലയിലെത്തി വലത്തേക്കു തിരിഞ്ഞാണ് നമുക്ക് ഇലവീഴാപൂഞ്ചിറയിലേക്കു പോകേണ്ടത്.... പോകേണ്ടത് എന്നല്ല, ശരിക്കും കയറിപ്പോകേണ്ടത് എന്നാണു പറയേണ്ടത്. ഇതുവരെയുള്ള ചെറിയ വളവും തിരിവുകളും വെറും ട്രെയ്‌ലർ മാത്രം.. ഇനിയാണു ശരിക്കുള്ള പടം! അതുകൊണ്ടുതന്നെ യാത്ര അവിടം മുതൽ ജീപ്പിലാക്കുന്നതാകും ഉചിതം. ശരിക്കുമുള്ള ഓഫ് റോഡ് ഡ്രൈവിങ്ങിന്റെ അനുഭവമാണ് കാത്തിരിക്കുന്നത്... മലമടക്കുകളിലേക്കു കയറിപ്പോകുന്ന ചെറിയ റോഡിലൂടെ ജീപ്പ് ഓടിത്തുടങ്ങി. വഴിയിൽ അധികം വാഹനങ്ങളും യാത്രക്കാരുമില്ല.... തനി നാട്ടിൻപുറത്തുകൂടിയാണു യാത്ര. മണ്ണിനോടും മഴയോടും പൊരുതി ജീവിതം കരുപ്പിടിപ്പിക്കുന്ന സാധാരണക്കാർ...

എട്ട് കിലോമീറ്റർ കയറ്റംകയറിയെത്തുന്നത് പൂഞ്ചിറയുടെ അരികിലേക്കാണ്. റോഡിന് ഇടതുവശത്തായി നീണ്ടുനിവർന്ന് വിശാലമായിക്കിടക്കുന്ന ചെറുതടാകം. പേരുപോലെ തന്നെ ഇലവീഴാപൂഞ്ചിറ തന്നെ... കാറ്റിന്റെ കുസൃതിയിലെങ്ങാനും പറപ്പിച്ചുകൊണ്ടുവന്ന ഒന്നോ രണ്ടോ ഇലകളൊഴിച്ച് ചിറയിലെങ്ങും ഒരിലപോലുമില്ല.. അടുത്തെങ്ങും ഒറ്റമരം പോലുമില്ലാത്തതുകൊണ്ട് ചിറയിൽ ഇല വീഴാൻ തരവുമില്ല. എപ്പോഴും വീശിയടിക്കുന്ന കാറ്റിൽ മരങ്ങൾ വളരില്ല. അതാവും ഇലവീഴാപൂഞ്ചിറയെന്ന പേര് ഈ സ്ഥലത്തിനു വരാൻ കാരണം.

മഴക്കാലത്ത് ജലസമൃദ്ധമാകുന്ന പൂഞ്ചിറയുടെ




വശങ്ങൾ കല്ലുകെട്ടി കൈവരികൾ സ്ഥാപിച്ച് മനോഹരമാക്കിയിട്ടുണ്ട്. പൂഞ്ചിറയുടെ കാഴ്ചകളും കണ്ടു നടക്കുമ്പോൾ വഴിയരികിൽ ചെറിയ അമ്പലം. അതും പിന്നിട്ട് എത്തുന്നത് വിശാലമായ പുൽമേട്ടിലേക്കാണ്... അവിടെ വലതുവശത്തായാണ് ഡി.ടി.പി.സിയുടെ റെസ്റ്റ്ഹൗസ് സ്ഥിതിചെയ്യുന്നത്. ഇടതുവശത്തേക്കുള്ള കല്ലുപാകിയ വഴി കയറിപ്പോകുന്നത് പോലീസ് വയർലെസ് സ്റ്റേഷനിലേക്കാണ്. താഴെനിന്നു നോക്കുമ്പോൾ ചെറിയ പൊട്ടുപോലെ വയർലസ് സ്റ്റേഷൻ ദൃശ്യമാകും. അടുത്തിടെ പുറത്തിറങ്ങിയ 'ഇലവീഴാപൂഞ്ചിറ' എന്ന സിനിമയിൽ കാണുന്ന അതേ വയർലസ് സ്റ്റേഷൻ തന്നെ. അവിടെ നടന്നു കയറിയെത്തുമ്പോഴേക്കു ക്ഷീണിക്കുമെങ്കിലും കാത്തിരിക്കുന്നത് കണ്ണിനു കുളിർമയേറുന്ന കാഴ്ചകളാണ്. നോക്കെത്താദൂരത്തോളം മലമടക്കുകൾ.... അവയ്ക്കിടയിൽ ഒരു വശത്ത് മാനത്തുനിന്നടർന്നു വീണപോലെ മലങ്കര ജലാശയം...ചെവിയിൽ ചൂളമടിച്ചു പായുന്ന തണുപ്പൻ കാറ്റ്. ഇടയ്ക്ക് കിന്നാരം പറഞ്ഞ് തൊട്ടുരുമ്മി മാഞ്ഞുപോകുന്ന കോടമഞ്ഞ്...

കോട്ടയം-ഇടുക്കി ജില്ലകളുടെ അതിർത്തികൂടിയാണിത്. വയർലെസ് സ്റ്റേഷനു സമീപത്തെ പാറയിൽ ജില്ലാ അതിർത്തി കൊത്തിയിരിക്കുന്നതു കാണാം. ഉദയാസ്തമനങ്ങൾ കാണാൻ പറ്റിയ ഇടം കൂടിയാണ് ഈ ചിറ. കന്യാകുമാരിപോലെ... എപ്പോൾവേണമെങ്കിലും കോട വന്നുമൂടാമെങ്കിലും തെളിഞ്ഞ കാലാവസ്ഥയിൽ കാഴ്ചയുടെ നവ്യാനുഭവം ഇവിടം സമ്മാനിക്കും. ഇല്ലിക്കൽകല്ലിന്റെയും തുമ്പിച്ചിമലയുടെയും വിദൂരദൃശ്യവും ഇവിടെനിന്ന് കാണാം. മാങ്കുന്നത്ത്, കടയന്നൂർ മലകൾക്കിടയിൽ സമുദ്രനിരപ്പിൽനിന്ന് 3200 അടി ഉയരത്തിലാണ് ഇലവീഴാപൂഞ്ചിറയുടെ നിൽപ്പ്. ഇത്ര ഉയരത്തിലായതിനാൽ അതിന്റേതായ അപകടങ്ങളുമുണ്ട്. ഇടിമിന്നൽ ഏറ്റവും കൂടുതൽ പതിക്കുന്ന സ്ഥലം കൂടിയാണിത്. മിന്നൽ മൂലമുള്ള അപകടമൊഴിവാക്കാൻ മഴക്കാലത്തുൾപ്പെടെ നിയന്ത്രണങ്ങളുമുണ്ട്.

വൈകുന്നേരമാകുന്നതോടെ കാഴ്ചകൾക്കു മാറ്റുകൂടും. കാണുന്നതിനെല്ലാം സ്വർണവർണം. താഴെ കുടയത്തൂരിൽ പരന്നുകിടക്കുന്ന ജലാശയം വെള്ളിവിതാനംപോലെ... തെളിഞ്ഞ കാലാവസ്ഥയാണെങ്കിൽ ആലപ്പുഴ, പത്തനംതിട്ട, തൃശൂർ ജില്ലകളും വരെ ഇവിടെനിന്നാൽ കാണാമത്രേ. സന്ധ്യ മയങ്ങുന്നതോടെ മലനിരകളിൽ വിളക്കുകൾ തെളിഞ്ഞുതുടങ്ങും. പള്ളിപ്പെരുന്നാളിന് അലങ്കാര ബൾബുകൾ തെളിയുംപോലെ ദൂരെ ചുറ്റുപാടും ചെറുവിളക്കുകൾ മിന്നും... ഇടുക്കി മലയിറങ്ങി മൂലമറ്റത്തെ അശോക ജംഗ്ഷനിലേക്കെത്തുന്ന വാഹനങ്ങളുടെ വെളിച്ചം... അപ്പോഴേക്കും കാറ്റിനും കാഠിന്യമേറും, തണുപ്പും... ഇനി മലയിറങ്ങാം. ഈ മായക്കാഴ്ചകൾ കണ്ട് മലയിൽ ഒരു രാത്രി തങ്ങാൻ ആഗ്രഹമുണ്ടെങ്കിൽ ഡി.ടി.പി.സി. അതിനുമുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. പതിനഞ്ചുപേർക്കോളം താമസിക്കാവുന്ന ഡി.ടി.പി.സിയുടെ റസ്റ്റ്ഹൗസ് ഇലവീഴാപൂഞ്ചിറയിലുണ്ട്. നേരത്തേ ബുക്ക്ചെയ്ത് പോകണമെന്നു മാത്രം.

വാഗമണ്ണും ഇല്ലിക്കൽകല്ലും ഇടുക്കിയുമെല്ലാം ഒരു വിളിപ്പാടകലെ മാത്രം. കോട്ടയത്തുനിന്നു മാത്രമല്ല, തൊടുപുഴയിൽനിന്നും എത്തിച്ചേരാൻ സൗകര്യപ്രദമായ വിനോദസഞ്ചാരകേന്ദ്രമാണ് ഇലവീഴാപൂഞ്ചിറ. തൊടുപുഴയിൽനിന്ന് 20 കിലോമീറ്റർ ദൂരമാണ് ഇവിടേക്കുള്ളത്. മുട്ടം, മൂലമറ്റം റൂട്ടിൽ സഞ്ചരിച്ച് കാഞ്ഞാറിലെത്തി അവിടെനിന്ന് വലത്തേക്കു തിരിഞ്ഞ് ഏഴു കിലോമീറ്റർ സഞ്ചരിച്ചാൽ ഇലവീഴാപൂഞ്ചിറയിലെത്താം. കാഞ്ഞാറിൽനിന്നു ജീപ്പുകളും ലഭിക്കും. തൊടുപുഴ, ഈരാറ്റുപേട്ട, മൂലമറ്റം, പാലാ എന്നിവയാണു സമീപത്തുള്ള ബസ് സ്റ്റേഷനുകൾ. ●




Date of Publication: 01.08.2022
RNI No.2014/58028 Price ₹12.00
To go with the flow, along slow-moving canals, to find deep journeys in little country boats, to catch the drift of conversations under quaint log bridges, and discover close-knit lives on distant islands.
HUMAN by NATURE
kerala
God's Own Country
keralatourism.org
Printed and Published by S Harikishore IAS, Director, Information Public Relations Department
on behalf of Government of Kerala and Printed at St.joseph's press, Thiruvananthapuram, Kerala.
Published from Information Public Relations Department, Govt.of Kerala, Government Secretariat, Thiruvananthapuram-695001
Editor: Jafar Malik IAS